POSTAL REG NO GDP-44/2017-2019

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam


വാല്യം 2

ലക്കം 37

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 സെപ്റ്റംബർ 14/ഹി:ശം:1396 തബൂക് 14 /ഹി:ഖ: 1438 ദുൽഹജ്ജ് 22


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 11-08-2017 ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ (ലണ്ടൻ)നിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാംപേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴുംഹുദൂർഅൻവറിന്റെസംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**ഡൂയി എന്ന് പേരുള്ള അമേരിക്കക്കാരൻ പ്രവാചകനാണെന്ന് വാദിച്ചിരുന്നു. ഇസ്ലാമിന്റെ കഠിനവിരോധിയായിരുന്നു. ഇസ്ലാമിനെ ഉന്മൂലനം ചെയ്യണമെന്നതായിരുന്നു അയാളുടെ ആഗ്രഹം. ഹദ്റത്ത് ഈസായെ ദൈവമായി വിശ്വസിച്ചിരുന്നു. ഞാനുമായി മുബാഹല (പ്രാർഥനാസമരം) നടത്താൻ ഞാൻ അദ്ദേഹത്തിനെഴുതിയിരുന്നു. അദ്ദേഹം പ്രാർഥനാസമരത്തിന് തയ്യാറായില്ലെങ്കിലും ദൈവം അയാളെ നശിപ്പിക്കുന്നതായിരിക്കുമെന്നും ഞാനെഴുതി.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**28.** ആത്മാറാമിന്റെ മക്കളുടെ മരണത്തെ സംബന്ധിച്ചുള്ള പ്രവചനമാണ് ഇരുപത്തിയെട്ടാമത്തെ ദൃഷ്ടാന്തം. 20 ദിവസംകൊണ്ട് അദ്ദേഹത്തിന്റെ രണ്ട് ആൺമക്കൾ മരണപ്പെട്ടു. ഈ പ്രവചനത്തിന്റെ പുലർച്ചക്ക് ഗുരുദാസ്പൂരിൽ എന്നോടൊപ്പം കേസിന് ഹാജരായിരുന്ന ഒരു സംഘമാളുകൾ സാക്ഷിയാണ്.

**29.** ഗുരുദാസ്പൂരിലെ എക്സ്ട്രാ അസിസ്റ്റന്റ്മജിസ്ട്രേട്ട് ലാലാ ചന്തുലാലിന്റെ അധഃപതനത്തെ സംബന്ധിച്ചുള്ള പ്രവചനമാണ് ഇരുപത്തിഒമ്പതാമത്തെ ദൃഷ്ടാന്തം. അങ്ങനെ അദ്ദേഹം ഗുരുദാസ്പൂരിൽനിന്ന് മുൾഥാനിലെ കോടതിയിലേക്ക് സ്ഥലംമാറിപോയി.

**30.** ഡൂയി എന്ന് പേരുള്ള അമേരിക്കക്കാരനെ സംബന്ധിച്ചുള്ളതാണ് മുപ്പതാമത്തെ ദൃഷ്ടാന്തം. അയാൾ പ്രവാചകനാണെന്ന് വാദിച്ചിരുന്നു. ഇസ്ലാമിന്റെ കഠിനവിരോധിയായിരുന്നു. ഇസ്ലാമിനെ ഉന്മൂലനം ചെയ്യണമെന്നതായിരുന്നു അയാളുടെ ആഗ്രഹം. ഹദ്റത്ത് ഈസായെ ദൈവമായി വിശ്വസിച്ചിരുന്നു. ഞാനുമായി മുബാഹല (പ്രാർഥനാസമരം) നടത്താൻ ഞാൻ അദ്ദേഹത്തിനെഴുതി. അദ്ദേഹം പ്രാർഥനാസമരത്തിന് തയ്യാറായില്ലെങ്കിലും ദൈവം അയാളെ നശിപ്പിക്കുന്നതായിരിക്കുമെന്നും ഞാനെഴുതിയിരുന്നു. ഈ പ്രവചനം അമേരിക്കയിലെ ധാരാളം പത്രങ്ങളിലും പ്രസിദ്ധീകരിക്കപ്പെട്ടു. നമ്മുടെ ഇംഗ്ലീഷ് മാസികയിലും പ്രസിദ്ധീകരിക്കപ്പെട്ടു. അവസാനം ഈ പ്രവചനത്തിന്റെ ഫലമായി ഇപ്പോൾ കിട്ടിയ ലക്ഷക്കണക്കിന് രൂപയുടെ സ്വത്ത് അദ്ദേഹത്തിന് നഷ്ടപ്പെട്ടു. വളരെ നിന്ദ്യതയുണ്ടായി. പക്ഷാഘാതത്തിന് അടിപ്പെട്ടു. ഒരു ചുവടുപോലും വെയ്ക്കാൻ പറ്റാത്ത നിലയിലായി. എല്ലായിടത്തും പൊക്കിയെടുത്തുകൊണ്ടാണ് പോയിരുന്നത്. ഇയാൾ ഇനി രക്ഷപ്പെടുകയില്ലെന്നും കുറച്ച് മാസങ്ങൾവരെ ജീവിച്ചാൽ ആയെന്നും ഡോക്ടർമാർ അഭിപ്രായപ്പെട്ടു.

**31.** ഡോക്ടർ മാർട്ടിൻ ക്ലാർക്ക് എനിക്കെതിരിൽ കൊടുത്ത കേസിൽ ഞാൻ മോചിതനാകുമെന്നുള്ള പ്രവചനമായിരുന്നു മുപ്പത്തിഒന്നാമത്തെ ദൃഷ്ടാന്തം. അയാൾ എനിക്കെതിരിൽ വധശ്രമ കുറ്റമാണ് ആരോപിച്ചത്. തുടർന്ന് ഞാൻ പ്രവചനമനുസരിച്ച് മോചിതനായി.

**32.** ടാക്സ് കേസിനെ സംബന്ധിച്ച പ്രവചനമാണ് മുപ്പത്തിരണ്ടാമത്തേത്. ദുഷ്ടരായ ചിലയാളുകൾ എന്നെ സംബന്ധിച്ച്, ആയിരക്കണക്കിന് രൂപയുടെ വരുമാനം എനിക്കുണ്ടെന്നും അതുകൊണ്ട് ടാക്സ് ഏർപ്പെടുത്തേണ്ടതാണെന്നുമുള്ള തെറ്റായ വാർത്ത ഇംഗ്ലീഷ് സർക്കാരിന് നല്കി. ഇക്കൂട്ടർ പരാജയപ്പെടുമെന്നും ഞാൻ മോചിതനാകുമെന്നുമുള്ള വിവരം അല്ലാഹു എന്നിൽ വെളിപ്പെടുത്തി. അത് അങ്ങനെതന്നെ സംഭവിച്ചു.

**33.** ഗുരുദാസ്പൂർ ഡെപ്യൂട്ടി കമ്മീഷണർ മിസ്റ്റർ ഡൂയി സാഹിബിന്റെ മുമ്പിൽ എന്നെ സംബന്ധിച്ച് എന്നെ ശിക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഒരു ക്രിമിനൽ കേസ് പോലീസ് എടുത്തണതാണ് മുപ്പത്തിമൂന്നാമത്തെ ദൃഷ്ടാന്തം. അത്തരം ശ്രമങ്ങൾ നടത്തുന്നവർ പരാജയപ്പെടുമെന്ന് അതുസംബന്ധമായി അല്ലാഹു എന്നോട് പറഞ്ഞു. അതങ്ങനെതന്നെ വെളിപ്പെട്ടു. അല്ലാഹു എന്നോട് പറഞ്ഞു: 'നാം വാളുകൊണ്ട് യുദ്ധം ചെയ്തു. അതിന്റെ ഫലമായി ശത്രു നശിപ്പിക്കപ്പെട്ടു. അവന്റെ എല്ലാ കാര്യഹേതുക്കളും നശിച്ചു.' ഇവിടെ ശത്രു എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ഒരു ഡെപ്യൂട്ടി ഇൻസ്പെക്ടറാണ്. അയാളാണ് അന്യായമായി കോടതിയിൽ കേസ് ചമച്ചുണ്ടാക്കിയത്. അയാൾ അവസാനം പ്ലേഗ് പിടിപെട്ട് മരിച്ചു.

**34.** മുപ്പത്തിനാലാമത്തെ ദൃഷ്ടാന്തം. എന്റെ ഒരു മകൻ മരണപ്പെട്ടിരുന്നു. എതിരാളികൾ അവരുടെ ശീലംപോലെ ആ മകൻ മരിച്ചതിൽ വലിയ സന്തോഷം പ്രകടിപ്പിച്ചു. അതിനുപകരം എത്രയും വേഗം മറ്റൊരു ആൺകുട്ടി ജനിക്കുന്നതായിരിക്കുമെന്ന് അപ്പോൾ അല്ലാഹു എനിക്ക് സുവാർത്ത നൽകി. അവന്റെ നാമം മഹ്മൂദ് എന്നായിരിക്കും. അവന്റെ നാമം ഒരു ഭിത്തിയിൽ എഴുതപ്പെട്ടിരിക്കുന്നത് എനിക്ക് കാണിക്കപ്പെട്ടു. അപ്പോൾ ഈ പ്രവചനം പച്ചനിറമുള്ള കടലാസിൽ പ്രസിദ്ധപ്പെടുത്തി ആയിരക്കണക്കിന് എന്റെ അനുയായികളിലും എതിരാളികളിലും ഞാൻ വിതരണം ചെയ്തു. ആദ്യത്തെ കുഞ്ഞ് മരിച്ച് 70 ദിവസം കഴിയുന്നതിനുമുമ്പേ ഈ ആൺകുട്ടി ജനിച്ചു. അവന്റെ പേര് മഹ്മൂദ് എന്ന് വെക്കപ്പെട്ടു.

**35.** ആദ്യത്തെ കുട്ടി മഹ്മൂദ് അഹ്മദ് ജനിച്ചതിനുശേഷം എന്റെ വീട്ടിൽ മറ്റൊരു ആൺകുട്ടി ജനിക്കുന്നതാണെന്ന് അല്ലാഹു എനിക്ക് സുവാർത്ത നൽകിയതാണ് മുപ്പത്തിയഞ്ചാമത്തെ ദൃഷ്ടാന്തം. അതും ജനങ്ങളുടെ ഇടയിൽ വിളംബരപ്പെടുത്തിയിരുന്നു. അങ്ങനെ രണ്ടാമത്തെ കുട്ടിയും ജനിച്ചു. അവന്റെ പേര് ബശീർ അഹ്മദ് എന്ന് വെക്കപ്പെട്ടു.

**36.** ബശീർ അഹ്മദിനുശേഷം മറ്റൊരു ആൺകുട്ടി ജനിക്കുമെന്ന് അല്ലാഹു എന്നെ സുവാർത്ത അറിയിച്ചതാണ് മുപ്പത്തിയാറാമത്തെ അടയാളം. അങ്ങനെ ആ സന്തോഷവാർത്തയും വിജ്ഞാപനത്തിലൂടെ ജനങ്ങളെ അറിയിച്ചു. അതിനുശേഷം മൂന്നാമത്തെ ആൺകുട്ടി പിറന്നു. അവന്റെ പേര് ശരീഫ് അഹ്മദ് എന്ന് വെക്കപ്പെട്ടു.

**37.** അതിനുശേഷം ഭാര്യ ഗർഭിണിയായിരിക്കുന്ന നാളുകളിൽ ഒരു പെൺകുട്ടിയെ സംബന്ധിച്ച് അല്ലാഹു സുവാർത്ത അറിയിച്ചതാണ് മുപ്പത്തിയേഴാമത്തെ ദൃഷ്ടാന്തം. അവളെ സംബന്ധിച്ച് പറഞ്ഞത് 'തുനശ്ശഉ ഫിൽ ഹിൽയത്തി'ആഭരണങ്ങളിൽ വളരുമെന്നാണ്. അതായത് കുട്ടിക്കാലത്ത് മരണപ്പെടുകയോ ദാരിദ്ര്യം കാണുകയോ ഇല്ല. അങ്ങനെ പെൺകുട്ടി പിറന്നു. അവളുടെ പേര് മുബാറക്കാ ബീഗം എന്ന് വെക്കപ്പെട്ടു. അവളുടെ ജനനത്തിന് 7 ദിവസം കഴിഞ്ഞ് അഖീഖ നടത്തുന്ന ദിവസം പ്രവചനമനുസരിച്ച് പണ്ഡിറ്റ് ലേഖ്റാം ആരുടെയോ കൈയാൽ വധിക്കപ്പെട്ടു എന്ന് അറിയാൻ കഴിഞ്ഞു. അപ്പോൾ ഒരേ സമയത്ത് രണ്ട് ദൃഷ്ടാന്തങ്ങൾ പുലരുകയായിരുന്നു.

**38.** പെൺകുട്ടി ജനിച്ചതിനുശേഷം എനിക്ക് മറ്റൊരു മകനെക്കുറിച്ച് സുവാർത്ത നല്കപ്പെതാണ് മുപ്പത്തിയെട്ടാമത്തെ ദൃഷ്ടാന്തം. ആ സുവാർത്ത പണ്ടേയുള്ള പതിവനുസരിച്ച് പ്രസിദ്ധീകരിക്കപ്പെട്ടു. പിന്നീട് ആൺകുട്ടി പിറന്നു. അവന്റെ പേര് മുബാറക്ക് അഹ്മദ് എന്ന് വെക്കപ്പെട്ടു.

**39.** മറ്റൊരു പെൺകുട്ടി പിറക്കുമെന്നും എന്നാൽ, അവൾ മരിച്ചുപോകുമെന്നും ദൈവവെളിപാടിലൂടെ എന്നോടു പറയപ്പെട്ടതാണ് മുപ്പത്തിയൊമ്പതാമത്തെ ദൃഷ്ടാന്തം. ആ ഇൽഹാം കാലെകൂട്ടിത്തന്നെ ഒരുപാടാളുകളോട് പറയപ്പെട്ടിരുന്നു. അങ്ങനെ ആ പെൺകുട്ടി പിറക്കുകയും കുറച്ചുമാസങ്ങൾക്കുശേഷം മരിക്കുകയും ചെയ്തു.

**40.** ആ പെൺകുട്ടിക്കുശേഷം മറ്റൊരു പെൺകുട്ടിയെ സംബന്ധിച്ച് സുവാർത്ത നല്കപ്പെട്ടതാണ് നാല്പതാമത്തെ ദൃഷ്ടാന്തം. അതിന്റെ വാക്കുകൾ ഇപ്രകാരമായിരുന്നു. 'ദുഖ്ത്തെ കറാം' (ദയാലുവായ മകൾ.) അങ്ങനെ ആ ഇൽഹാം അൽഹകം, അൽബദ്ർ പത്രങ്ങളലോ അല്ലെങ്കിൽ അതിൽ ഏതെങ്കിലും ഒന്നിലോ പ്രസിദ്ധീകരിക്കപ്പെട്ടു. അതിനുശേഷം ആ പെൺകുട്ടി പിറന്നു. അവളുടെ പേര് അമത്തുൽ ഹഫീള് എന്ന് വെക്കപ്പെട്ടു. ഇപ്പോഴും ജീവിച്ചിരിക്കുന്നു.

(ഹഖീഖത്തുൽ വഹ്യ് റൂഹാനീ ഖസായിൻ വാല്യം 2 പേജ് 226-228)

## 123-ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് 123-ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2017 ഡിസംബർ 29,30,31(വെള്ളി, ശനി, ഞായർ)തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനുംവേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

*(നാളിർ ഇസ്ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജർമൻ പര്യടനം ഏപ്രിൽ 2017

**അൽഅയ്ൻ മൊബൈൽ ഐ ക്ലിനിക്കിന്റെ ഉത്ഘാടനം,**
**ഈ മൊബൈൽ ഐ ക്ലിനിക്ക് ബെനിനിൽ ഉപയോഗിക്കുന്നതായിരിക്കും.**

**ജർമനി ഹ്യൂമാനിറ്റി ഫസ്റ്റ് ആഫ്രിക്കയിൽ ഹാന്റ് പമ്പുകളും നല്ക്കകളും നാട്ടുന്നതിന്റെ ഭാഗമായി വാങ്ങിച്ച ബോറിംഗ് റിഗ് ബാൻജലിലേക്കും(ഗാംമ്പിയ)ടോഗോയിലേക്കും അയക്കുന്നതാണ്.**

**വാഖ്ഫീനെ നൗവുമായി അ്മീറുൽമുഅ്മിനീന്റെ ക്ലാസ്**

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

**(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)**

**2017 ഏപ്രിൽ 22**

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഒരു സുപ്രധാന കാര്യമുണ്ട്. നിങ്ങൾ കർമരംഗത്ത് കാലത്തിന്റെ ഖലീഫയുടെ പ്രതിനിധികളാണ്. ഈ പ്രാതിനിധ്യത്തിന്റെ കടമ നിറവേറ്റേണ്ടവരാണ് നിങ്ങൾ. ഇതിൽ തർബിയ്യത്തും തബ്ലീഗും പെടുന്നുണ്ട്. ഒരുതരത്തിലുള്ള ലജ്ജയുടേയും ആവശ്യമില്ല. ഇവിടെ നിങ്ങൾ പദ്യശകലം എഴുതി പതിച്ചിട്ടുണ്ട്.

മഹ്മൂദ് കർകെ ഛോഡേംഗേ
ഹം ഹഖ് കോ ആശികാർ
റൂയെ സമീൻകോ ഖാ
ഹിലാനാ പഡേ ഹമേ

ഞങ്ങൾ സത്യത്തെ വെളിപ്പെടുത്തി സ്തുത്യർഹമായ സ്ഥാനത്ത് വെക്കുന്നതാണ്. ഭൂമുഖത്തെപിടിച്ച് ഞങ്ങൾക്ക് കുലുക്കേണ്ടിവന്നാലും.

ഭൂമുഖത്തെ എന്തുകുലുക്കാനാണെന്ന് ഞാൻ ചിലപ്പോൾ ചിന്തിച്ചിട്ടുണ്ട്. ചിലയാളുകൾ മാധ്യമത്തിന്റെ അല്പം സമ്മർദംകൊണ്ട് അല്ലെങ്കിൽ സമൂഹത്തിന്റെ സമ്മർദംകൊണ്ട് അല്ലെങ്കിൽ സ്വാതന്ത്ര്യത്തിന്റെ പേരിൽ രാജ്യങ്ങൾ ഉണ്ടാക്കിയിട്ടുള്ള തെറ്റായ നിയമങ്ങൾക്ക് വിധേയമായി വന്ന് വിവേകത്തോടെ പ്രവർത്തിക്കുന്നതിന് പകരം കാപട്യത്തോടെ പ്രവർത്തിക്കാൻ തുടങ്ങുന്നു. നമുക്ക് ഭൂമുഖത്തെ പിടിച്ചുകുലുക്കാൻ സാധിക്കുന്നത് നമ്മുടെ സ്വന്തം വിശ്വാസം ശക്തമാകുമ്പോഴാണ്. ആ ശക്തമായ ഈമാനോടുകൂടി നമ്മൾ ദുൻയാവിനെ നേരിടുമ്പോഴാണ്. സ്വവർഗ്ഗരതി ഒരു തിന്മയാണെന്ന് വിശുദ്ധഖുർആൻ പറയുമ്പോൾ അതിനെ നേരിടേണ്ടത് നമ്മളാണ്. എത്രമാത്രം ഭൗതികമായ നിയമങ്ങൾ പാസായിക്കൊണ്ടിരുന്നാലും ശരി സ്ത്രീകളിലും പുരുഷന്മാരിലും ഒരു വ്യത്യാസമുണ്ടെന്നും അവർ തമ്മിൽ വേറിട്ട് നില്ക്കണമെന്നും അവർ പരസ്പരം കൈകൊടുക്കാൻ പാടില്ലെന്നും ഇസ്ലാം പറയുകയാണെങ്കിൽ നിങ്ങൾക്ക് തന്റേടത്തോടുകൂടി പ്രവർത്തിക്കേണ്ടതായി വരും. ഇതുപോലെതന്നെ മറ്റു ചില അവകാശങ്ങളുമുണ്ട്. സ്വാതന്ത്ര്യത്തിന്റെ പേരിൽ ആളുകൾ മോശക്കാരാകുകയാണെങ്കിൽ അവരെ അതിൽനിന്ന് രക്ഷപ്പെടുത്തുന്നതിന് നിങ്ങൾ നിങ്ങളുടേതായ പങ്കു വഹിക്കേണ്ടതാണ്. അല്ലാതെ നന്മയുടെ പേരിൽ കാപട്യം കാണിക്കാൻ പാടില്ല. നന്മയും കാപട്യവും തമ്മിൽ വലിയ അന്തരമുണ്ട്. നന്മ എന്നു പറയുന്നത് ഒരു കാര്യത്തെ നിങ്ങൾ യുക്തിയോടുകൂടി വിവരിക്കുന്നതിനാണ്. പക്ഷേ, ദൗർബല്യം കാണിക്കാൻ പാടില്ല. ആരെങ്കിലുമായി പോരാടുമ്പോൾ 'അതേ! അത് ശരിതന്നെയാണ് ഞങ്ങളത് അംഗീകരിക്കുന്നു' എന്ന് തുടങ്ങിയ കാര്യങ്ങൾ പറയുന്നത് ശരിയല്ല. അത് ഇസ്ലാമികാധ്യാപനങ്ങൾക്ക് വിരുദ്ധമാണ്. ഇത് നമ്മുടെ ഉദ്ദേശ്യവുമല്ല. അടിപിടിയുണ്ടാകുമെന്നുള്ള ഭയമുണ്ടെങ്കിൽ അവിടെനിന്ന് എഴുന്നേറ്റുപോയ്ക്കൊള്ളണം. എന്തായാലും നമ്മൾ വഴക്കിടാൻ പാടില്ല. പക്ഷേ, നിലപാടുണ്ടല്ലോ, അത് നമ്മുടെ അടിസ്ഥാനപരമായ അധ്യാപനമാണ്. അത് നമുക്ക് അല്ലാഹുവും അവന്റെ റസൂലും കല്പിച്ചിട്ടുള്ളതാണ്. അവയിലും നമ്മൾ ഒരിക്കലും പിന്നാക്കം പോകാൻ പാടില്ല. ഒരു വാർത്തയാകട്ടെ, പത്രങ്ങളുടെമേൽ പത്രങ്ങൾ നിങ്ങൾക്കെതിരിൽ കോളമെഴുതാൻ തുടങ്ങട്ടെ എന്നാലും നിങ്ങൾ നിങ്ങളുടെ നിലപാടിൽ ഉറച്ചുനില്ക്കേണ്ടതാണ്. അവയെ ഒരിക്കലും ഗൗനിക്കാൻ പാടില്ല. അതിനെക്കുറിച്ച് ചിന്താകുലരാകേണ്ട ആവശ്യവുമില്ല. നമ്മൾ അവർ പറയുന്ന കാര്യങ്ങൾ അംഗീകരിച്ചില്ലെങ്കിൽ നമുക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശം അല്ലെങ്കിൽ ഇസ്ലാമിന്റെ സന്ദേശം എത്തിക്കാൻ കഴിയുകയില്ല എന്ന സന്ദേഹവും വേണ്ട. ഇസ്ലാമിന്റെ സന്ദേശം എന്തായാലും എത്തേണ്ടതുതന്നെയാണ്. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഞാൻ നിന്റെ തബ്ലീഗിനെ ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കുമെന്ന് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ഇൽഹാമിലൂടെ പറഞ്ഞിട്ടുള്ളതാണ്. അല്ലാഹു ഈ വാഗ്ദാനം നല്കിയിട്ടുള്ള സ്ഥിതിക്ക് നമ്മൾ അതിനെപറ്റി പിന്നെന്ത് ചിന്തിക്കാനാണ്. 'ഞാനും എന്റെ റസൂലും വിജയിക്കുകതന്നെ ചെയ്യുമെന്ന്' അല്ലാഹു വിശുദ്ധഖുർആനിലും പറഞ്ഞിരിക്കുന്നു. ഇത്രമാത്രം വാഗ്ദാനമുള്ളപ്പോൾ നമ്മുടെ സന്ദേശം എത്തുമോ എന്നുള്ളതിനെസംബന്ധിച്ച് നമുക്ക് ഒരുതരത്തിലുള്ള ഭയത്തിന്റേയും ആവശ്യമില്ല. അത് ബുദ്ധിപരമായ കാര്യവുമല്ല. അത് ഭീരുത്വമാണ്. ഒരു മുബല്ലിഗിൽനിന്ന് ഒരു മുറബ്ബിയിൽനിന്ന് എന്നല്ല ഭാരവാഹികളിൽനിന്നുപോലും ഇത്തരം ഭീരുത്വത്തിന്റെ പ്രകടനം ഉണ്ടാകാൻ പാടില്ല. അപ്പോഴാണ് നിങ്ങൾ കാലത്തിന്റെ ഖലീഫയുടെ പ്രാതിനിധ്യത്തിന്റെ ശരിയായ കടമ നിറവേറ്റുന്നവരാകുന്നത്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: പിന്നീട് നിങ്ങൾ കർമനിരതരായ ആലിമീംകളാണെന്ന ബോധവും ജമാഅത്തംഗങ്ങൾക്ക് നല്കേണ്ടതാണ്. മിമ്പറിൽ നിന്നുകൊണ്ട് പ്രസംഗങ്ങൾ നടത്തുകയും എന്നാൽ, തന്റെ ഊഴം വരുമ്പോൾ നിലവാരം തികച്ചും മാറിപ്പോകുകയും ചെയ്യുന്ന മൗലവിമാരെ പോലെ അല്ല നിങ്ങൾ. മറിച്ച് എന്താണോ പറയുന്നത് അത് ചെയ്തുകാണിക്കുന്നവരാണ്. നിങ്ങൾ ജമാഅത്തിന്റെ ഓരോ വ്യക്തിയിലും ഈ ബോധമുണ്ടാക്കുകയാണെങ്കിൽ ജമാഅത്തംഗങ്ങളുടെ ഉള്ളിൽ നിങ്ങളോടുള്ള ആദരവ് പലയിരട്ടി വർധിക്കുന്നതായിരിക്കും. ആദരവ് ഏതെങ്കിലും ഭൗതികമായ സുഖസൗകര്യംമൂലമല്ല ഉണ്ടാകുന്നത്. അത് സദുദ്ദേശ്യംകൊണ്ട് വർധിക്കുകയുമില്ല. ആദരവ് അല്ലാഹു നല്കേണ്ടതാണ്. അതുണ്ടാകുന്നത് നിങ്ങളുടെ വാക്കും പ്രവൃത്തിയും ഒരുപോലെയാകുന്ന അവസരത്തിലാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇപ്രകാരം കർമരംഗത്ത് പ്രവർത്തനപരമായ ചില കാര്യങ്ങൾ നിങ്ങളുടെ മുമ്പിൽ വരുന്നതാണ്. അവയിൽ നിങ്ങൾ എപ്പോഴും ചിന്തിച്ചും ആലോചിച്ചും തീരുമാനമെടുക്കണം. അത് ജമാഅത്തിന്റെ ഗുണത്തിനുവേണ്ടിയായിരിക്കും. ഉദാഹരണത്തിന് ചെലവുകൾ തുടങ്ങിയവ. നിങ്ങൾ ചെലവുചുരുക്കി പ്രവർത്തിച്ചു കാണിക്കുന്നിടത്ത് ഭാരവാഹികൾക്കും നിങ്ങളുടെ ജോലി ചെലവുചുരുക്കിക്കൊണ്ടുള്ളതാകണമെന്ന് മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. നമ്മളൊരു ദരിദ്രജമാഅത്താണ്. കുറച്ചാളുകളുടെ ചന്ദകൾകൊണ്ടാണ് നമ്മുടെ ചെലവുകൾ പൂർത്തിയാക്കപ്പെടുന്നത്. ജമാഅത്തിലെ ഭൂരിഭാഗം ആളുകളും ദരിദ്രരാണ്. അല്ലെങ്കിൽ അവർ ഒരുപാട് സമ്പന്നരാണെന്ന് നമുക്ക് പറയാൻ കഴിയില്ല. അതുകൊണ്ട് നിങ്ങൾക്ക് ഇക്കാര്യത്തെക്കുറിച്ച് ബോധമുണ്ടായിരിക്കണം. നമ്മുടെ പക്കൽവരുന്ന ചന്ദകൾ നോക്കുമ്പോൾ ചെലവുകൾ ഏറ്റവും കുറഞ്ഞതായിരിക്കണം. കുറഞ്ഞ ചെലവിൽ കൂടുതൽ കൂടുതൽ ഗുണങ്ങൾ ഉണ്ടാക്കേണ്ടതാണ്. എക്കണോമിക്സിന്റെ ഒരു അടിസ്ഥാനനിയമമാണിത്. വിജയം എന്നു പറയുന്നത് കുറഞ്ഞചെലവിൽ ഏറ്റവും കൂടുതൽ ഫലമെടുക്കുക എന്നതാണ്. അതുകൊണ്ട് നിങ്ങളും ഇക്കാര്യം എപ്പോഴും ഓർമവയ്ക്കേണ്ടതാണ്. നമ്മുടെ പദ്ധതികൾ വളരെ വലുതാണ്. ഇൻശാഅല്ലാഹ് അല്ലാഹു അത് പൂർത്തീകരിക്കുന്നതാണ്. കാരണം അല്ലാഹുവിന്റെ വാഗ്ദാനമുണ്ട്. പക്ഷേ, അതിനുവേണ്ടി നമ്മളും ശ്രമിക്കേണ്ടതാണ്. അല്ലാഹു നമുക്ക് നല്കിയിട്ടുള്ള മാർഗങ്ങളും മാധ്യമങ്ങളും ഉപയോഗിച്ച് നമ്മൾ ഈ വൻപദ്ധതികൾ കരസ്ഥമാക്കേണ്ടതാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: ജമാഅത്തിന്റെ ആദരവും മഹത്ത്വവും ശ്രദ്ധിക്കേണ്ടതാണ്. ഈ ജമാഅത്തിന്റെ ആദരവിനേയും മഹത്വത്തേയും ശ്രദ്ധിക്കേണ്ടത് ഓരോമുറബ്ബിയുടേയും മുബല്ലിഗിന്റേയും വാഖ്ഫെ സിന്ദഗിയുടേയും ഏറ്റവും വലിയ ജോലിയാണ്. എപ്പോഴും നിങ്ങളുടെ മുമ്പിൽ ജമാഅത്തിന്റെ ആദരവിന്റേയും മഹത്വത്തിന്റെയും അന്തസ്സിന്റേയും ചോദ്യം ഉണ്ടായിരിക്കേണ്ടതാണ്. ഇതുണ്ടാകുന്നത് ഞാൻ മുമ്പേയും പറഞ്ഞതുപോലെ നിങ്ങളുടെ ഓരോ നിമിഷവും നിങ്ങളുടെമേൽ ദൃഷ്ടി പതിപ്പിച്ചുകൊണ്ട് ചെലവഴിക്കുമ്പോഴായിരിക്കും. നിങ്ങളുടെ ആരാധനകളുടെ നിലവാരം ഉയരുന്നിടത്ത് നിങ്ങളുടെ സൽസ്വഭാവവും ഉയർന്നതായിരിക്കണം. നിങ്ങളുടെ എല്ലാ കാര്യങ്ങളും ഒരു മാതൃകാപരമായ സ്വഭാവത്തിന്റെ പങ്കുവഹിക്കുന്നതായിരിക്കണം. വീട്ടിലാണെങ്കിൽ കുടുംബപരമായ നിലയിൽ നിങ്ങൾ ഉത്തമ മാതൃകയാവണം. വെളിയിലാണെങ്കിൽ സംസാരിക്കുമ്പോഴും ഞാൻ മുമ്പേ പറഞ്ഞതുപോലെ ഉന്നതമായ മാതൃക ഉണ്ടാകണം. നിങ്ങളുടെ വസ്ത്രങ്ങളിൽ ഉന്നത മാതൃകയുണ്ടാകണം. ഓരോ വ്യക്തിയും നിങ്ങളെ കണ്ടുകൊണ്ട് പറയണം ജമാഅത്തിന്റെ സത്യസന്ധമായ പ്രാതിനിധ്യം വഹിക്കുന്നവരാണ് ഇക്കൂട്ടരെന്ന്. ജമാഅത്തിന്റെ യഥാർഥമായ പ്രാതിനിധ്യം വഹിക്കുന്നവരിൽനിന്ന് ജമാഅത്തിന് ഗുണത്തിന് വിരുദ്ധമായി ഒരു ചലനവും ഉണ്ടാവുകയില്ല. ഇവർ തങ്ങളുടെ അഭിമാനത്തെ പിന്നിലാക്കിയാലും ജമാഅത്തിന്റെ അഭിമാനത്തിലും മഹത്ത്വത്തിലും ഒരിക്കലും വ്യത്യാസമുണ്ടാകാൻ അനുവദിക്കുകയില്ല. ഈ നിലവാരമാണ് നിങ്ങൾ കരസ്ഥമാക്കേണ്ടത്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തിനോട് പറഞ്ഞു, 'നിങ്ങൾക്ക് ഒരു ഉദ്ദേശ്യലക്ഷ്യമുണ്ടായിരിക്കേണ്ടതാണ്. ആ ഉദ്ദേശ്യലക്ഷ്യമെന്താണ്? *ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തഈൻ ഇഹ്ദിനസ്സിറാത്തൽമു*

ശേഷം പേജ് 9ൽ

# ഖുത്ബ ജുമുഅ

ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ബയ്അത്തിൽ ഉൾപ്പെടുന്ന ഓരോ അഹ്മദിയും ആധ്യാത്മികവും ധാർമികവും വൈജ്ഞാനികവും വിശ്വാസപരവുമായ അഭിവൃദ്ധിക്കുവേണ്ടി ഒരു പ്രതിജ്ഞ ചെയ്യുന്നുണ്ട്. ഇക്കാലഘട്ടത്തിൽ അല്ലാഹു നമുക്ക് എം.ടി.എ തന്നനുഗ്രഹിച്ചിരിക്കുന്നതു കൊണ്ട് ജമാഅത്തുപരമായ പരിപാടികൾ, ജൽസകൾ, സമ്മേളനങ്ങൾ ഖുത്ബകൾ സർവോപരി ആഗോള ബയ്അത്തിൽ എം.ടി.എയും ഇന്റർനെറ്റും മുഖേന ലക്ഷക്കണക്കിനാളുകൾ പങ്കെടുക്കുന്നു. അതുകൊണ്ട് ജന്മനാ അഹ്മദിക്കോ സ്വന്തമായ നിലയിൽ ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ ചേർന്ന ആൾക്കോ ബയ്അത്തിന്റെ നിബന്ധനകളെക്കുറിച്ച് അറിയില്ലെന്ന് പറയാനാവില്ല. അതിനാൽ ബയ്അത്ത് ചെയ്തതിനുശേഷം അതിന്റെ വിശദാംശങ്ങൾ അറിയേണ്ട ആവശ്യകതയാണുള്ളത്. ബയ്അത്ത് പ്രതിജ്ഞ മുന്നിൽവെക്കുക.

**നമ്മൾ പരിശോധിക്കുകയാണെങ്കിൽ ബയ്അത്ത് ചെയ്തിട്ടും അതനുസരിച്ചു പ്രവർത്തിക്കാത്തവരായി നല്ലൊരുവിഭാഗമാളുകൾ നമ്മുടെ ഉള്ളിലുമുള്ളതായി കാണാം.**

**അഹ്മദി വക്കീലുമാരും ഇരുകക്ഷികളും തങ്ങളുടെ അനുസരണ പ്രതിജ്ഞയ്ക്കും ദൈവഭയത്തിനും സ്വാർഥതാൽപര്യങ്ങളെക്കാൾ പ്രാമുഖ്യം കല്പിക്കേണ്ടതാണ്.**

**ശാഠ്യം പിടിച്ചുകൊണ്ട് കലഹങ്ങളെ നീട്ടിക്കൊണ്ടു പോകുന്നതിനു പകരം അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി തന്റെയുള്ളിൽ സൗമ്യത ഉണ്ടാക്കി ജമാഅത്ത് വ്യവസ്ഥിതിയിലോ ഖളായിലോ പ്രശ്നം കൊണ്ടു വരിക എന്നതാണ് ഒരു വിശ്വാസിയുടെ ജോലി. നമ്മൾ പരസ്പരം സഹോദരന്മാരാണ്, തെറ്റുധാരണകളെയും വ്യർഥമായ പരാതികളെയും അകറ്റിക്കൊണ്ട് പരസ്പരം പ്രീതിയോടും സ്നേഹത്തോടും കൂടി ജീവിക്കേണ്ടതാണ്.**

പ്രശ്നങ്ങൾ നല്ല രീതിയിൽ പരിഹരിക്കണമെങ്കിൽ ദുർവാശികൾ ഉപേക്ഷിക്കേണ്ടതായി വരും. എന്നല്ല ചില സന്ദർഭങ്ങളിൽ വഴക്കുകൾ അവസാനിപ്പിക്കുന്നതിനുവേണ്ടി അവകാശിയാണെങ്കിൽത്തന്നെയും അത് ലഭിക്കുന്നതിനുവേണ്ടി എതിർ കക്ഷിക്ക് സൗകര്യം നല്കേണ്ട ആവശ്യവുമുണ്ട്. ചിലപ്പോൾ ഒരു പരിധിവരെ തന്റെ അവകാശം ഉപേക്ഷിക്കേണ്ടിയും വരും

അതുകൊണ്ട് അല്ലാഹുവിന്റെ കാരുണ്യവും പൊറുക്കലും ആകർഷിച്ചെടുക്കുന്നതിന് നാം ദുൻയാവിലെ പ്രശ്നങ്ങളിൽ പരസ്പരം മൃദുഭാവത്തോടും ദയാവായ്പോടുംകൂടി പെരുമാറേണ്ടതാണ്. അല്ലാതെ, ബലാൽക്കാരത്തിന്റേയും പിടിത്തത്തിന്റേയും സ്വന്തം അവകാശത്തിന്റേയും ചിന്ത മാത്രം ആയിരിക്കരുത് ഇതെല്ലാം അല്ലാഹുവിന്റെ ഫള്ലാണ്. നമ്മുടെ പരിശ്രമം വളരെ നിസാരമാണ്.

പരസ്പരമുള്ള ഇടപാടുകളേയും കടം വാങ്ങുന്നതിന്റേയും വീട്ടുന്നതിന്റേയും കാര്യങ്ങളിൽ സത്യസന്ധതയോടും വിശ്വസ്തതയോടുംകൂടി കാര്യങ്ങൾപാലിക്കേണ്ടതിന്റേയും ഖളായുടെ തീരുമാനങ്ങൾ അംഗീകരിക്കേണ്ടതിന്റേയും ശാഠ്യവും ദുർവാശിയും ഉപേക്ഷിക്കേണ്ടതിന്റേയും പ്രാധാന്യത്തെ കുറിച്ച് വിശുദ്ധ ഖുർആന്റേയും തിരുഹദീഥുകളുടേയും അടിസ്ഥാനത്തിൽ ഇസ്ലാമികാധ്യാപനങ്ങളെ കുറിച്ചുള്ള ചർച്ചയും ജമാഅത്തിനുള്ള ഉപദേശവും.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2017 ആഗസ്റ്റ് 11/ 1396 ളുഹൂർ 11**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ(യു.കെ)**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ-بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ-الرَّحْمٰنِ الرَّحِيْمِ-مٰلِكِ يَوْمِ الدِّيْنِ-اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-اِهْدِنَا
الصِّرَاطَ الْمُسْتَقِيْمَ-صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ബയ്അത്തിൽ ഉൾപ്പെടുന്ന ഓരോ അഹ്മദിയും ആധ്യാത്മികവും ധാർമികവും വൈജ്ഞാനികവും വിശ്വാസപരവുമായ അഭിവൃദ്ധിക്കുവേണ്ടി ഒരു പ്രതിജ്ഞ ചെയ്യുന്നുണ്ട്. ഇക്കാലഘട്ടത്തിൽ അല്ലാഹു നമുക്ക് എം.ടി.എ തന്നനുഗ്രഹിച്ചിരിക്കുന്നതുകൊണ്ട് ജമാഅത്തുപരമായ പരിപാടികൾ, ജൽസകൾ, സമ്മേളനങ്ങൾ ഖുത്ബകൾ സർവോപരി ആഗോളബയ്അത്തിൽ എം.ടി.എയും ഇന്റർനെറ്റും മുഖേന ലക്ഷക്കണക്കിനാളുകൾ പങ്കെടുക്കുന്നു. അതുകൊണ്ട് ജന്മനാ അഹ്മദിക്കോ സ്വന്തമായ നിലയിൽ ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ ചേർന്ന ആൾക്കോ ബയ്അത്തിന്റെ നിബന്ധനകളെക്കുറിച്ച് അറിയില്ലെന്ന് പറയാനാവില്ല.

അതിനാൽ ബയ്അത്ത് ചെയ്തതിനുശേഷം അതിന്റെ വിശദാംശങ്ങൾ അറിയേണ്ട ആവശ്യകതയാണുള്ളത്. ബയ്അത്ത് പ്രതിജ്ഞ മുന്നിൽ വെക്കുക. ബയ്അത്തിൽ പ്രതിപാദിച്ച ധാർമികോന്നമനത്തിനുള്ള നിബന്ധനകൾ നാം മുന്നിൽ വെക്കുകയാണെങ്കിൽ നമ്മുടെ ധാർമിക നിലവാരത്തിലും സാമൂഹ്യബന്ധങ്ങളിലും വാണിജ്യ വ്യവഹാരങ്ങളിലും ദൈനംദിന ഇടപാടുകളിലും കുടുംബകാര്യങ്ങളിലുമെല്ലാം അനിതരസാധാരണമായ അഭിവൃദ്ധിയും ഉയർച്ചയും ഉണ്ടാകാവുന്നതാണ്. പക്ഷേ, നമ്മളിൽ ധാരാളമാളുകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)കാണാൻ ആഗ്രഹിക്കുന്ന ആ നിലവാരത്തിൽ നിന്ന് വളരെ അകലെയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെ ശ്രദ്ധ ക്ഷണിച്ച ആ നിബന്ധനകളിലെ ചില കാര്യങ്ങൾ ഇവയാണ്:

കളവ് പറയരുത്, അതിക്രമം പ്രവർത്തിക്കരുത്, വഞ്ചനയിൽ നിന്ന് വിട്ടു നില്ക്കുക, ദേഹേച്ഛാപരമായ വികാരങ്ങൾക്ക് അടിപ്പെടാതിരിക്കുക, ദേഹേച്ഛാപരമായ വികാരങ്ങളാൽ ജനങ്ങൾക്ക് പൊതുവായും മുസ്ലിംകൾക്ക് പ്രത്യേകമായും നാവുകൊണ്ടോ കൈകൾകൊണ്ടോ ഒരു പ്രയാസവും ഉണ്ടാക്കരുത്, അഹങ്കരിക്കരുത്, വിനയം അവലംബിക്കുക, എപ്പോഴും സദ്സ്വഭാവം കാണിച്ചുകൊണ്ട് ജീവിക്കുക, പൊതുവെ മാനവകുലത്തിന് ഗുണം എത്തിക്കാൻ ശ്രമിക്കുക. (ഇസാലയെ ഔഹാം, റൂഹാനീ ഖസായിൻ വാള്യം 3 പേജ് 563-564)

നമ്മൾ ഇക്കാര്യങ്ങളിൽ ശ്രദ്ധ കൊടുക്കുകയാണെങ്കിൽ, ഞാൻ പറഞ്ഞതുപോലെ ധാർമികാവസ്ഥയുടെ ഉയർന്ന നിലവാരം കരസ്ഥമാക്കാൻ സാധിക്കുമെന്ന് മാത്രമല്ല അതിന്റെ പാരമ്യതയെ സ്പർശിക്കാനും കഴിയുന്നതാണ്. നമ്മുടെ സൽസ്വഭാവങ്ങളുടെ നിലവാരം വർധിപ്പിക്കാനും നമ്മുടെ ഉള്ളിൽ ഉന്നതമായ ധാർമികഗുണം ഉണ്ടാക്കാനും സാധിക്കുന്നതാണ്. പക്ഷേ, നമ്മൾ പരിശോധിക്കുകയാണെങ്കിൽ ബയ്അത്ത് ചെയ്തിട്ടും അതനു സരിച്ചു പ്രവർത്തിക്കാത്തവരായി നല്ലൊരുവിഭാഗമാളുകൾ നമ്മുടെ ഉള്ളിലുമുള്ളതായി കാണാം.സ്വന്തം അവകാശങ്ങളെ ബലിയർപിച്ചും സ്വയം പ്രയാസത്തിലകപ്പെടുത്തിയും ഉന്നതധാർമിക ഗുണങ്ങൾ അവലംബിക്കേണ്ട സാഹചര്യത്തിലൂടെ നാം കടന്നു പോകാതിരിക്കെ, അത്തരത്തിലുള്ള ധാർമികനിലവാരം പ്രകടിപ്പിക്കേണ്ടതാണെന്നും അങ്ങനെ ചെയ്യാത്തവൻ വലിയ അക്രമമാണ് ചെയ്യുന്നതെന്നും നാം ശക്തിയുക്തം പറയാറുണ്ട്. എന്നാൽ, അത് നമ്മെ നേരിട്ടു ബാധിക്കുന്നതാകുമ്പോൾ നമ്മിൽ അധികംപേരും ആ സ്വഭാവഗുണങ്ങൾ മറന്നു കളയുന്നു. തങ്ങളുടേതായ ആവശ്യം വരുമ്പോൾ കാര്യങ്ങൾ എത്രമാത്രം വളച്ചൊടിച്ച് അവതരിപ്പിക്കുമെന്നാൽ അതിൽ ലവലേശം സത്യമുണ്ടാവുകയില്ല. മറിച്ച് അത് കളവിന്റെ അടുത്തെത്തുന്നു. സ്വന്തം അവകാശം കരസ്ഥമാക്കുന്നതിനുവേണ്ടി ചില ഘട്ടങ്ങളിൽ അക്രമവും ചെയ്യുന്നു. ചിലയാളുകൾ ചിലപ്പോൾ വഞ്ചനയ്ക്ക് വശംവദനരാകുന്നു. തങ്ങളെ വഞ്ചനയിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടി കള്ളസാക്ഷികളേയും കൊണ്ടു വരുന്നു. കൈകൊണ്ടല്ലെങ്കിൽ നാവുകൊണ്ട് മിക്കപ്പോഴും തങ്ങളുടെ ഉദ്ദേശ്യം പൂർത്തിയാക്കുന്നതിനുവേണ്ടി മറ്റുള്ളവരെ ബുദ്ധിമുട്ടിക്കുകയും ചെയ്യുന്നു. വിനയം കാണിക്കേണ്ടതിനുപകരം അഹങ്കാരം അതിജയിക്കുന്നു. ചില നേരങ്ങളിൽ അഹങ്കാരം കുറച്ചോ കൂടുതലോ പ്രകടമാവുകയും ചെയ്യുന്നു.

ഖളായുടെ ചില പ്രശ്നങ്ങൾ എന്റെ മുന്നിൽ വരുമ്പോൾ, സത്യാസത്യം സ്ഥാപിക്കുന്നതിനും അവകാശം എടുക്കുന്നതിനും പകരം ദുർവാശിയും ശാഠ്യവും എത്രമാത്രം പ്രകടമാകുന്നുവെന്നാൽ അത്ഭുതപ്പെട്ടു പോകുന്നു. തൊഴിലുകളിൽ സത്യസന്ധത അടിത്തറയാക്കുന്നതിനു പകരം സ്വാർഥനേട്ടങ്ങൾ കരസ്ഥമാക്കുന്നതിന് കൂടുതൽ ശ്രദ്ധിക്കുന്നു. ഇതിൽ കൂട്ടിച്ചേർക്കപ്പെടുന്നതെന്താണെന്നാൽ കക്ഷികൾ ഏർപ്പാടാക്കുന്ന വക്കീലുമാർ തങ്ങളുടെ തൊഴിലുപരമായ കഴിവ് കാണിക്കുന്നതിനും മികവ് സ്ഥാപിക്കുന്നതിനുമുള്ള ശ്രമത്തിൽ തെറ്റായ വിവരണങ്ങളാണ് നല്കുന്നത്. അതുമുഴുവനും കളവായിരിക്കും. അത് കൊടുക്കൽ വാങ്ങൽ കാര്യങ്ങളിലാണെങ്കിലും വേണ്ടില്ല ഭാര്യഭർത്താക്കന്മാർ തമ്മിലുള്ള വഴക്കുകളാണെങ്കിലും വേണ്ടില്ല അല്ലെങ്കിൽ ഏതുതരത്തിലുള്ള കാര്യങ്ങളാണെങ്കിലും വേണ്ടില്ല വക്കീലുമാർ കാരണത്താൽ കേസ് നീണ്ടുനീണ്ടുപോകുന്നു. അതിനാൽ, അഹ്മദി വക്കീലുമാരും ഇരുകക്ഷികളും തങ്ങളുടെ അനുസരണ പ്രതിജ്ഞയ്ക്കും ദൈവഭയത്തിനും സ്വാർഥതാൽപര്യങ്ങളെക്കാൾ പ്രാമുഖ്യം കല്പിക്കേണ്ടതാണ്. ശരിയായതോ തെറ്റായതോ അല്ലെങ്കിൽ അനുവദനീയമോ അനുവദനീയമല്ലാത്തതോ ആയ പരാതികൾ ഉണ്ടാകാൻ തുടങ്ങുമ്പോഴാണ് വഴക്കുകൾ ഉണ്ടാകുന്നതെന്നത് പ്രകടമാണ്. തെറ്റായ ധാരണകളും ഉടലെടുക്കാൻ തുടങ്ങുന്നു. അത്തരം സാഹചര്യങ്ങളിൽ ശാഠ്യം പിടിച്ചുകൊണ്ട് കലഹങ്ങളെ നീട്ടിക്കൊണ്ടു പോകുന്നതിനു പകരം അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി തന്റെയുള്ളിൽ സൗമ്യത ഉണ്ടാക്കി ജമാഅത്ത് വ്യവസ്ഥിതിയിലോ ഖളായിലോ പ്രശ്നം കൊണ്ടുവരിക എന്നതാണ് ഒരു വിശ്വാസിയുടെ ജോലി. നമ്മൾ പരസ്പരം സഹോദരന്മാരാണ്, തെറ്റുധാരണകളെയും വ്യർഥമായ പരാതികളെയും അകറ്റിക്കൊണ്ട് പരസ്പരം പ്രീതിയോടും സ്നേഹത്തോടും കൂടി ജീവിക്കേണ്ടതാണ്. അവകാശം നല്കേണ്ടവരും അവകാശം വാങ്ങേണ്ടവരും ഇരുകക്ഷികളും ദുർവാശിക്കാരായാൽ ജമാഅത്ത് വ്യവസ്ഥിതിയോ ഖളായോ രാജ്യത്തെ കോടതിയോ എങ്ങനെയെല്ലാം നീതിയിലധിഷ്ഠിതമായ തീർപ്പ് കല്പിച്ചാലും പ്രശ്നം ഒരിക്കലും തീരുകയില്ല. ഒരു കോടതിക്കുശേഷം മറ്റൊരു കോടതിയിൽ അപ്പീലുകൾ പൊയ്ക്കൊണ്ടേയിരിക്കും. പിന്നീട് ഖളായിൽ വന്നിട്ടുള്ള കക്ഷികൾക്കുവേണ്ടി അഞ്ചംഗ ഖളാ ബോർഡ് തീരുമാനം കല്പിക്കുകയാണെങ്കിൽത്തന്നെയും അവകാശം കിട്ടേണ്ടവരുടെ അവകാശം ചില ഘട്ടങ്ങളിൽ ധ്വംസിക്കപ്പെടാറുണ്ട്. അവകാശം കൊടുക്കുന്നില്ല. അല്ലെങ്കിൽ തീരുമാനം അംഗീകരിക്കുന്നില്ല. തുടർന്ന് തങ്ങളോടു അക്രമം കാണിച്ചിരിക്കുന്നതിനാൽ താങ്കൾ തന്നെ ഈ കേസ് നോക്കണമെന്ന് പറഞ്ഞ് എനിക്കെഴുതുകയും ചെയ്യുന്നു. ഈ പരാതികൾ ഒരിക്കലും അവസാനിക്കുകയില്ല. യഥാർഥത്തിൽ ഞാൻ പറഞ്ഞതുപോലെ ഈ പ്രകടനം ഈഗോയുടേയും ശാഠ്യത്തിന്റേയും പ്രകാടനം കാരണത്താലാണ് ഉണ്ടാകുന്നത്.

അതിനാൽ, പ്രശ്നങ്ങൾ നല്ല രീതിയിൽ പരിഹരിക്കണമെങ്കിൽ ദുർവാശികൾ ഉപേക്ഷിക്കേണ്ടതായി വരും. എന്നല്ല ചില സന്ദർഭങ്ങളിൽ വഴക്കുകൾ അവസാനിപ്പിക്കുന്നതിനു വേണ്ടി അവകാശിയാണെങ്കിൽത്തന്നെയും അത് ലഭിക്കുന്നതിനുവേണ്ടി എതിർകക്ഷിക്ക് സൗകര്യം നല്കേണ്ട ആവശ്യവുമുണ്ട്. ചിലപ്പോൾ ഒരു പരിധിവരെ തന്റെ അവകാശം ഉപേക്ഷിക്കേണ്ടിയും വരും.

ഇതു സംബന്ധമായി അല്ലാഹു നമുക്ക് നല്കുന്ന അധ്യാപനമെന്താണ്? അല്ലാഹു പറയുന്നു: *വ ഇൻ കാന ദൂ ഉസ്റത്തിൻ ഫ നളിറത്തുൻ ഇലാ മയ്സറത്തിൻ വ അൻ തസദ്ദഖൂ ഖയ്റുല്ലക്കും ഇൻ കുൻതും തഅ്ലമൂൻ.*

‘ആരെങ്കിലും ഗതിമുട്ടിയ അവസ്ഥയിൽ നിന്റെയടുക്കൽ വന്നാൽ അയാളുടെ അവസ്ഥ നന്നായിത്തീരുന്നതുവരെ സമയം നല്കേണ്ടതാണ്. നിങ്ങളുടെ കടം നിങ്ങൾ മാപ്പാക്കുകയാണെങ്കിൽ അത് വളരെ ഉത്തമമാണ്; നിങ്ങൾ അറിവുള്ളവരാണെങ്കിൽ.’ അത്തരം നിർബന്ധിതാവസ്ഥ നിങ്ങൾക്കും വരാവുന്നതാണെന്ന കാര്യം മനസ്സിലാക്കണം. എല്ലാറ്റിലുമുപരി, അല്ലാഹു നമ്മുടെ വളരെയധികം കാര്യങ്ങളിലും ഇളവ് നല്കുന്നുണ്ട്. സർവശക്തികളുടെയും ഉടമസ്ഥനായ അല്ലാഹു നമ്മുടെ കാര്യങ്ങളിൽ പിടിക്കാൻ തുടങ്ങിയാൽ പിന്നെ നമുക്ക് ഒരു ഗതിയുമുണ്ടാവില്ല. അതുകൊണ്ട് പരസ്പര ഇടപാടുകളിൽ നാം സൗമ്യമായും ദാക്ഷിണ്യം കാണിച്ചും പെരുമാറേണ്ടത് അനിവാര്യമാണ്. ദൈനംദിന ഇടപാടുകളിലും കച്ചവടക്കാര്യങ്ങളിലും കടമിടപാടുകളിലും എപ്പോഴും ഓർമിക്കേണ്ട മുഖ്യനിർദേശമാണിത്.

നിങ്ങൾ ലോകത്ത് ദയയോടും സൗമ്യതയോടുംകൂടി പെരുമാറിയാൽ അല്ലാഹു ആകാശത്ത് നിങ്ങളോടും ദയയോടുകൂടി പെരുമാറുമെന്ന് നബി(സ)തിരുമേനി വിശ്വാസികളെ പലവട്ടം ഉണർത്തിയിട്ടുണ്ട്. (സുനൻ അബൂദാവൂദ്, കിതാബുൽ അദബ് ഹദീഥ് 4941)

അല്ലാഹു ഒരു ദിവസം നമ്മുടെ കണക്കും എടുക്കുമെന്ന് എപ്പോഴും ഓർക്കേണ്ടതാണ്. അല്ലാഹു അവകാശത്തിൽ മാത്രം തീരുമാനമെടുക്കുകയാണെങ്കിൽ പാപപൊറുതി ബുദ്ധിമുട്ടാകും. അതുകൊണ്ട് അല്ലാഹുവിന്റെ കാരുണ്യവും പൊറുക്കലും ആകർഷിച്ചെടുക്കുന്നതിന് നാം ദുൻയാവിലെ പ്രശ്നങ്ങളിൽ പരസ്പരം മൃദുഭാവത്തോടും ദയാവായ്പോടുംകൂടി പെരുമാറേണ്ടതാണ്. അല്ലാതെ, ബലാൽക്കാരത്തിന്റേയും പിടിത്തത്തിന്റേയും സ്വന്തം അവകാശത്തിന്റേയും ചിന്ത മാത്രം പോര. നബി(സ) തിരുമേനിയും കടം കൊടുക്കുന്നവരോട് സൗമ്യമായി പെരുമാറുന്നത് പുണ്യമായ കാര്യമാണെന്ന് കടം വാങ്ങുന്നവർക്കും സുവാർത്ത നല്കിയിരിക്കുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: ‘ഏതെങ്കിലും വ്യക്തിക്ക് ആരിലെങ്കിലുംനിന്ന് കടം വാങ്ങണമെങ്കിൽ, അവൻ അവന് നിശ്ചിത കാലയളവ് കഴിഞ്ഞതിനുശേഷം ഇളവ് നൽകുന്നതായാൽ ആ ഇളവുകാലത്ത് കഴിഞ്ഞുപോകുന്ന ഓരോ ദിവസവും അവനത് സ്വദഖ അഥവാ ധർമമായിരിക്കും.’ (സുനൻ ഇബ്നുമാജ, കിത്താബുസ്വദഖാത്ത്, ഹദീഥ് 2418)

ഇത് എത്രനല്ല കച്ചവടമാണ്. തന്റെ സഹോദരന് ഇളവ് കൊടുക്കുന്നതും അവനെ പ്രതിഫലത്തിന് അർഹനാക്കി മാറ്റുന്നു. ഒരുപാട് ബലാകളിൽനിന്നും ബുദ്ധിമുട്ടുകളിൽനിന്നും നമ്മെ രക്ഷിക്കുകയും ചെയ്യുന്നു. അതിനാൽ അല്ലാഹു അൽപമായ നന്മയ്ക്കുപോലും പ്രതിഫലം നല്കാതെ വിട്ടുകളയുകയില്ല.

വിശുദ്ധ ഖുർആനിന്റെ ഈ വർണാഭമായ സന്മാർഗങ്ങളെ നാം ഓർക്കുകയും നബി(സ) തിരുമേനിയുടെ മാർഗനിർദേശങ്ങളെ മുന്നിൽ വെക്കുകയും ചെയ്യുന്നപക്ഷം ശാന്തിനിർഭരമായ ഒരു സമൂഹം കെട്ടിപ്പടുക്കാവുന്നതാണ്; അസ്വസ്ഥതകൾ പിന്നെ വ്യാപിക്കുകയില്ല; കലഹങ്ങൾ ഒരിക്കലും നീണ്ടു പോകുകയില്ല; തീരുമാനം നടപ്പിലാക്കേണ്ട വകുപ്പുകൾക്കും പ്രയാസമുണ്ടാകുകയില്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നനേരംകൊണ്ട് എന്തെങ്കിലും നിർമാണാത്മകമായ മറ്റു പ്രവർത്തനങ്ങൾ അവർക്ക് ആസൂത്രണം ചെയ്യാൻ കഴിയുന്നതാണ്. തീരുമാനമെടുക്കുന്നതിനുവേണ്ടിയാണ് ഖളാ രൂപീകരിച്ചിട്ടുള്ളതെങ്കിലും ഖളായ്ക്കും ദോഷമൊന്നും ഉണ്ടാകുകയില്ല. തീരുമാനങ്ങൾ അംഗീകരിക്കുന്നതിൽ ഇരുകക്ഷികളും സൗമ്യമായ രീതി അവലംബിക്കുകയാണെങ്കിൽ അനാവശ്യമായ പ്രശ്നങ്ങളും ഉണ്ടാവുകയില്ല. ചില ഘട്ടങ്ങളിൽ ഒരേയൊരു കാര്യം നീണ്ടുപോകുന്ന കാരണത്താൽ മറ്റു ചില കാര്യങ്ങളെ അത് ബാധിക്കാൻ പാടില്ലാത്തതാണ്. സ്വയം ഇരുകക്ഷികൾക്കും അവർ ഖളായിൽ വന്നവരോ കോടതിയിൽ പോയവരോ വക്കീൽമാരെ വെക്കുന്നവരോ ആണെങ്കിലും ചെലവുകൾ വഹിക്കേണ്ടതായി വരും. അതിൽനിന്ന് രക്ഷപ്പെടുന്നതുമാണ്. ചില ഘട്ടങ്ങളിൽ എത്രമാത്രം ശാഠ്യക്കാരാകുമെന്നാൽ തങ്ങളുടെ എന്തു നഷ്ടവും സഹിക്കാൻ അവർ തയ്യാറാകും. പക്ഷേ, അവർ ആഗ്രഹിക്കുന്നത് തീരുമാനം തങ്ങൾക്ക് അനുകൂലമാകണമെന്നാണ്. അതിനുവേണ്ടി എവിടംവരെ പോകാമോ അവിടംവരെ അവർ പോകുന്നതാണ്. ഞാൻ പറഞ്ഞതുപോലെ ‘ഇനി താങ്കൾ ഈ കാര്യങ്ങൾ നോക്കുക’ എന്ന് പറഞ്ഞ് ചില കക്ഷികൾ എനിക്കെഴുതാറുമുണ്ട്. ദുശ്ശാഠ്യങ്ങളൊന്നുമില്ലെങ്കിൽ ഈഗോകളൊന്നുമില്ലെങ്കിൽ ഈ വ്യർഥമായ സംഗതികളിൽ എന്റെ സമയവും പാഴാവുകയില്ല. ചിലപ്പോൾ കേസ് പരിശോധിച്ചതിനു ശേഷം ഇരുകക്ഷികൾക്കും ഞാൻ മറുപടി കൊടുക്കാറുണ്ട്. എന്നാൽ, തങ്ങളുടെ ഇഷ്ടത്തിനനുസരിച്ചല്ല മറുപടിയെങ്കിൽ പിന്നെ പിടിവാശിയിൽ അവർ നിലകൊള്ളുന്നു. തങ്ങളാണ് ശരി എന്നവർ വാശിപിടിക്കുന്നു. തീർപ്പും തങ്ങൾക്കനുകൂലമായിരിക്കണം, എതിർപക്ഷത്തിന്റെ സൗകര്യം കണക്കിലെടുക്കുകയുമില്ല എന്നത് ദുർവാശിയാണ്. എന്റെ വ്യക്തമായ മറുപടിയെ വകവെക്കാതെ ‘തങ്ങൾ ആ കേസിനെക്കുറിച്ചു എഴുതിയിരുന്നു, സത്യം തങ്ങളുടെ ഭാഗത്താണ്, അങ്ങു പുനഃപരിശോധന നടത്തി തങ്ങൾക്ക് അർഹതപ്പെട്ടത് നല്കിയാലും’ എന്ന് ചിലപ്പോൾ മൂന്നു നാല് മാസത്തിനുശേഷം അങ്ങേയറ്റം വാശിയോടെ അവർ എഴുതുകയും ചെയ്യുന്നു. ഖളായുടെ തീരുമാനങ്ങൾ നൂറുശതമാനവും ശരിയാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ 80-85% ശരിയായിരിക്കും. അവർ സാക്ഷികളും തെളിവുകളും സമർപ്പിക്കുന്നു. അതിന്റെ വെളിച്ചത്തിൽ അത് ശരിയായിരിക്കും. ഇനി തെറ്റാണെങ്കിൽത്തന്നെയും അവരുടെ നിയ്യത്ത് സംശയിക്കാൻ സാധ്യമല്ല. അവർ തങ്ങളുടെ ഭാഗത്തുനിന്ന് സദുദ്ദേശ്യത്തോടുകൂടിയാണ് തീരുമാനമെടുക്കുന്നത്.

സത്യം തന്റെ പക്ഷത്താണെന്ന് ഒരു കക്ഷി വിചാരിക്കുകയും എന്നാൽ, തീരുമാനം അയാൾക്കെതിരാകുകയുമാണെങ്കിൽ അതിന് ഖളായെയോ ഖാളിയെയോ ആക്ഷേപിക്കരുത്. ഇങ്ങനെ ആക്ഷേപിക്കുന്ന ശീലമുള്ളവരാണ് ചിലർ. അവർ യാഥാർഥ്യങ്ങളനുസരിച്ചുതന്നെ വിധി പുറപ്പെടുവിച്ചുണ്ടാകും. ഒരു തീരുമാനത്തിൽ വല്ല അവ്യക്തതയുമുണ്ടെങ്കിൽ, അല്ലെങ്കിൽ ഇരുകക്ഷികളിലാരെങ്കിലും ഈ തീരുമാനത്തിൽ അവ്യക്തതയുണ്ടെന്ന് ചിന്തിക്കുകയാണെങ്കിൽ ആ കക്ഷിയുടെ അപേക്ഷപ്രകാരം ചിലപ്പോൾ ഞാൻ ഫയൽ വാങ്ങി നോക്കാറുണ്ട്. ഒട്ടുമിക്ക തീരുമാനങ്ങളും ശരിയായിരിക്കും. ദുർഭാവനകൾകൊണ്ട് മാത്രമാണ് സംശയങ്ങളും സന്ദേഹങ്ങളും ഉടലെടുക്കുന്നത്. അതുകൊണ്ട് ദുർഭാവനകളിൽനിന്ന് വിട്ട് നില്ക്കേണ്ടതാണ്. അതു പിന്നീട് മറ്റ് തിന്മകളിലേക്ക് വഴി തുറക്കുകയാണ് ചെയ്യുന്നത്.

ഖളായിലെ പ്രശ്നങ്ങൾ നേരിട്ടുള്ള ഇടപാ

ടുകളാണെങ്കിലും വ്യാപാരസംബന്ധമായ കാര്യമാണെങ്കിലും കുടുംബപരമായതാണെങ്കിലും ഓരോ പ്രശ്നവും നേരിട്ടോ അല്ലാതെയോ ഉള്ള ഇടപാടുകേസുകളായി തീരുന്നു. ചിലയിടത്ത് ഹഖ് മഹർ കൊടുക്കുന്നതിലായിരിക്കും. ചിലയിടത്ത് സാധനങ്ങൾ കൊടുക്കുന്നതിനെ ചൊല്ലിയായിരിക്കും. ഏതായിരുന്നാലും സാമ്പത്തികപ്രശ്നങ്ങൾ എല്ലാ കേസിലും ഏതെങ്കിലും രീതിയിൽ involve ആകാറുണ്ട്.

കടം വീട്ടേണ്ട കാലയളവിൽ ഇളവ് അനുവദിക്കുക എന്ന അടിസ്ഥാന തത്ത്വം എല്ലായിടത്തും ഒരളവോളം നടക്കുന്നുണ്ട്. കുടുംബപരമായ പ്രശ്നങ്ങളിലും ഇടപാടുപ്രശ്നങ്ങളിലും അധികവും പണമാണ് ആവശ്യപ്പെടാറുള്ളത്. കുടുംബപരമായ പ്രശ്നങ്ങളിൽ ഉദാഹരണത്തിന് ഞാൻ പറഞ്ഞതുപോലെ ഹഖ്മഹർ കൊടുക്കലാണ്. ഇതും തീർച്ചയായും ഭർത്താവിൽ നിക്ഷിപ്തമായ നിർബന്ധകടമാണ്. പക്ഷേ, ചില നേരങ്ങളിൽ പെൺവീട്ടുകാർ ആൺകുട്ടികളുടെ കഴിവിനേക്കാൾ കൂടുതൽ ഹഖ്മഹർ നിർബന്ധിച്ച് നിശ്ചയിപ്പിക്കുന്നു. ഒരുഭാഗത്ത് കടം വീട്ടാൻ യുവാവ് നിർബന്ധതിനാണ്. ഹഖ്മഹർ ഒരു നിർബന്ധകടമയാണ്. മറുഭാഗത്ത് പെൺവീട്ടുകാരും കൂടുതൽ നിർബന്ധിക്കുന്നു. യുവാവിന്റെ കൈകൾ കെട്ടിയിടുന്നതിനുവേണ്ടി മഹർ കൂടുതൽ വെപ്പിക്കുന്നു. അതടക്കാൻ അവന് പ്രയാസമാണെന്ന് മാത്രമല്ല അത് നൽകാൻ കഴിവ് തന്നെയുണ്ടാകുന്നില്ല. ഇനി ഖളാ ആൺകുട്ടിയുടെ അവസ്ഥ കണ്ടിട്ട് വിവാഹമൂല്യം കുറയ്ക്കുകയാണെങ്കിലും രണ്ടാമത്തെ കക്ഷി ആക്ഷേപമുന്നയിക്കാൻ തുടങ്ങുന്നു. ഇതുപോലെ നേരിട്ടുള്ള കടമിടപാടുകളുടെ പ്രശ്നവുമുണ്ട്. ഇതിൽ ഖളാ നേരിട്ട് അവസ്ഥകൾ കണ്ടുകൊണ്ട് തവണകൾ നിശ്ചയിക്കുകയാണെങ്കിൽ അതിലും രണ്ടാംകക്ഷി ആക്ഷേപം ഉന്നയിക്കുന്നു. ഒരു സമാധാനനിർഭരമായ സമൂഹത്തെക്കുറിച്ച് നാം അഹ്മദികൾ ലോകത്തോടു പറയുമ്പോൾ നമ്മുടെ എല്ലാ പ്രശ്നങ്ങളിലും സമാധാനം സ്ഥാപിക്കാനുള്ള ശ്രമമാണ് നാം നടത്തേണ്ടത്. സ്വഹാബാക്കൾ പരസ്പരമുള്ള കാര്യങ്ങളിൽ ഏത് രീതികളാണ് ഉൾക്കൊണ്ടിരുന്നത്. അതിന്റെ ഒരു മിന്നലാട്ടം ഒരു സംഭവത്തിൽനിന്ന് ലഭിക്കുന്നുണ്ട്. ഹദ്റത്ത് അബു ഖത്താദ(റ)യെ സംബന്ധിച്ച് പറയുന്നു. ഒരു മുസൽമാൻ അദ്ദേഹത്തിന് കുറച്ച് കടം വീട്ടാനുണ്ടായിരുന്നു. ഇദ്ദേഹം കടം കൊടുത്ത തുക തിരിച്ചുചോദിക്കുന്നതിനുവേണ്ടി അയാളുടെ അടുത്തു പോകുമ്പോഴെല്ലാം അദ്ദേഹം ഒളിക്കുമായിരുന്നു. ഒരുദിവസം വീട്ടിൽപോയപ്പോൾ അയാളുടെ മകനിൽനിന്ന് മനസ്സിലായി അയാൾ വീട്ടിൽതന്നെയുണ്ടെന്ന്. അദ്ദേഹം വെളിയിൽനിന്ന് വിളിച്ചുപറഞ്ഞു, 'താങ്കൾ വീട്ടിൽതന്നെയുണ്ടെന്ന് എനിക്ക് മനസ്സിലായിരിക്കുന്നു. ഇനി ഒളിച്ചിരുന്നിട്ട് കാര്യമില്ല. വെളിയിൽവന്ന് ഞാനുമായി സംസാരിക്കുക.' അയാൾ വെളിയിൽ വന്നപ്പോൾ ഒളിച്ചിരിക്കാനുള്ള കാരണം അബു ഖത്താദ(റ)അന്വേഷിച്ചു. അപ്പോൾ അയാൾ പറഞ്ഞു: 'യഥാർഥത്തിൽ ഞാൻ വളരെ ബുദ്ധിമുട്ടിലാണിപ്പോൾ. എന്റെ സാമ്പത്തികസ്ഥിതി വളരെ മോശമാണ്. എന്റെ കൈയിൽ ഒന്നുമില്ല. എന്റെ കൂടെ കുടുംബക്കാരുമുണ്ട്. കുട്ടികൾ ധാരാളമുണ്ട്. അവരുടെ ചെലവ് ഞാൻ നോക്കണം.' അപ്പോൾഅബു ഖത്താദ(റ) പറഞ്ഞു: 'താങ്കൾ പറയുന്നതുപോലെ കാര്യങ്ങൾ സത്യമാണോ?' അയാൾ പറഞ്ഞു: 'അല്ലാഹുവാണ എന്റെ അവസ്ഥ ഇതാണ്.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'നിനക്ക് തന്ന കടം മുഴുവൻ ഞാൻ മാപ്പാക്കിയിരിക്കുന്നു.' (സ്വഹീഹ് മുസ്ലിം, കിതാബുൽ മുസാഖാത്ത്, ഹദീഥ് 4000)

സൗമ്യമായ പെരുമാറ്റം ഇതാണ്. അത് സത്യവിശ്വാസികളിൽ പരസ്പരം സൗമ്യമായ പെരുമാറ്റവും സ്നേഹവും സന്തോഷവും പരത്തുന്നതാണ്. ഇതുമുഖേന സമാധാനത്തിന്റെ അന്തരീക്ഷം നിലവിൽ വരുന്നതാണ്. പക്ഷേ, ഇതിൽ കടം വീട്ടേണ്ടവന്റെ അവസ്ഥയും വിവരിച്ചിട്ടുണ്ട്. അയാൾ ശാഠ്യക്കാരനോ പണം പിടുങ്ങുന്നവനോ ആയിരുന്നില്ല. കടം വീട്ടാൻ കഴിയാത്തതിൽ അദ്ദേഹത്തിന് ബോധവും ലജ്ജയുമുണ്ടായിരുന്നു. അതുകൊണ്ടാണ് അദ്ദേഹം ഒളിച്ചുനടന്നത്. എന്നിട്ടും കടം വീട്ടുകയില്ലെന്ന് അയാൾ പറഞ്ഞില്ല. ഈയിടെ ഇതിന് വിപരീതമായിട്ടുള്ള കാര്യങ്ങളും മുമ്പിൽ വരാറുണ്ട്. കടം വാങ്ങുന്നു. പിന്നീട് വാങ്ങിയിട്ടില്ലെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമവും നടത്തുന്നു. സമാധാനഭരിതമായ സമൂഹം ഇരുകക്ഷികളുടെയും പെരുമാറ്റത്തിലൂടെയാണ് നിലവിൽ വരുന്നത്. കടംവീട്ടേണ്ടവന് കടം കൊടുത്തിട്ടുള്ളവൻ സാവകാശം നല്കുന്നതുകൊണ്ടും കടം വീട്ടേണ്ടവന് കടംവീട്ടിത്തീർക്കണം എന്ന ഉത്തരവാദിത്വവും ബോധവും ഉണ്ടാകുന്നതു കൊണ്ടുമാണ് ഇക്കാര്യങ്ങൾ പരിഹരിക്കപ്പെടുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നതു കൊണ്ട് നമ്മളും ഇത്തരത്തിലുള്ള ബോധം ഉണ്ടാക്കേണ്ട ആവശ്യമുണ്ട്. ഖളാ ഇളവ് നല്കുകയോ നല്കാതിരിക്കുകയോ ചെയ്യട്ടെ. അല്ലെങ്കിൽ ഖളാ ആരെയെങ്കിലും കടം വീട്ടുന്നതിന് നിർബന്ധിക്കുകയോ നിർബന്ധിക്കാതിരിക്കുകയോ ചെയ്യട്ടെ. അവകാശികൾ തങ്ങളുടെ സൗമ്യമായ വികാരങ്ങളാണ് പ്രകടിപ്പിക്കേണ്ടത്. അവകാശം കൊടുത്തുവീട്ടേണ്ടവന് അതിന്റെ ഉത്തരവാദിത്വം മനസ്സിലാക്കിക്കൊടുത്ത് അത് വീട്ടുന്നതിന് പൂർണ്ണമായും ശ്രമിക്കേണ്ടതാണ്. അവകാശം കൊടുക്കാതിരിക്കുകയും പിന്നീട് അഹങ്കാരം കാണിക്കുകയും ചെയ്യുന്ന ഒരു സംഭവം ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വിവരിക്കുകയുണ്ടായി:

ഒരാളുടെ ഒരു വീടിന്റെ കേസുണ്ടായിരുന്നു. ഖാദിയാനിലെ വാടകക്കാരൻ അയാളുടെ വീട് ഒഴിഞ്ഞുകൊടുക്കുന്നില്ല. വീട്ടുകാരൻ ഖാദിയാനിൽ താമസിക്കുന്നുണ്ടായിരുന്നില്ല. അദ്ദേഹം പട്ടാളത്തിൽ ഉദ്യോഗസ്ഥനായിരുന്നു. വർഷത്തിൽ ഏതാനും ദിവസംമാത്രമാണ് ഖാദിയാനിൽ താമസിച്ചിരുന്നത്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ഞാൻ വീട്ടുടമയോട് പറഞ്ഞു. താങ്കൾ പട്ടാളത്തിൽ ഉദ്യോഗസ്ഥനാണ്. വർഷത്തിൽ പതിനഞ്ചോ ഇരുപതോ ദിവസത്തിനാണ് ഇവിടെ വരുന്നത്. ഈ കാലയളവിൽ താങ്കൾക്ക് അതിഥിമന്ദിരത്തിൽ താമസിക്കാവുന്നതാണ്. ലങ്കർഖാനയിലും, ദാറുൽ ളിയാഫത്തിലും താമസിക്കാവുന്നതാണ്. അല്ലെങ്കിൽ സുഹൃത്തിന്റെ വീട്ടിൽ താമസിക്കാവുന്നതാണ്. ഇപ്പോൾ ഇവിടെ വീടുകൾ വളരെ കുറവാണ്. താങ്കൾ വാടകക്കാരന് കുറച്ച് ദിവസം താമസിക്കാൻ അനുവാദം കൊടുക്കുന്നില്ലെങ്കിൽ അദ്ദേഹത്തിന് അത് ബുദ്ധിമുട്ടാവും. പിന്നീട് അദ്ദേഹത്തിന് ഒരു ഉദാഹരണം പറഞ്ഞു കൊടുത്തു. സ്വഹാബാക്കൾ പുറത്തുനിന്ന് വന്നവർക്ക് തങ്ങളുടെ സ്വത്തുക്കളും കൊടുത്തിരുന്നു. പക്ഷേ, താങ്കൾ പത്തു പതിനഞ്ച് ദിവസത്തിനുവേണ്ടി പതിനൊന്നര മാസം ഇവിടെ താമസിക്കുന്നയാളെ വീട്ടിൽനിന്ന് പുറത്താക്കാൻ ആഗ്രഹിക്കുന്നു. അവിടന്ന് പറയുന്നു: ഞാൻ ഈ പറഞ്ഞ കാര്യം അദ്ദേഹത്തിൽ വലിയ സ്വാധീനം ചെലുത്തി. അദ്ദേഹം പറഞ്ഞു: ഹുദൂർ! അങ്ങ് പറയുന്നത് വളരെ ശരിയാണ്. അയാളെ ബുദ്ധിമുട്ടിക്കുന്നത് എന്റെ തെറ്റാണ്. അങ്ങ് അയാളോട് ചോദിക്കുക. കഴിഞ്ഞ എട്ടൊമ്പത് മാസമായിട്ട് എന്റെ വാടക തരാത്തതിന് കാരണമെന്താണെന്ന്! അക്കാരണത്താലാണ് വീട് ഒഴിപ്പിക്കണമെന്ന ചിന്ത എനിക്കുണ്ടായത്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: അപ്പോൾ ഞാൻ ആ വീട്ടുടമയോടു പറഞ്ഞു, 'ഇത് ബുദ്ധിപരമായ കാരണമാണ്. നിങ്ങൾക്ക് കുറ്റമൊന്നുമില്ല. തന്റെ കേസ് അവതരിപ്പിക്കുന്നയാളുടെ കുറ്റമാണിത്. താൻ വാടക കൊടുത്തിട്ടില്ലെന്ന് അയാൾ പറയുന്നില്ല.' ഖലീഫത്തുൽ മസീഹ് ഥാനീ(റ) പറയുന്നു: ആ നേരത്ത് ഒരു വല്ലാത്ത അവസ്ഥയായിരുന്നു എന്റേത്. ഞാൻ ആ വീട്ടുടമയോട് കാര്യങ്ങൾ പറഞ്ഞ് അയാളുടെ മനസ്സ് മയപ്പെടുത്താൻ ശ്രമിച്ചിരുന്നു. പക്ഷേ, അയാൾ പറഞ്ഞ കാര്യം എന്റെയടുത്ത് ഒരു മറുപടിയുമില്ലാത്തതായിരുന്നു. മറുകക്ഷി വാടക കൊടുത്തിരുന്നുവെങ്കിൽ ഞാൻ ആ മൈതാനം പിടിച്ചടക്കിയിട്ടുണ്ടായിരുന്നു. പിന്നീട് ഞാൻ ആഗ്രഹിച്ച തീരുമാനം നടക്കുമായിരുന്നു. പക്ഷേ, അയാൾ വാടകയും കൊടുത്തില്ല, വീടും പിടിച്ചുവെച്ചിരിക്കുകയാണ്. ഖലീഫത്തുൽ മസീഹ് ഥാനി(റ) പറയുന്നു: എന്റെ അവസ്ഥ എങ്ങനെയായിരുന്നെന്നാൽ സാധാരണ പറയാറുണ്ട് ഒരു പഠാൻ ഉണ്ടായിരുന്നു. അയാൾ എവിടെനിന്നോ കേട്ടു ആരെയെങ്കിലും കലിമ ചൊല്ലിച്ചാൽ ചൊല്ലിക്കുന്നവൻ സ്വർഗത്തിൽ പോകുമെന്ന്! അയാൾ ഒരു ഹിന്ദുവിനെ പിടിച്ച് കലിമ ചൊല്ലാൻ പറഞ്ഞു. താനൊരു ഹിന്ദുവാണ്. താനും കലിമയുമായി എന്താണ് ബന്ധമെന്ന് ആ ഹിന്ദു ചോദിച്ചു.? അയാൾ പറഞ്ഞു: നീ ചൊല്ലിയേ പറ്റൂ. വാൾ എടുത്തുകൊണ്ടു പറഞ്ഞു ചൊല്ലിയില്ലെങ്കിൽ നിന്നെ കൊല്ലും. അവസാനം നീ ചൊല്ലിത്തന്നാൽ താൻ പറയാമെന്ന് ഹിന്ദു പറഞ്ഞു. പഠാൻ പറഞ്ഞു: 'അതുപറ്റില്ല, നീ സ്വയം ചൊല്ലണം. ഞാൻ നിന്നെക്കൊണ്ട് ചൊല്ലിക്കില്ല.' ഹിന്ദു പറഞ്ഞു: ഞാൻ എങ്ങനെ ചൊല്ലാനാണ്? കലിമ എന്താണെന്ന് എനിക്കെന്തറിയാം? താങ്കൾ മുസ്ലിമല്ലേ. താങ്കൾ എനിക്ക് ചൊല്ലിത്തരിക. താങ്കൾക്ക് തീർച്ചയായും കലിമ അറിയുമല്ലോ? അപ്പോൾ പഠാൻ പറഞ്ഞു: 'എനിക്കും അറിയില്ല. ഇന്ന് എന്റെ ഭാഗ്യം വളരെ മോശമാണ്. ഇല്ലെങ്കിൽ നിന്നെക്കൊണ്ട് കലിമ ചൊല്ലിച്ച് ഞാൻ സ്വർഗ്ഗത്തിൽ പോകുമായിരുന്നു.' ഹുദൂർ പറഞ്ഞു: ഇതുപോലെ ഞാൻ ഉപദേശിച്ച് വീട്ടുടമയുടെ മനസ് മയപ്പെടുത്തി. അയാളുടെ മനസ് മയപ്പെട്ടപ്പോൾ അയാൾ പറഞ്ഞ കാര്യം എന്റെ കലിമയെ ആ കലിമയുടെ സ്ഥാനത്തുതന്നെ കുടിയിരുത്തിക്കളഞ്ഞു. മറുകക്ഷി വാടക കൊടുക്കുകയും അയാളുടെ അവകാശം കൈവശം വെക്കാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ ഞാൻ ആ വീട്ടുടമയെക്കൊണ്ട് കലിമ ചൊല്ലിക്കുമായിരുന്നു. (അൻവാറുൽ ഉലൂം, വാല്യം 18, പേജ് 220-221)

അതുകൊണ്ട് മുഅ്മിനീങ്ങൾ പരസ്പരമുള്ള കടമകൾ നിർവഹിക്കുന്നതിൽ താൽപര്യം കാണിക്കേണ്ടതാണ്. ഇത് കേവലം ഒരു സംഭവമല്ല. ധാരാളം സംഭവങ്ങളുണ്ട്. അതുകൊണ്ട് പ്രശ്നങ്ങൾ ഖളായിൽ വരുമ്പോൾ അല്ലെങ്കിൽ കാലത്തിന്റെ ഖലീഫയുടെ മുമ്പിൽ വരുമ്പോൾ എല്ലാ കാര്യങ്ങളും സത്യസന്ധതയിൽ അധിഷ്ഠിതമായിരിക്കേണ്ടതാണ്. അല്ലെങ്കിൽ നിങ്ങളുടെ കാര്യങ്ങൾ പറഞ്ഞ് പിന്നീട് കാലത്തിന്റെ ഖലീഫക്ക് നാണംകെടേണ്ടതായി വരും. അദ്ദേഹത്തെ നാണക്കേടിൽനിന്ന് രക്ഷിക്കാനും ശ്രമിക്കേണ്ടതാണ്.

ഇന്ന് ഞാൻ പറഞ്ഞതുപോലെ ഒരുപാട് പ്രശ്നങ്ങളുണ്ട്. അവകാശം കിട്ടേണ്ട വ്യക്തിയുടെ മനോഭാവത്തെ നാം മയപ്പെടുത്തിയാലും

അതു കൊടുക്കേണ്ട ആളുടെ മനോഭാവം കാരണത്താൽ കേസ് മുന്നോട്ടു പോകാത്ത ഒരുപാട് കേസുകളുണ്ട്. അതിനുശേഷം തങ്ങളോടു സൗമ്യമായി പെരുമാറിയില്ലെന്ന പരാതിയും ഉണ്ടാകുന്നു.

ഒരു സുന്ദര സമൂഹം കെട്ടിപ്പടുക്കുന്നതിൽ എന്തൊക്കെ കാര്യങ്ങളാണ് ഉണ്ടാകേണ്ടത്? ഏതു രീതിയിലുള്ള മനോഹരമായ സമൂഹമാണുണ്ടാകേണ്ടത്? മുസ്‌ലീംകളിൽ ഇരുഭാഗത്തുമുള്ള കക്ഷികൾ എങ്ങനെയാണ് തങ്ങളുടെ കടമകൾ നിറവേറ്റേണ്ടത്? ഇതുസംബന്ധമായി നബി(സ) തിരുമേനിയുടെ ചില നിർദേശങ്ങൾ നിങ്ങളുടെ മുൻപിൽ സമർപ്പിക്കുകയാണ്.

പരസ്പരമുള്ള ഇടപാടുകളിൽ അയവ് കാണിക്കുന്ന വ്യക്തിക്ക് ദുആ ചെയ്തുകൊണ്ട് അവിടന്ന് പറയുന്നു: ക്രയവിക്രയത്തിലും കടം തിരിച്ചു ചോദിക്കുന്നതിലും എളുപ്പം ഉണ്ടാക്കുന്ന വ്യക്തിയുടെമേൽ അല്ലാഹു കരുണ ചൊരിയുമാറാകട്ടെ.(സ്വഹീഹ് ബുഖാരി, കിതാബുൽ ബുയൂഅ് ഹദീഥ് 2076)

പിന്നീട് അവിടന്ന് എളുപ്പം ഉണ്ടാക്കുന്നവർക്ക് സന്തോഷവാർത്ത നല്കിക്കൊണ്ടും മറ്റുള്ളവരെ അതിലേക്ക് പ്രേരിപ്പിച്ചുകൊണ്ടും പറഞ്ഞു: വാങ്ങുന്ന നേരത്തും വില്ക്കുന്ന നേരത്തും കടം കൊടുക്കുന്ന നേരത്തും അത് തിരിച്ചു ചോദിക്കുന്ന നേരത്തും എളുപ്പമുണ്ടാക്കുന്ന ഒരാളുണ്ടായിരുന്നു. ഇക്കാരണത്താൽ അല്ലാഹു അയാളെ സ്വർഗത്തിൽ പ്രവേശിപ്പിച്ചു."(സ്വഹീഹ് ബുഖാരി, കിതാബുൽ അഹാദീഥുൽ അമ്പിയാ ഹദീഥ് 3451)

മറ്റൊരു നിവേദനത്തിൽ പറയുന്നു: "കടം വാങ്ങിയ ദരിദ്രന് അത് തിരിച്ചു നല്കാൻ സമയം നീട്ടി നല്കുകയോ അല്ലെങ്കിൽ അതു മാപ്പാക്കുകയോ ചെയ്യുന്ന വ്യക്തിക്ക് അല്ലാഹുവിന്റെ തണലല്ലാതെ മറ്റൊരു തണലും ഇല്ലാതിരിക്കുന്ന ഖിയാമത്തുനാളിൽ അല്ലാഹു തന്റെ അർശിനു കീഴിൽ തണലേകുന്നതാണ്."(സുനനുത്തുർമുദി അബ്‌വാബുൽ ബുയൂഅ് ഹദീഥ് 1306)

പിന്നീട് നബി(സ)തിരുമേനി ഒരാൾക്ക് അല്ലാഹു പൊറുത്തുകൊടുത്തതിനെ സംബന്ധിച്ച് വിവരിച്ചുകൊണ്ട് പറയുന്നു: ഒരു കച്ചവടക്കാരൻ ജനങ്ങൾക്ക് കടം നല്കാറുണ്ടായിരുന്നു. ദരിദ്രനായ വ്യക്തിയെ കണ്ടാൽ അയാൾ തന്റെ ജോലിക്കാരോട് പറയും, അയാളോട് വിട്ടുവീഴ്ച ചെയ്യുക അല്ലാഹു നമ്മോടും വിട്ടുവീഴ്ച ചെയ്തേക്കാം. അങ്ങനെ അയാളുടെ ആ പ്രവൃത്തി കാരണം അല്ലാഹു അയാൾക്ക് മാപ്പ് നല്കി."(സ്വഹീഹ് ബുഖാരി, കിതാബുൽ ബുയൂഅ് ഹദീഥ് 2078)

അതുകൊണ്ട് കലഹങ്ങളിലും പ്രശ്നങ്ങളിലും കോടതികളിലും കയറി ഇറങ്ങി അനാവശ്യമായി സമയവും ധനവും ചെലഴിക്കുന്നതിനുപകരം കഴിവുള്ളവർ സാധ്യമാകുന്നിടത്തോളം സൗകര്യം ചെയ്തുകൊടുക്കുകയാണു വേണ്ടത്.

കടം കൊടുക്കുന്നവരും അവകാശം കിട്ടേണ്ടവരും കാലയിളവ് അനുവദിക്കണമെന്ന് മാത്രമല്ല ഇസ്‌ലാം പറയുന്നത്. ഇരുവിഭാഗങ്ങളെയും അവരുടെ കടമകളിലേക്ക് ശ്രദ്ധക്ഷണിക്കുകയും അവരുടെ മനസ്സിലെ വിദ്വേഷം അകറ്റുകയും ചെയ്തു കൊണ്ട് ഒരു ശാന്തിനിർഭരമായ സമൂഹത്തെയാണ് ഇസ്‌ലാം പടുത്തുയർത്തുന്നത്. അതുകൊണ്ട് കടംവീട്ടേണ്ട വ്യക്തിയെയും അതു ഉപദേശിക്കുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഏതൊരു ഉദാഹരണമാണോ നൽകിയത് അതുപോലെ ധാരാളം ഉദാഹരണങ്ങൾ മുന്നിൽ വരുന്നുണ്ട്. ആളുകൾ നിർബന്ധമായ ഒരു ആവശ്യവുമില്ലാതെ കടം വീട്ടുന്നതിൽ വക്രതയോടെ പ്രവർത്തിക്കുന്നു. അത്തരം ആളുകളോട് ഒരിക്കലും ജമാഅത്ത് വ്യവസ്ഥിതി സഹകരിക്കുകയില്ല. സഹകരിക്കാനും സാധ്യമല്ല. അത്തരം ആളുകളുടെ കൂടെ നിൽക്കുകയാണെങ്കിൽ അവകാശങ്ങൾ തട്ടിപ്പറിച്ചെടുക്കുന്നവർക്ക് പൂർണസ്വാതന്ത്ര്യമായിരിക്കും ലഭിക്കുക. സമാധാനത്തിന് പകരം സമൂഹത്തിൽ ഫിത്നയും ഫസാദും ഉണ്ടാകുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ നിബന്ധനകളിൽ ഒന്ന് എല്ലാവിധ കുഴപ്പങ്ങളിൽ നിന്ന് വിട്ട് നില്ക്കാൻ ശ്രമിക്കും എന്നതാണ്.(ഇസാലയെ ഔഹാം, റൂഹാനീ ഖസായിൻ വാല്യം 3 പേജ് 564)

നബി(സ) തിരുമേനിയും ഇതുസംബന്ധിച്ച് നമുക്ക് നിർദേശം നല്കിയിട്ടുണ്ട്. ഒരു രിവായത്തിൽ വന്നിരിക്കുന്നു, നബി(സ)തിരുമേനി പറഞ്ഞു: 'സമ്പന്നൻ കടം വീട്ടാതെ ഒഴിഞ്ഞുമാറുന്നത് അക്രമമാണ്. നിങ്ങളിൽ ആരോടെങ്കിലും ഒഴിഞ്ഞു മാറുന്നവന്റെ പിന്നാലെ കൂടാൻ പറഞ്ഞാൽ നിങ്ങൾ അപ്രകാരം ചെയ്ത് മറ്റുള്ളവർക്ക് അർഹതപ്പെട്ടതു അയാളിൽ നിന്ന് നിർബന്ധിച്ച് വാങ്ങി കൊടുക്കേണ്ടതാണ്; കടം വാങ്ങിയത് തിരിച്ചു കൊടുപ്പിക്കേണ്ടതാണ്.'(സ്വഹീഹുൽ ബുഖാരി കിതാബുൽ ഹവാലാത്ത് ഹദീഥ് 2287)

ഇവിടെ സൗമ്യതയോ ദാക്ഷിണ്യമോ കാണിക്കേണ്ടതില്ല. കാരണം, അയാൾക്ക് അതിനുള്ള കഴിവുണ്ട്. എന്നല്ല ഞാൻ പറഞ്ഞതുപോലെ നിങ്ങൾ ചെയ്യുന്നില്ലെങ്കിൽ അതുമുഖേന ബലാൽക്കാരമായി ഒരാളുടെ ധനം എടുക്കുന്നവന് തന്റേടമുണ്ടായിക്കൊണ്ടു പോകുന്നതാണ്.

മറ്റൊരിടത്ത് നബി(സ) തിരുമേനി പറഞ്ഞു: 'കടം വീട്ടാതെ നിസ്സാര കാരണങ്ങൾ പറഞ്ഞ് ഒഴിഞ്ഞു മാറുന്നത് അയാളെ മാനക്കേടിനും ശിക്ഷയ്ക്കും അർഹനാക്കുന്നു.'(സുനൻ അബൂദാവൂദ് കിതാബുൽ അഖ്ളിയ ഹദീഥി 3628)

ആയതിനാൽ, അവകാശങ്ങൾ തട്ടിയെടുക്കുന്ന അത്തരം ആളുകൾക്ക്, അവർ സഹകരിക്കുന്നില്ലെങ്കിൽ, ശിക്ഷ നല്കേണ്ടത് ജമാഅത്ത് വ്യവസ്ഥിതിയുടെ ചുമതലയാണ്. ഖളായുടെ തീരുമാനപ്രകാരം പ്രവർത്തിക്കാത്തവർക്കും അവകാശധ്വംസകർക്കും ശിക്ഷ ലഭിക്കുമ്പോൾ തങ്ങളോട് ദാക്ഷിണ്യത്തോടെ പെരുമാറിയില്ലെന്ന് ബഹളം വെയ്ക്കരുത്. അവന് ശിക്ഷ നല്കാനുള്ള അവകാശം അല്ലാഹുവിന്റെ റസൂൽ ജമാഅത്ത് വ്യവസ്ഥിതിക്കു നല്കിയിരിക്കുന്നു. അത്തരം ആളുകൾക്ക് നാട്ടിലെ നിയമവും ശിക്ഷ നല്കാറുണ്ട്.

അവകാശം നല്കാത്ത ആളുകളെ കുറിച്ച് നബി(സ) തിരുമേനിയുടെ വളരെ ഭീഷണവും ഭയപ്പെടുത്തുന്നതുമായ മറ്റൊരു നിർദേശം കൂടിയുണ്ട്. അത് അവകാശം അപഹരിക്കുന്നവൻ തന്റെ മുന്നിൽ വെക്കുകയാണെങ്കിൽ ഒരിക്കലും അന്യന്റെ മുതൽ കൈവശം വെക്കുന്നതിനെ കുറിച്ച് ഒരിക്കലും ചിന്തിക്കുകയില്ല. അവിടന്ന് പറഞ്ഞു: വീട്ടണമെന്ന ഉദ്ദേശ്യത്തോടെ ആരാണോ ജനങ്ങളിൽ നിന്ന് ധനമോ കടമോ വാങ്ങിയത് അല്ലാഹു അവനുവേണ്ടി കടം തിരിച്ചു കൊടുപ്പിക്കുന്നതാണ്. എന്നാൽ, ആരാണോ ധനം തിന്നുതീർക്കണമെന്നും ധൂർത്തടിക്കണമെന്നുമുള്ള ഉദ്ദേശ്യത്തോടെ പണം വാങ്ങുന്നത് അല്ലാഹുവും അവനെ നശിപ്പിക്കുന്നതാണ്."(സ്വഹീഹ് ബുഖാരി കിതാബു ഫിൽ ഇസ്തിഖറാള് ഹദീഥു 2387)

ഉദ്ദേശ്യം നല്ലതാണെങ്കിൽ അല്ലാഹു അതിനുള്ള മാർഗങ്ങൾ സജ്ജമാക്കിത്തരുന്നു. അല്ലെങ്കിൽ കടം കൊടുത്തയാളുടെ മനസ്സ് മയപ്പെടുത്തുന്നു. എന്നാൽ, ഉദ്ദേശ്യംതന്നെ നല്ലതല്ലെങ്കിൽ അല്ലാഹു അവന് ശിക്ഷ നല്കുന്നു. കടം വീട്ടാൻ മതിയായ സ്വത്തോ പണമോ ഇല്ലാതെ മരിച്ചവരുടെ ജനാസ നബി(സ) തിരുമേനി നമസ്കരിക്കാറില്ലായിരുന്നു. അയാളുടെ സ്വത്തുക്കളോ അല്ലെങ്കിൽ നിലവിലുള്ള തുകയോ ആ കടം വീട്ടാൻ ജാമ്യം നിന്നാലൊഴികെ. (സഹീഹുൽ ബുഖാരി, കിതാബുൽ ഹവാലാത്ത്, ഹദീദ് 22:89)

കടത്തിൽ നിന്ന് രക്ഷപ്പെടാൻ നബി(സ) തിരുമേനി ദുആ ചെയ്യാറുണ്ടായിരുന്നു. എന്നല്ല, വായ്പയെയും കുഫ്റിനെയും ചേർത്തു പറഞ്ഞിട്ടുമുണ്ട്. ഒരു സ്വഹാബി രിവായത്ത് ചെയ്യുന്നു: നബി(സ) തിരുമേനി ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: 'ഞാൻ കുഫ്റിൽ നിന്നും കടത്തിൽനിന്നും അല്ലാഹുവിനെ അഭയം പ്രാപിക്കുന്നു. ഒരാൾ നബി(സ) തിരുമേനിയോട് ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, കടം കുഫ്റിനു തുല്യമായിട്ടാണോ വരിക? നബി(സ) തിരുമേനി പറഞ്ഞു: അതേ.'(സുനൻ നിസാഈ കിതാബുൽ ഇസ്തിആദ ഹദീഥ് 5475). ഇതുസംബന്ധമായി കൂടുതൽ വിശദീകരണം ഹദ്റത്ത് ആയിശാ(റ)യുടെ ഒരു രിവായത്തിൽനിന്ന് ലഭിക്കുന്നുണ്ട്. അവിടന്ന് പറയുന്നു: നബി(സ) തിരുമേനി നമസ്കാരത്തിൽ ഇങ്ങനെ പ്രാർഥിക്കാറുണ്ടായിരുന്നു. അല്ലാഹുവേ, ഞാൻ കടത്തിൽനിന്ന് നിന്നെ അഭയം പ്രാപിക്കുന്നു. ആരോ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, താങ്കൾ അല്ലാഹുവിനോട് കടത്തെ സംബന്ധിച്ച് എത്രമാത്രം അധികമായാണ് അഭയം തേടുന്നത്. അപ്പോൾ നബി(സ) പറഞ്ഞു: ഒരാൾ കടക്കാരനാകുമ്പോൾ അവൻ പറഞ്ഞുപറഞ്ഞ് കളവ് പറയുകയും വാഗ്ദാനം ചെയ്ത് അതിന്നെതിരിൽ പ്രവർത്തിക്കുകയും ചെയ്യുന്നു.' (സഹീഹ് ബുഖാരി, കിതാബുൽ അദാൻ, ഹദീദ് 832)

അഭയം തേടാൻ പറഞ്ഞിരിക്കുന്നതും അതുകൊണ്ടാണ്. നേരിട്ട് കടം വാങ്ങുന്നവർ കഴിവിന്റെ പരമാധി അതിൽനിന്ന് വിട്ടു നില്ക്കേണ്ടതാണ്. ഇനി വാങ്ങിയാൽ, അത് വീട്ടാനുള്ള ചിന്തയുണ്ടായിരിക്കണം. അവകാശങ്ങൾ നിറവേറ്റുക, അത് കടംപോലെതന്നെയാണ്. അത് നിർവഹിക്കുന്നതിലേക്കും ഗൗരവത്തോടെ പ്രവർത്തിക്കേണ്ടതാണ്. ഖളായുടെ തീരുമാനത്തിനുശേഷം അവകാശങ്ങളും കടവും മാപ്പ് ചെയ്യിക്കണമെങ്കിൽ രണ്ടാമത്തെ കക്ഷിയെക്കൊണ്ട് മാപ്പ് ചെയ്യിക്കേണ്ടതാണ്. ആരുടെ അവകാശമാണോ നിറവേറ്റേണ്ടത് അവൻതന്നെയാണ് തന്റെ അവകാശം മാപ്പ് ചെയ്ത് കൊടുക്കേണ്ടതും; അല്ലെങ്കിൽ അതിൽ ഇളവ് നല്കേണ്ടത്. അതുകൊണ്ട് ജമാഅത്തംഗങ്ങൾ ഇതിൽ ഒരുപാട് ശ്രദ്ധിക്കേണ്ടതുണ്ട്. കടം വീട്ടുന്നതുമായി ബന്ധപ്പെട്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ഒരു പരിഹാരം നിർദേശിച്ചിട്ടുണ്ട്. കടം വാങ്ങുന്നവർ ഇതനുസരിച്ച് പ്രവർത്തിച്ചു നോക്കുക. അവിടന്ന് പറഞ്ഞു: ഒന്നാമതായി, അധികമായി ഇസ്തിഗ്ഫാർ ചെയ് തുകൊണ്ടിരിക്കുക. രണ്ടാമതായി അനാവശ്യ ചെലവുകൾ ഉപേക്ഷിക്കുക. അനാവശ്യച്ചെലവ് കാരണത്താലാണ് പലരും കടം വാങ്ങുന്നത്. അവർ ആഗ്രഹങ്ങൾ വർധിപ്പിക്കുന്നു. മൂന്നാമതായി, ഒരു പൈസപോലും ലഭിച്ചാൽ അത് കടം വീട്ടുക." (ബദ്ർ വാല്യം 11 നമ്പർ 2-3, 1911 നവംബർ 9). ചെറിയ ചെറിയ തുകകളും എവിടെനിന്നെങ്കിലും നിങ്ങളുടെയടുക്കൽ വരികയും സ്വന്തം ചെലവ് ചെയ്തതിനുശേഷം എത്രത്തോളം തുക വീട്ടേണ്ടതുണ്ടോ ആ തുക നല്കാൻ ശ്രദ്ധിക്കേണ്ടതാണ്. അത് അടച്ചുകൊ

# ഇൻഫാഖ് ഫീ സബീലില്ലാഹ്
# ദൈവമാർഗത്തിൽ ചെലവഴിക്കൽ

മൗലാനാ അത്വാഉൽ മുജീബ് റാശിദ് (ഇമാം മസ്ജിദ് ഫദ്ൽ ലണ്ടൻ.)

(രണ്ടാം ഭാഗം)

**തിരുഹദീഥുകൾ:**

അല്പംചില വിശുദ്ധഖുർആൻ വചനങ്ങളിൽനിന്ന് അനുഗ്രഹമെടുത്തതിനുശേഷം നമുക്കിനി നമ്മുടെ പ്രിയപ്പെട്ട റസൂൽ ഹദ്റത്ത് ഖാത്തമുൽ അമ്പിയാ മുഹമ്മദ് മുസ്തഫാ (സ) വിവരിച്ചിട്ടുള്ള ചില നിർദ്ദേശങ്ങളിൽനിന്ന് അനുഗ്രഹവും മാർഗദർശനവും കരസ്ഥമാക്കാം. നബി(സ)തിരുമേനി നിരക്ഷരനായ പ്രവാചകനായിരുന്നു. അവിടന്ന് ഒരു മനുഷ്യനിൽനിന്നും അറിവ് പഠിച്ചിട്ടില്ല. എല്ലാം അറിയുന്നവനായ അല്ലാഹു തന്നെയായിരുന്നു ആ ദിവ്യാത്മാവിന്റെ ഗുരു. യഥാർഥ അധ്യാപകനായ ആ ഗുരു അങ്ങേയ്ക്ക് അറിവുകളും ജ്ഞാനങ്ങളും പഠിപ്പിച്ചു. അവിടന്ന് മുഴുലോകത്തിനും മാർഗദർശിയും വഴികാട്ടിയുമായിത്തീർന്നു. സാമ്പത്തികത്യാഗങ്ങളുടെ വിഷയത്തിലും ആ പുണ്യാത്മാവ് തന്റെ സമുദായത്തിന് അതുല്യമായ മാർഗദർശനം നല്കി. ചില നിർദ്ദേശങ്ങൾ മാതൃക എന്ന നിലയിൽ സമർപിക്കുകയാണ്. ഓരോരോ നിർദ്ദേശങ്ങളും ശ്രദ്ധയോടുകൂടി വായിക്കാനും ഓർമിക്കാനും സുയോഗ്യമാണ്.

* ഖുദ്സിയായ ഒരു ഹദീഥിൽ വന്നിരിക്കുന്നു; 'ഓ, ആദമിന്റെ മകനേ! നീ മനസ്സറിഞ്ഞ് അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുക. അല്ലാഹു നിന്റെമേലും ചെലവഴിക്കുന്നതാണ്.' (മുസ്‌ലിം, കിത്താബുസ്സക്കാത്ത്, ഹദീഥ് 2308)

* പറഞ്ഞു: 'അല്ലാഹു ധനം പ്രദാനം ചെയ്യുകയും പിന്നീട് ആ ധനത്തെ അതിന്റെ യഥാർഥമായ സ്ഥാനത്ത് ചെലവഴിക്കാൻ അസാധാരണമായ കഴിവും തന്റേടവും നല്കിയിരിക്കുന്ന മനുഷ്യൻ അസൂയാർഹനാണ്.' (ബുഖാരി, കിത്താബുസ്സക്കാത്ത്)

* പറഞ്ഞു: കൂടുതൽ ധനമുള്ളവനല്ല സമ്പന്നൻ. മറിച്ച്, യഥാർഥ സമ്പന്നൻ ഹൃദയത്തിന്റെ സമ്പന്നനാണ്. അതായത്, ദൈവമാർഗത്തിൽ ഹൃദയം തുറന്ന് ചെലവഴിക്കുന്നവൻ.'(തിർമുദി, അബൂവാബുസ്സുഹ്ദ്)

*'ആരാണോ അല്ലാഹുവിന്റെ വഴിയിൽ കുറച്ച് ചെലവഴിക്കുന്നത് അവന് അതിന്റെ പകരമായി എഴുന്നൂറിരട്ടി പുണ്യം ലഭിക്കുന്നതാണ്.' (തുർമുദി)

*'നന്മയുടെ എല്ലാ കവാടങ്ങളിലുംവെച്ച് ഉത്തമമായ കവാടം ദാനധർമത്തിന്റേതാണ്. (അൽമുഅ്ജമുൽ കബീർ ലിത്വബ്റാനി ഹദീദ് 12663, കൻസുൽ ഉമ്മാൽ, ഹദീഥ് 16,015)

*'ഓരോ ദിവസവും രാവിലേയും വൈകുന്നേരവും രണ്ട് മലക്കുകൾ ഇറങ്ങുന്നു. അവരിൽ ഒരുവൻ പറയുന്നു: 'അല്ലാഹുവേ, ദൈവമാർഗത്തിൽ ചെലവഴിക്കുന്നവന് ഉത്തമമായ പ്രതിഫലം നല്കിയാലും. അവന്റെ കാൽപാടുകളെ പിന്തുടർന്നവരെ ഇനിയും സൃഷ്ടിച്ചാലും. രണ്ടാമൻ പറയും: 'അല്ലാഹുവേ, ധനം തടഞ്ഞുവെക്കുന്നവന് നാശവും തകർച്ചയും വിധിച്ചാലും.' (ബുഖാരി, കിത്താബുസ്സുഹ്ദ്)

(ആരാണോ നല്ലവരും സ്വാലിഹീംകളുമായ മക്കളെകൊണ്ട് പിന്തള്ളപ്പെട്ടത് അവർക്ക് ഈ ഹദീഥിൽ ഒരു മഹത്തായ ഉപദേശമുണ്ട്. പരീക്ഷിക്കുന്നവരേ! ഈ കുറിപ്പും പരിശോധിച്ചുനോക്കുക.)

* 'നിങ്ങളുടെ യഥാർഥ ധനം എന്നു പറയുന്നത് ദൈവമാർഗത്തിൽ ചെലവഴിച്ച് മുമ്പോട്ട് അയച്ചുകഴിഞ്ഞിട്ടുള്ളതാണ്. ബാക്കിയുള്ളത് അനന്തരാവകാശികളുടെ സ്വത്താണ്.' (മുസ്‌ലിം, കിത്താബുസ്സുഹ്ദ്, ഹദീഥ് 2383)

* 'മുസ്‌ലിമായ മനുഷ്യന്റെ ധർമം ചെയ്യൽ അവന്റെ ആയുസ് വർധിപ്പിക്കുകയും ദോഷകരമായ മരണത്തിൽനിന്ന് രക്ഷിക്കുകയും ചെയ്യുന്നു.' (കൻസുൽ ഉമ്മാൽ, ഹദീഥ് 16062)

* 'പറഞ്ഞു ഓരോ സമുദായത്തിനും ഓരോ പരീക്ഷണമുണ്ട്. എന്റെ സമുദായം പരീക്ഷിക്കപ്പെടുന്നത് ധനംകൊണ്ടാണ്.'(തിർമിദി, കിത്താബുസ്സുഹ്ദ്)

*"അല്ലാഹുവിന്റെ വഴിയിൽ എണ്ണിയെണ്ണി ചെലവഴിക്കരുത്. അങ്ങനെയായാൽ അല്ലാഹു നിങ്ങൾക്കും എണ്ണിയെണ്ണിയായിരിക്കും നല്കുന്നത്. നിങ്ങളുടെ പണത്തിന്റെ സഞ്ചിയുടെ വായ പിശുക്ക് കാണിച്ച് അടച്ചുവെക്കരുത്. പിന്നീട് അതിന്റെ വായ അടഞ്ഞുതന്നെയിരിക്കും. എത്ര കഴിവുണ്ടോ ഹൃദയം തുറന്ന് ചെലവഴിക്കുക.' (ബുഖാരി, കിതാബുസ്സക്കാത്ത്)

വിശുദ്ധഖുർആനിൽനിന്നും ഹദീഥുകളിൽനിന്നും കിട്ടുന്ന ഈ മാർഗദർശനം ദീനിന്റെ ആവശ്യത്തിനുവേണ്ടി ചെയ്യുന്ന സാമ്പത്തികത്യാഗം ദൈവസാമീപ്യവും ദൈവപ്രീതിയും പ്രാപിക്കുന്നതിനുള്ള ഖണ്ഡിതവും ഉറപ്പുമായ മാർഗമാണെന്ന യാഥാർഥ്യത്തെ നല്ലവണ്ണം വെളിപ്പെടുത്തുന്നു. ഈ സാമ്പത്തികത്യാഗങ്ങളുടെ ഫലമായി ഒന്ന് ത്യാഗം ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ പ്രീതി ലഭിക്കുന്നു. മറുഭാഗത്ത് ദയാലുവും ഉദാരനുമായ അല്ലാഹു ഈ ലോകത്ത് അത്തരം ആത്മാർഥരായ മനുഷ്യർക്ക് അനുഗ്രഹം ചെയ്യാൻ തുടങ്ങുന്നു. അവന്റെ സഞ്ചികൾ തന്റെ കൃപകൾകൊണ്ട് നിറയ്ക്കുകയും കണക്കറ്റ് നൽകുകയും ചെയ്യുന്നു. അവന്റെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ദൂരീകരിക്കുന്നു. അവന്റെ ജീവിതത്തിൽ അനുഗ്രഹം നല്കുന്നു. ഇതു മാത്രമല്ല, മറിച്ച് അവന് ഈ ജീവിതത്തിൽ ത്തന്നെ സ്വർഗത്തിന്റെ അവസ്ഥകളും പ്രദാനം ചെയ്യുന്നു. സ്വയം അവന്റെ ആവശ്യങ്ങളുടേയും ആഗ്രഹങ്ങളുടേയും ജാമ്യക്കാരനായി മാറുന്നു. ദൈവമാർഗത്തിൽ ചെലവഴിക്കുന്നവർക്കുവേണ്ടി ഖണ്ഡിതമായ വാഗ്ദാനം നല്കി സത്യസന്ധനായ അല്ലാഹു പരലോകത്ത് സ്വർഗം എടുത്തുവെച്ചിരിക്കുന്നു. അതിൽ ഒരുതരത്തിലുള്ള വീഴ്ചയും ഉണ്ടാകുന്നതല്ല.

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദ്ദേശങ്ങൾ:**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ എഴുത്തുകളിലും മൽഫൂദാത്തുകളിലും ദൈവമാർഗത്തിൽ ചെലവഴിക്കുന്നവരുടെ വിഷയത്തിൽ വളരെ വിശദീകരിച്ച് വെളിച്ചം വീശിയിട്ടുണ്ട്. ആവർത്തിച്ചാവർത്തിച്ച് തന്നെ വിശ്വസിക്കുന്നവർക്ക് അതിന്റെ പ്രാധാന്യവും ഗുണവും ആവശ്യകതയും സംബന്ധിച്ച് പറഞ്ഞുകൊടുത്തുകൊണ്ട് ഈ മാർഗത്തിൽ മുന്നോട്ടുകുതിക്കാൻ ഉപദേശിക്കുകയും ചെയ്തു. വിശാലമായ ആ ഖജനാവിൽനിന്ന് ചില മാതൃകകൾ ഞാൻ നിങ്ങളുടെ സന്നിധിയിൽ സമർപിക്കുകയാണ്. അറിവിന്റേയും വിജ്ഞാനത്തിന്റേയും ആത്മീയമായ സ്വാധീനത്തിന്റേയും അടിസ്ഥാനത്തിൽ ഈ ശക്തമായ നിർദ്ദേശങ്ങൾക്ക് വളരെ വലിയ സ്ഥാനമാണുള്ളത്. ഈ വാക്യങ്ങൾക്ക് നിങ്ങളുടെ മനസ്സിൽ സ്ഥലം കൊടുക്കേണ്ട ആവശ്യമു

---

ണ്ടിരിക്കുക. അല്ലെങ്കിൽ ഗഡുക്കളായിട്ട് കൊടുത്തുകൊണ്ടിരിക്കുക. എന്തായാലും ഒരു ചിന്തയുണ്ടാകേണ്ടതാണ്. ചെറിയ തുകയാണ് നിങ്ങൾക്ക് കിട്ടുന്നതെങ്കിലും അതിൽനിന്ന് മാറ്റിവെക്കാൻ കഴിയും. സ്വന്തം ബുദ്ധിമുട്ടിയാണെങ്കിലും മാറ്റിവെക്കണം. അതുമുഖേന കടത്തുക വീട്ടേണ്ടതുമാണ്.

ചിലയാളുകൾ വളരെ താൽപര്യത്തോടെ കടം വാങ്ങാറുണ്ട്. ഇത് അനാവശ്യ ചെലവാണ്. ആരോ എനിക്ക് എഴുതി. എന്റെ കൈയിൽ കാർ എന്തായാലും ഉണ്ട്. പക്ഷേ, ഇന്നയാളുടെ കാർ എനിക്ക് വളരെ ഇഷ്ടമാണ്. പണമില്ല. ബാങ്കിൽനിന്ന് കടമെടുത്ത് ഞാൻ കാർ വാങ്ങിക്കൊള്ളട്ടെ. ഒരു പ്രാവശ്യം മനുഷ്യൻ കടം വാങ്ങുകയാണെങ്കിൽ പിന്നീട് കടത്തിൽ കുടുങ്ങിക്കൊണ്ടേപോകും. അതുകൊണ്ട് ഇത്തരം വ്യർഥമായ ആഗ്രഹങ്ങളിൽനിന്ന് രക്ഷപ്പെടേണ്ടതാണ്. ഇപ്രകാരംതന്നെ ധാരാളം ആളുകൾ തൊഴിലുകൾക്കായി കടമെടുക്കുന്നു. ഒരു പരിചയവുമുണ്ടാകുകയില്ല. ചെറുപ്പക്കാർ കച്ചവടങ്ങളുടെ പേരിൽ ജനങ്ങളിൽനിന്ന് തുകകൾ വാങ്ങുന്നു. പരിചയമില്ലാത്ത കാരണത്താൽ എല്ലാ കച്ചവടവും നശിക്കുന്നു. സ്വയം ആശ്രിതനായിത്തീരുന്നു. ജനങ്ങളുടെ കാശുംവാങ്ങി മുങ്ങി. അത്തരം ആളുകൾ സൂക്ഷിക്കേണ്ടതാണ്. കൊടുക്കുന്ന ആളുകളും പിന്നീട് പരാതിയുണ്ടാകാതിരിക്കാനും കേസ് കൊടുക്കാതിരിക്കാനും സൂക്ഷിക്കേണ്ടതാണ്. ആർക്കാണെങ്കിലും ആദ്യമേതന്നെ ചിന്തിച്ചും ആലോചിച്ചും കടം കൊടുക്കേണ്ടതാണ്. ഇനി ഏതെങ്കിലും തൊഴിലിൽ ഇറക്കണമെങ്കിൽ അവന്റെ സ്വന്തം തുകയും മുങ്ങിപോയെന്ന് മാത്രമല്ല ആർക്കാണോ നല്കിയിട്ടുള്ളത് ആ പാവവും-പാവമെന്ന് പറയാൻ പറ്റില്ല, ചിലപ്പോൾ ദ്രോഹിക്കാൻവേണ്ടി ജനങ്ങൾ അങ്ങനെ ചെയ്യാറുണ്ട്, അല്ലെങ്കിൽ ഉദ്ദേശ്യം ശരിയായിരിക്കുകയില്ല- ഇക്കാരണത്താൽ പിന്നീട് കേസുകളിൽ കുടുങ്ങി നിന്ദിതനും അപമാനിതനുമായിത്തീരുന്നു. എന്തായാലും ഒരു സമാധാനപരമായ സമൂഹം നമ്മുടെ ഉള്ളിൽ എന്നെന്നും നിലനില്ക്കുന്നതിനുവേണ്ടി ഈ കാര്യങ്ങളിൽനിന്ന് നമ്മൾ രക്ഷപ്പെടേണ്ടതാണ്.

അല്ലാഹു നമുക്ക് നമ്മുടെ ജീവിതത്തിൽ ഒരു വിശ്വാസിയുടെ യഥാർഥ വർണം ചാർത്താനുള്ള തൗഫീഖ് തന്നനുഗ്രഹിക്കുമാറാകട്ടെ. നമ്മൾ ഒരു സമാധാനനിർഭര സമൂഹം കെട്ടിപ്പടുക്കുന്നവരാകട്ടെ. നബി(സ)തിരുമേനി ഉദ്ബോധിപ്പിച്ച, വിശുദ്ധഖുർആൻ പരാമർശിച്ച, ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്ന ആ ഉന്നതധാർമ്മിക ഗുണങ്ങൾ നാം സ്വായത്തമാക്കുന്നവരാകട്ടെ.

❋

ണ്ട്. അവിടന്ന് പറയുന്നു: ' പരിശുദ്ധമായ ജീവിതത്തിന്റെ അനന്തരാവകാശിയാകുന്നതിന് അല്ലാഹുവിന്റെ വഴിയിൽ തന്റെ മുഴുവൻ ശക്തികളേയും കഴിവുകളേയും ജീവിതാവസാനംവരെ വഖ്ഫ് ചെയ്യുക. ഇതാണ് സത്യമായ ഇസ്‌ലാം.' (അൽഹകം, വാള്യം 4, നമ്പർ 29, 1900, ആഗസ്ത് 16, പേജ് 3, മൽഫൂദാത്ത്, വാള്യം 2, പേജ് 90)

“യഥാർഥ അന്നദാതാവ് അല്ലാഹുവാണ്. ആരാണോ അല്ലാഹുവിൽ വിശ്വസിക്കുന്നത് അവൻ ഒരിക്കലും അന്നത്തിൽനിന്ന് പിന്തള്ളപ്പെടുകയില്ല. അവൻ എല്ലാതരത്തിലും എല്ലായിടത്തുനിന്നും തന്നെ വിശ്വസിക്കുന്നവർക്ക് അന്നം എത്തിച്ചുകൊടുക്കുന്നു. അല്ലാഹു പറയുന്നു: 'ആരാണോ എന്നെ വിശ്വസിക്കുകയും എന്നിൽ ഭരമേല്പിക്കുകയും(തവക്കുൽ) ചെയ്യുന്നത് അവനുവേണ്ടി ആകാശത്തുനിന്ന് വർഷിക്കുകയും കാലടികളിൽനിന്ന് പുറത്തുകൊണ്ടുവരികയും ചെയ്യുന്നതാണ്. അതുകൊണ്ട് എല്ലാ ഓരോ വ്യക്തിയും അല്ലാഹുവിൽ വിശ്വസിച്ചു കൊള്ളട്ടെ.' (മൽഫൂദാത്ത്, വാള്യം 9, പേജ് 360)

പറയുന്നു: 'അത്യാവശ്യമായ കാര്യങ്ങളിൽ ആരാണോ ചെലവഴിക്കുന്നത് ആ ധനം ചെലവഴിക്കുന്നതുകൊണ്ട് അവന്റെ ധനത്തിൽ എന്തെങ്കിലും കുറവുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. മറിച്ച്, അവന്റെ ധനത്തിൽ അനുഗ്രഹമുണ്ടായിരിക്കും. അതുകൊണ്ട് അല്ലാഹുവിൽ തവക്കുൽ ചെയ്ത് പൂർണമായ സൽസ്വഭാവത്തോടും ആവേശത്തോടും തന്റേടത്തോടുംകൂടി പ്രവർത്തിക്കുക. സേവനത്തിനുള്ള സമയമിതാണ്. പിന്നീട് ഒരു കാലം വരും. ഒരു സ്വർണത്തിന്റെ മലതന്നെയും അന്ന് ഈ വഴിയിൽ ചെലവഴിച്ചാൽ ഇക്കാലത്തുള്ള ഒരു പൈസക്കുപോലും അത് സമമാകുകയില്ല...... അല്ലാഹു തുടർച്ചയായി വെളിപ്പെടുത്തിയിരിക്കുന്നു. യഥാർഥവും ഖണ്ഡിതവുമായ നിലയിൽ ഈ ജമാഅത്തിൽ പ്രവേശിച്ചവനായി ആരാണോ മനസ്സിലാക്കുന്നത് അവൻ തന്റെ പ്രിയപ്പെട്ട ധനം ഈ മാർഗത്തിൽ ചെലവഴിക്കുന്നതാണ്.'

മനുഷ്യന് രണ്ട് കാര്യങ്ങളെ ഒരുമിച്ച് സ്നേഹിക്കാൻ സാധിക്കുകയില്ലെന്നത് പ്രകടമാണ്. ധനത്തെ സ്നേഹിക്കുകയും അതിനോടൊപ്പം ദൈവത്തെ സ്നേഹിക്കുകയും ചെയ്യുക നിങ്ങൾക്ക് അസംഭാവ്യമാണ്. ഒന്നിനെ മാത്രമേ സ്നേഹിക്കാൻ സാധിക്കുകയുള്ളൂ. ദൈവത്തെ സ്നേഹിക്കുന്നവനാണ് ഭാഗ്യവാൻ. നിങ്ങളിലാരെങ്കിലും ദൈവത്തെ സ്നേഹിച്ചുകൊണ്ട് അവന്റെ വഴിയിൽ ധനം ചെലവഴിച്ചാൽ അവന്റെ ധനത്തിൽ മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ അനുഗ്രഹം ഉണ്ടാകുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. കാരണം ധനം സ്വയമേവ വരുന്നതല്ല. മറിച്ച് ദൈവത്തിന്റെ തീരുമാനത്താലാണ് വരുന്നത്. അതിനാൽ ആരാണോ ദൈവത്തിനുവേണ്ടി ധനത്തിന്റെ കുറച്ചുഭാഗം ഉപേക്ഷിക്കുന്നത് അവൻ തീർച്ചയായും അത് പ്രാപിക്കുന്നവനാണ്. പക്ഷേ, ആരാണോ ധനത്തെ സ്നേഹിച്ചുകൊണ്ട് ദൈവമാർഗത്തിൽ സേവനം ചെയ്യാത്തത് അവൻ തീർച്ചയായും ആ ധനത്തെ കളഞ്ഞുകുളിക്കുന്നതാണ്.

“ധനം നിങ്ങളുടെ ശ്രമത്താൽ വരുന്നുവെന്ന് ധരിക്കരുത്. മറിച്ച്, ദൈവത്തിൽനിന്നാണ് വരുന്നത്. നിങ്ങൾ ധനത്തിന്റെ ഏതെങ്കിലും ഭാഗം നല്കി അല്ലെങ്കിൽ ഏതെങ്കിലും മറ്റൊരുരീതിയിൽ സേവനമനുഷ്ഠിച്ചുകൊണ്ട് അല്ലാഹുവിനോടും അവന്റെ ദൂതനോടും ഔദാര്യം ചെയ്യുന്നുവെന്ന് ധരിക്കരുത്. ഈ സേവനത്തിനുവേണ്ടി വിളിക്കുന്നുവെന്നത് അല്ലാഹുവിന്റെ ഔദാര്യമാണ്. ഞാൻ ആവർത്തിച്ചാവർത്തിച്ച് നിങ്ങളോട് പറയുന്നു, അല്ലാഹു നിങ്ങളുടെ സേവനങ്ങൾക്ക് അല്പംപോലും ആശ്രിതനല്ല. നിങ്ങൾക്ക് സേവനം ചെയ്യാനുള്ള അവസരം നല്കുന്നുവെന്നത് അവന്റെ കൃപയാണ്.' (മജ്മൂഅ ഇശ്തിഹാറാത്ത്, വാള്യം 3, പേജ് 497-498)

'ഞാൻ തീർച്ചയായും മനസ്സിലാക്കുന്നു, പിശുക്കും വിശ്വാസവും ഒരു മനസ്സിൽ കൂടിച്ചേരുകയില്ല. ആരാണോ സത്യസന്ധതയോടുകൂടി അല്ലാഹുവിൽ വിശ്വസിക്കുന്നത് അവൻ സ്വന്തം പെട്ടിയിൽ ഇരിക്കുന്നതാണ് തന്റെ ധനമെന്ന് മാത്രം മനസ്സിലാക്കുകയില്ല. മറിച്ച്, അവൻ ദൈവത്തിന്റെ എല്ലാ ഖജനാവുകളേയും തന്റെ ഖജനാവായി മനസ്സിലാക്കുന്നു. അതുകൊണ്ട് ഈ രീതിയിൽ പണം തടഞ്ഞുവെക്കൽ അവനിൽനിന്ന് അകലുന്നു; വെളിച്ചം വരുമ്പോൾ ഇരുട്ട് അകലുന്നതുപോലെ. നിങ്ങൾ എന്തെങ്കിലും നന്മ ചെയ്തും ഈ സമയത്ത് ഏതെങ്കിലും സേവനവും ചെയ്തും നിങ്ങളുടെ വിശ്വസ്തതയിൽ സീൽ വെപ്പിച്ചാൽ നിങ്ങളുടെ ആയുസ് വർധിക്കുന്നതാണ്. നിങ്ങളുടെ ധനങ്ങളിൽ അനുഗ്രഹം നല്കപ്പെടുന്നതുമാണ്.' (മജ്മൂഅ ഇശ്തിഹാറാത്ത് , വാള്യം 3, പേജ് 498)

'നമ്മുടെ പക്കൽ ഏറ്റവും വലിയ ആവശ്യം ഇന്ന് ഇസ്‌ലാമിന്റെ ജീവനമാണ്. ഇസ്‌ലാം എല്ലാതരത്തിലുള്ള സേവനത്തിനും ഇന്ന് ആശ്രിതമാണ്. അതിന്റെ ആവശ്യങ്ങളിൽ ഏതെങ്കിലും ഒരാവശ്യത്തെ നമുക്ക് മുന്തിക്കാൻ പറ്റുകയില്ല. ഇന്ന് ഏറ്റവും വലിയ ആവശ്യം സാധ്യമാകുന്നിടത്തോളം ചെയ്യാവുന്നിടത്തോളം ഇസ്‌ലാമിന് സേവനം ചെയ്യുക എന്നതാണ്. എത്രത്തോളം പണമുണ്ടോ അത് ഇസ്‌ലാമിന്റെ ജീവനത്തിനായി ചെലവഴിക്കുക.' (മൽഫൂദാത്ത്, വാള്യം 2, പേജ് 327)

തങ്ങൾ ബയ്അത്ത് ചെയ്തവരിൽ ഉൾപ്പെടുന്നു എന്ന് മനസ്സിലാക്കുന്ന എല്ലാ ഓരോ വ്യക്തിയ്ക്കും തന്റെ ധനവും ഈ ജമാഅത്തിനുവേണ്ടി ചെലവഴിക്കാനുള്ള സമയമാണിപ്പോൾ....... ബയ്അത്ത് ചെയ്തിട്ടുള്ള ഓരോരുത്തരും അവന് കഴിയുന്നിടത്തോളം സഹായം നല്കേണ്ടതാണ്; അല്ലാഹുവും അവനെ സഹായിക്കുന്നതിനുവേണ്ടി..... എല്ലാ ഓരോ വ്യക്തിയുടേയും സത്യസന്ധത അവന്റെ സേവനത്തിലൂടെയാണ് തിരിച്ചറിയപ്പെടുന്നത്. പ്രിയപ്പെട്ടവരേ! ഇത് ദീനിനുവേണ്ടിയും ദീനിന്റെ ഉദ്ദേശ്യത്തിനുവേണ്ടിയും സേവനം ചെയ്യാനുള്ള സമയമാണ്. ഈ സമയത്തെ മഹത്തരമായി മനസ്സിലാക്കുക; പിന്നീടൊരിക്കലും ഇത് കൈവരികയില്ല.' (കശ്തിയെ നൂഹ്, റൂഹാനിഖസായിൻ, വാള്യം 19, പേജ്-53)

'ധനത്തെ സ്നേഹിക്കരുത്. കാരണം നിങ്ങൾ ധനം ഉപേക്ഷിക്കുന്നില്ലെങ്കിൽ അവൻ നിങ്ങളെ ഉപേക്ഷിക്കുന്ന സമയം വരും.' (മജ്മൂആ ഇശ്തിഹാറാത്ത്, വാള്യം 3, പേജ് 318)

എല്ലാമടങ്ങിയ ഒരു നിർദ്ദേശം:

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു: ഇക്കാലം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലമാണ്. ഇതിലൊരു ജിഹാദ് സാമ്പത്തിക ത്യാഗത്തിന്റേതുമാണ്. കാരണം ഇതുകൂടാതെ ഇസ്‌ലാമിനുവേണ്ടിയുള്ള പ്രതിരോധത്തിൽ സാഹിത്യങ്ങൾ പ്രസിദ്ധീകരിക്കാൻ സാധിക്കുകയില്ല. വിശുദ്ധഖുർആനിന്റെ തർജമ വിവിധ ഭാഷകളിൽ ഇറക്കാനും സാധിക്കുകയില്ല. ഈ തർജമകൾ ലോകത്തിന്റെ മുക്കിലും മൂലയിലും എത്തിക്കാനും സാധിക്കുകയില്ല. മതപ്രവർത്തനത്തിനുള്ള സ്ഥാപനങ്ങൾ തുറക്കാനും സാധിക്കുകയില്ല. മുറബ്ബിമാരേയും മുബല്ലിഗുമാരേയും തയ്യാറാക്കാൻ സാധിക്കുകയില്ല. മുറബ്ബിമാരേയും മുബല്ലിഗുമാരേയും ജമാഅത്തിലേക്ക് അയക്കാനും സാധിക്കുകയില്ല. മസ്ജിദ് നിർമിക്കാനും സാധിക്കുകയില്ല. സ്കൂളുകളും കോളേജുകളും മുഖേന ദരിദ്രരായ ആളുകൾക്ക് വിദ്യാഭ്യാസ സൗകര്യം ഉണ്ടാക്കികൊടുക്കാനും സാധിക്കുകയില്ല. ആശുപത്രികൾ മുഖേന സേവനം ചെയ്യാനും സാധിക്കുകയില്ല. ലോകത്തിന്റെ അറ്റങ്ങൾവരെയും ഓരോ അറ്റങ്ങളിലുമുള്ള ഓരോ വ്യക്തിവരെയും ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കാൻ കഴിയുകയില്ല. ദരിദ്രന്റെ ആവശ്യങ്ങൾ പൂർണമായ നിലയിൽ പൂർത്തീകരിക്കാത്തിടത്തോളം ഈ സാമ്പത്തിക ജിഹാദ് തുടർന്നുകൊണ്ടിരിക്കുന്നതാണ്. തങ്ങളുടേതായ കഴിവിന്റേയും പ്രാപ്തിയുടേയും അടിസ്ഥാനത്തിൽ ഓരോ അഹ്മദിയും ഇതിൽ പങ്കെടുക്കേണ്ടത് നിർബന്ധകടമയാണ്.' (ജുമുഅ ഖുത്ബ, 2006, മാർച്ച് 31.) **(തുടരും)**

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

## ന്യൂക്ലിയർ റേഡിയേഷനും പ്രതിരോധ ഹോമിയോ മരുന്നും

| | |
|---|---|
| *ആദ്യത്തെ ആഴ്ച* | **Carcinosin CM** |
| *രണ്ടാമത്തെ ആഴ്ച* | **Radium Bromide CM** |
| *മൂന്നാമത്തെ ആഴ്ച* | **Carcinosin CM** |
| *നാലാമത്തെ ആഴ്ച* | **Radium Bromide CM** |

12 വയസ്സിന് താഴെ പ്രായമുള്ളവർക്ക് മുകളിൽ പറഞ്ഞ പ്രകാരംതന്നെ 1M -ൽ കൊടുക്കുക. അല്ലാഹു എല്ലാ അഹ്മദികളേയും തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ആമീൻ

AL ISLAM

**പേജ് 2ൽ നിന്ന്**

*സ്തഖീം സിറതല്ലദീന അൻഅംതഅലയ്ഹിം* എന്നതാണ് ആ ഉദ്ദേശ്യലക്ഷ്യം. പൊതുവായ നിലയിൽ ജമാഅത്തിന്റെ എല്ലാ വ്യക്തികൾക്കുമുള്ളതാണിത്. പക്ഷേ, മുറബ്ബിയെ സംബന്ധിച്ചിടത്തോളം ഇത് എല്ലാത്തിലുമുപരിയായിരിക്കേണ്ടതാണ്. ഇത് വലിയ വിശാലമായ ജോലിയാണ്. നമ്മൾ ഇയ്യാക്ക നഅ്ബുദു എന്ന് പറയുമ്പോൾ ഞാൻ മുമ്പേയും പറഞ്ഞുവന്നതുപോലെ നമ്മുടെ ആരാധനകളുടെ നിലവാരം ഉയർത്തേണ്ടതായി വരും. ഇത് നിർബന്ധകടമ മാത്രമല്ല, ഒരു ഉദ്ദേശ്യലക്ഷ്യവുമാണ്. ജമാഅത്തിന്റെ മഹത്വത്തേയും അഭിമാനത്തേയും സ്ഥാപിക്കുന്നതിനുവേണ്ടിയുള്ളതുമാണ്. പിന്നീട് അല്ലാഹുവിനോട് സഹായം തേടണം. അല്ലാഹുവിന്റെ മുമ്പിൽമാത്രം കുനിയണം. ഒരു മനുഷ്യന്റേയും മുമ്പിൽ കുനിയാൻ പാടില്ല. ഏതെങ്കിലും മനുഷ്യനോട് ഇഹലോകത്ത് ആകർഷണമുണ്ടാകാനും പാടില്ല. മറിച്ച് എല്ലാ സഹായവും അല്ലാഹുവിൽനിന്നെടുക്കേണ്ടതാണ്. മനുഷ്യൻ പാപങ്ങളുടേയും തെറ്റുകളുടേയും പ്രതിമയാണ്. ഇഹ്ദിനസ്സിറാത്തുൽമുസ്തഖീം എന്ന് അല്ലാഹുവിനോട് എപ്പോഴും ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. എന്നെ നേരായവഴിയിൽ നടത്തേണമേ; ജമാഅത്തിന്റെ ആദരവിനും അന്തസ്സിനും കോട്ടം തട്ടുന്നവിധത്തിലുള്ള പ്രവർത്തനങ്ങൾ എന്നിൽനിന്ന് വരാതിരിക്കുന്നതിനുവേണ്ടി. അതുമുഖേന ജമാഅത്തിന്റെ മഹത്വത്തിനും കോട്ടം തട്ടരുത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ പ്രവേശിക്കുകയും പിന്നീട് തങ്ങൾക്ക് മുറബ്ബിയുടെ ടൈറ്റിലും നല്കി. അതിലും കോട്ടം തട്ടാൻ പാടില്ല. അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഒരു മുറബ്ബിയുടെ തെറ്റായ പ്രവർത്തനത്താൽ അദ്ദേഹം മാത്രമല്ല ദുഷ്പേരിനിടയാകുന്നത്. മറിച്ച് മുഴുവൻ വ്യവസ്ഥിതിയ്ക്കും ചീത്തിപ്പേരുണ്ടാക്കുകയാണ് ചെയ്യുന്നത്. അതിനാൽ ഇഹ്ദിനസ്സസിറാത്തുൽ മുസ്തഖീൻ എപ്പോഴും നിങ്ങളുടെ മുമ്പിൽ ഉണ്ടായിരിക്കേണ്ടതാണ്. അതിൽ എപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കേണ്ടതാണ്. അൻഅംത അലയ്ഹിം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഉണ്ടായവരുടെ കൂട്ടത്തിൽ ഉൾപ്പെടാൻ ശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്. അത്തരം അനുഗൃഹീതരായവർ ആകുമ്പോഴാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതനുസരിച്ച് ഈ നാലുകാര്യങ്ങളിൽ പ്രവർത്തിക്കുന്നവരാകുന്നത്. അപ്പോഴാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതനുസരിച്ച് നമ്മുടെ ഉദ്ദേശ്യലക്ഷ്യം കരസ്ഥമാക്കുന്നവരാകുന്നത്. ഇക്കാര്യം എപ്പോഴും നമ്മൾ നമ്മുടെ മുമ്പിൽ വെക്കേണ്ടതാണ്. ഇതിനുവേണ്ടിയുള്ള ഏറ്റവും ഉപരിയായ കാര്യം തഖ്‌വയായിരിക്കണം. ഓരോ മുറബ്ബിയുടേയും തഖ്‌വയുടെ നിലവാരം ഉയർന്നതാവണം.

ഒരു മഹാത്മാവിന്റെ വസ്ത്രത്തിൽ നിസ്സാരമായ ഒരു കലയുണ്ടായി. അത് അദ്ദേഹം കഴുകുകയായിരുന്നു. അദ്ദേഹത്തിന്റെ ഒരു ശിഷ്യൻ പറഞ്ഞു, ഹുദൂർ! ഇത്ര ചെറിയ കലകൊണ്ട് വസ്ത്രം മലിനമാകുകയില്ലെന്ന് അങ്ങ് ഫത്‌വ നല്കിയിരുന്നുവല്ലോ; അത് കുഴപ്പമില്ലെന്നും നമസ്കാരം തുടങ്ങിയവ അനുവദനീയമാണെന്നും വസ്ത്രം പരിശുദ്ധമാണെന്നും. അദ്ദേഹം പറഞ്ഞു: ഞാൻ നിനക്ക് നല്കിയത് ഫത്‌വയായിരുന്നു. ഇപ്പോൾ ഞാൻ ചെയ്തുകൊണ്ടിരിക്കുന്നത് തഖ്‌വയാണ്. അതുകൊണ്ട് ഒരു മുറബ്ബിക്ക് ഫത്‌വയും തഖ്‌വയും തമ്മിൽ വ്യത്യാസമുണ്ടാക്കുന്നതിന് തങ്ങളുടെ നിലവാരങ്ങളെ ഉയർത്താൻ ശ്രമിക്കേണ്ടതുണ്ട്. ഇക്കാര്യം എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ ഇൻശാഅല്ലാഹ് നിങ്ങൾ കർമരംഗത്ത് ഏറ്റവും നല്ല മുറബ്ബിയുടേയും മുബല്ലിഗിന്റേയും കടമ നിർവ്വഹിക്കുന്നവരാകും.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: നിങ്ങൾ കർമരംഗത്ത് പോയി ഇക്കാര്യങ്ങൾ നിങ്ങളുടെ ഡയറികളിൽ നോട്ട് ചെയ്യുന്നവർ മാത്രമാകാതെ പ്രവർത്തിക്കുന്നവരുമായിത്തീരട്ടെ. ഒരു മാതൃകായോഗ്യനായ മുറബ്ബിയും മുബല്ലിഗുമായിത്തീരട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹു ഇക്കാലഘട്ടത്തിൽ ഏതൊരു വിപ്ലവമുണ്ടാക്കുന്നതിനുവേണ്ടിയാണോ അയച്ചത് ആ വിപ്ലവമുണ്ടാക്കുന്നവരാകട്ടെ. അഹ്മദിയ്യാ ഖിലാഫത്തിന്റെ ശരിയായ കരങ്ങളാകട്ടെ. അല്ലാഹു നിങ്ങൾക്കതിന് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

അമീറുൽ മുഅ്മിനീന്റെ ഈ പ്രഭാഷണം 12.25 വരെ നീണ്ടുനിന്നു. അതിനുശേഷം അമീറുൽ മുഅ്മിനീൻ ദുആ ചെയ്യിച്ചു. അത് കഴിഞ്ഞ് ജർമനി ജാമിഅ അഹ്മദിയ്യായിലെ എല്ലാ ക്ലാസുകാരും തങ്ങളുടെ ഇമാമുമൊത്ത് ഗ്രൂപ്പ് ഫോട്ടോയെടുത്തു. പഠനം പൂർത്തിയാക്കിയ മുറബ്ബിമാർ ഫോട്ടോയെടുത്തതിന് ശേഷം ജാമിഅ അഹ്മദിയ്യായിലെ ഉസ്താദുമാരും ഉദ്യോഗസ്ഥരും തങ്ങളുടെ ഇമാമിനോടൊപ്പം ഫോട്ടോയെടുക്കാനുള്ള ഭാഗ്യം കരസ്ഥമാക്കി. ഫോട്ടോയെടുക്കുന്ന ഈ പരിപാടിക്കുശേഷം അമീറുൽ മുഅ്മിനീൻ താഴെ പറയുന്ന ഉസ്താദുമാരുടെ വീടുകളിൽ അല്പസമയം പോകുകയുണ്ടായി. മുഹമ്മദ് ഫാത്തിഹ് നാസിർ സാഹിബ്, ഹഫീലുല്ലാ ഭർബാന സാഹിബ്, ഹാമിദ് ഇഖ്ബാൽ സാഹിബ്, റഹ്മത്തുല്ലാ സാഹിബ്, സുഹയ്ൽ രിയാസ് സാഹിബ്. ഈ എല്ലാ ഉസ്താദുമാരും ജാമിഅ അഹ്മദിയ്യായുടെ അങ്കണത്തിന്റെ ഒരു ഭാഗത്താണ് താമസിക്കുന്നത്.

അത് കഴിഞ്ഞ് അമീറുൽ മുഅ്മിനീൻ ഉച്ചഭക്ഷണത്തിന് ഏർപ്പാട് ചെയ്തിട്ടുള്ള ഹാളിലേക്ക് പോയി. ജാമിഅ അഹ്മദിയ്യായിലെ എല്ലാ വിദ്യാർഥികളും ഇന്നത്തെ ഈ പരിപാടിയിൽ പങ്കെടുക്കുന്ന എല്ലാ അതിഥികളും തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനോടൊപ്പം ഭക്ഷണം കഴിച്ചു. അമീറുൽ മുഅ്മിനീൻ ചില വിദ്യാർഥികളോട് കുശലാന്വേഷണം നടത്തുകയുണ്ടായി. ഹാളിന്റെ ഒരു ഭാഗത്ത് ജാമിഅ അഹ്മദിയ്യാ കിച്ചണിലെ സ്റ്റാഫ് നില്പുണ്ടായിരുന്നു. അവരാണ് ഭക്ഷണം തയ്യാറാക്കിയിരുന്നത്. അമീറുൽ മുഅ്മിനീൻ അവരോടും സംസാരിക്കുകയുണ്ടായി.

ജാമിഅ അഹ്മദിയ്യാ ഉസ്താദായ ശംസ് ഇഖ്ബാൽ സാഹിബിന്റെ ഭാര്യ കഴിഞ്ഞ ദിനങ്ങളിൽ തീരെ സുഖമില്ലാതായിരുന്നു. അവർ കോമാവസ്ഥയിലായിപ്പോയി. വെന്റിലേറ്ററിൽ ഇടേണ്ടിവന്നു. ശ്വാസകോശങ്ങൾ പ്രവർത്തനരഹിതമായി. ഇനി ജീവിക്കുമെന്നുള്ള പ്രതീക്ഷയില്ലെന്നും അവസ്ഥ അങ്ങേയറ്റം മോശമാണെന്നുവരെ ഒരു ദിവസം ഡോക്ടർ പറഞ്ഞു. അമീറുൽ മുഅ്മിനീന്റെ തിരുസന്നിധിയിൽ അവരുടെ രോഗവിവരങ്ങൾ അടങ്ങിയ റിപ്പോർട്ടുകൾ സമർപിക്കപ്പെട്ടു. ഹുദൂർ അവരുടെ രോഗവിവരങ്ങൾ അന്വേഷിച്ചു. ദുആ ചെയ്തു. ഒരു റിപ്പോർട്ട് നോക്കി ഹുദൂർ പറഞ്ഞു, 'അല്ലാഹു അത്ഭുതകരമായനിലയിൽ ദീർഘായുസ്സ് നല്കുമാറാകട്ടെ.' ഹുദൂർ അവർക്ക് ഹോമിയോ മരുന്നും നല്കുകയുണ്ടായി. അമീറുൽ മുഅ്മിനീന്റെ ഓരോ വാക്കുകളും പൂർത്തിയായി. ശംസ് ഇഖ്ബാൽ സാഹിബ് പറയുന്നു. ബാഹ്യത്തിൽ നോക്കുമ്പോൾ ജീവിക്കുമെന്നുള്ള ഒരടയാളവും കണ്ടിരുന്നില്ല. പക്ഷേ, പ്രിയങ്കരനായ ഇമാമിന്റെ ദുആകൊണ്ട് ഒരു മഹത്തായ അത്ഭുതം വെളിപ്പെട്ടു. അടുത്തദിവസംതന്നെ ഡോക്ടർ എന്നെ വിളിപ്പിച്ചു. അദ്ദേഹം പറഞ്ഞു: കഴിഞ്ഞരാത്രി ഒരു അത്ഭുതമുണ്ടായി. വെന്റിലേറ്ററിന്റെ പരമാവധി ശക്തി ഞങ്ങൾ പ്രയോഗിച്ചിരുന്നു. എന്നിട്ടും അത് ഫലം നല്കുന്നുണ്ടായിരുന്നില്ല. പക്ഷേ പെട്ടെന്നാണ് ജീവൻ യഥാർഥ അവസ്ഥയിലേക്ക് വരാൻ തുടങ്ങിയത്. ഇപ്പോഴത്തെ അവസ്ഥ എന്താണെന്നാൽ രോഗിയുടെ ശ്വാസകോശം 30% പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 70% സഹായം മാത്രമേ ഞങ്ങൾ വെന്റിലേറ്ററിൽനിന്ന് എടുക്കുന്നുള്ളൂ. കുറച്ചുദിവസത്തിനുശേഷം ഡോക്ടർ പറഞ്ഞു: ഇപ്പോൾ അവരുടെ ശ്വാസകോശങ്ങൾ ശരിയായ നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ശരീരത്തിലെ ഓക്സിജന്റെ അളവ് 98% മാണ്. അത് ഈ അവസ്ഥയിൽ അത്ഭുതകരമാണ്. അവരെ വെന്റിലേറ്ററിൽനിന്ന് മാറ്റിയിരിക്കുന്നു. പിന്നീട് വീട്ടിലേക്ക് അയച്ചു. ഇങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹവും കരുണയും പ്രിയപ്പെട്ട ഇമാമിന്റെ പ്രാർഥനയുംകൊണ്ട് മരിച്ചവൾ ജീവിച്ചു. ശംസ് ഇഖ്ബാൽ സാഹിബിന്റെ ഭാര്യയുടെ ആരോഗ്യത്തെ സംബന്ധിച്ച് അമീറുൽ മുഅ്മിനീൻ അന്വേഷിച്ചു. അപ്പോൾ ശംസ് ഇഖ്ബാൽ സാഹിബ് പറഞ്ഞു അവർ ഇന്ന് ഈ പ്രോഗ്രാമിൽ പങ്കെടുക്കുന്നുണ്ട്. ലജ്നയുടെ ഭാഗത്തിരിക്കുന്നുണ്ട്. അമീറുൽ മുഅ്മിനീൻ ലജ്നയുടെ ഭാഗത്ത് പോവുകയും ഇപ്പോൾ ഇവർ തികച്ചും ആരോഗ്യവതിയാണെന്ന് പറയുകയും ചെയ്തു.

പിന്നീട് 1.35ന് അമീറുൽ മുഅ്മിനീൻ 'ബയ്ത്തുൽ അസീസ്' മസ്ജിദിൽ വന്ന് ളുഹ്റും അസ്റും ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാര നിർവഹണത്തിനുശേഷം അമീറുൽ മുഅ്മിനീൻ മസ്ജിദിനു വെളിയിൽപോയി. അവിടെ ജാമിആയിലെ എല്ലാ വിദ്യാർഥികളും വഴിയുടെ ഒരു ഭാഗത്ത് നിരയായി നില്പുണ്ടായിരുന്നു. അമീറുൽ മുഅ്മിനീൻ ഓരോ വിദ്യാർഥിക്കും ഒന്നിനു പിറകെ ഒന്നായി കൈകൊടുത്തു അനുഗ്രഹിച്ചു. ചില വിദ്യാർഥികളുമായി സംസാരിക്കുകയും ചെയ്തു. ഈ അവസരത്തിൽ ഉസ്താദുമാരും ഹസ്തദാനം ചെയ്യുകയുണ്ടായി. 2.20ന് ജാമിആയിൽനിന്ന് ഫ്രാങ്ക്ഫോർട്ടിലെ ബയ്ത്തുസ്സുബൂഹിലേക്ക് യാത്ര തിരിച്ചു. 3.10ന് അമീറുൽ മുഅ്മിനീൻ ബയ്ത്തുസ്സുബൂഹിലെത്തി. അമീറുൽ മുഅ്മിനീൻ തന്റെ താമസസ്ഥലത്തേക്ക് പോയി.

### കുടുംബപരമായ കൂടിക്കാഴ്ചകൾ

പരിപാടിയനുസരിച്ച് 6.15ന് അമീറുൽ മുഅ്മിനീൻ ഓഫീസിലെത്തി. കുടുംബങ്ങളുമായിട്ടുള്ള കൂടിക്കാഴ്ചകൾ നടന്നു. ഇന്ന് വൈകുന്നേരത്തെ ഈ സെഷനിൽ 39 കുടുംബങ്ങളിലെ 142 അംഗങ്ങളും മറ്റ് മൂന്നുപേർ വ്യക്തിപരമായ നിലയിലും തങ്ങളുടെ ഇമാമുമായി കൂടിക്കാഴ്ച നടത്തി. ഇന്ന് കൂടിക്കാഴ്ച നടത്തിയവരിൽ ജർമനിയിലെ 22 ജമാഅത്തുകളിൽനിന്നും പട്ടണങ്ങളിൽനിന്നും വന്ന അംഗങ്ങളും കുടുംബങ്ങൾക്കും പുറമെ പാക്കിസ്ഥാനിൽനിന്ന് വന്ന സഹോദരങ്ങളും ഉൾപ്പെട്ടിരുന്നു. കൂടിക്കാഴ്ച നടത്തിയ എല്ലാ കുടുംബങ്ങളും തങ്ങളുടെ പ്രിയങ്കരനായ ഇമാമുമൊത്ത് ഫോട്ടോയെടുക്കുവാനുള്ള ഭാഗ്യവും കരസ്ഥമാക്കി. അമീറുൽ മുഅ്മിനീൻ വിദ്യാർഥികൾക്കും വിദ്യാർഥിനികൾക്കും പേനകൾ നൽകി. ചെറുപ്രായത്തിലുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ചോക്ലേറ്റും കൊടുത്തു. കൂടിക്കാഴ്ചയുടെ ഈ പ്രോഗ്രാം 8.30 വരെ നീണ്ടുനിന്നു.

### നിക്കാഹുകളുടെ വിളംബരം

അതിനുശേഷം അമീറുൽ മുഅ്മിനീൻ മസ്ജിദിലെത്തി. അവിടെ പ്രോഗ്രാമനുസരിച്ച് ഹൈദരലി സഫ്ർ സാഹിബ് മുബല്ലിഗ് ഇൻ ചാർജ് ജർമനി അമീറുൽ മുഅ്മിനീന്റെ അനുവാദത്തോടെ താഴെ പറയുന്ന 12 നിക്കാഹുകൾ വിളംബരം ചെയ്തു. 1. ആത്തിക്ക സഫ്ർ സാഹിബ ബിൻത് മുസഫർ അഹ്മദ് സാഹിബിന്റെ നിക്കാഹ് മുദ്ദസ്സർ അഹ്മദ് സാഹിബ് ഇബ്നു മുനവർ അഹ്മദ് സാഹിബ്. 2. മാരിയാ അഹ്മദ് സാഹിബ ബിൻത് ബദ്ർ അഹ്മദ് സാഹിബ് യുകെയുടെ നിക്കാഹ് ഇർഫാൻ അഹ്മദ് അഅ്‌ളം സാഹിബ് ഇബ്നു ചൗദരി മുനവർ അഹ്മദ് അഅ്‌ളം സാഹിബ് 3. കൺവൽ നാസിർ സാഹിബ ബിൻത് നാസിർ അഹ്മദ് കാഹിലൂന്റെ നിക്കാഹ് ഉമർ മുബശ്ശിർ സാഹിബ് ഇബ്നു മുബശ്ശിർ അഹ്മദ് സാഹിബ് 4. ഹാദിയ യൂസുഫ് സാഹിബ ബിൻത് രാജാ മുഹമ്മദ് യൂസഫ് സാഹിബിന്റെ നിക്കാഹ് സഫീർ അഹ്മദ് സാഹിബ് ഇബ്നു നസീർ അഹ്മദ് സാഹിബ് 5. നമീറ ത്വാരിഖ് സാഹിബ ബിൻത് ത്വാരിഖ് മഹ്മൂദ് അഹ്മദ് സാഹിബിന്റെ നിക്കാഹ് ബുർഹാൻ അഹ്മദ് ലോൺ സാഹിബ് ഇബ്നു ഫഹീം അഹ്മദ് ലോൺ സാഹിബ് 6. ഫരീഹാ മഹ്മൂദ് സാഹിബ ബിൻത് മഹ്മൂദ് അഹ്മദ് സാഹിബിന്റെ നിക്കാഹ് ഹസൻ നയീം സാഹിബ് ഇബ്നു നയീം അഹ്മദ് സാഹിബ് 7. റാമീൻ ശേയ്ഖ് കലീം സാഹിബ ബിൻത് ശേയ്ഖ് കലീം അഹ്മദ് സാഹിബിന്റെ നിക്കാഹ് മാഹിർ അഹ്മദ് മുംതാസ് സാഹിബ് ഇബ്നു മുംതാസ് അഹ്മദ് സാഹിബ് 8. ആമിന അള്ഹർ സാഹിബ ബിൻത് മുഹമ്മദ് അത്ഹർ സാഹിബിന്റെ നിക്കാഹ് റാശിദ് ഖാൻ സാഹിബ് ഇബ്നു മസ്ഊദ് ഹർശദ് ഖാൻ സാഹിബ് 9. മാരിയ ബഥൂൽ രാജാ സാഹിബ ബിൻത് രാജാ ത്വാഹി

ർ മഹ്മൂദ് സാഹിബിന്റെ നിക്കാഹ് ഫരീദ് അഹ്മദ് ത്വാർ സാഹിബ് ഇബ്നു റഹ്മത്തുല്ലാ ശംസ് ത്വാർ സാഹിബ് 10. ഫാതിമ ത്വാഹിറ യൂനു സാഹിബ ബിൻത് മുഹമ്മദ് യൂനുസ് ബുലൂജ് സാഹിബിന്റെ നിക്കാഹ് അഥീൽ ബാബർ സാഹിബ് ഇബ്നു ബാബർ ജലാൽ സാഹിബ് 11. നായിമ അഹ്മദ് ത്വാഹിറ സാഹിബ ബിൻത് ലത്വീഫ് അഹ്മദ് സാഹിബിന്റെ നിക്കാഹ് നുഅ്മാൻ അഹ്മദ് സാഹിബ് ഇബ്നു മുബശ്ശിർ അഹ്മദ് ത്വഹിർ സാഹിബ് 12. സയ്മാബ് ആസിഫ് സാഹിബ ബിൻത് ആസിഫ് മഹ്മൂദ് സാഹിബിന്റെ നിക്കാഹ് ഫർഹാൻ ദാഊദ് ഹയ്ദർ സാഹിബ് ഇബ്നു ദാഊദ് ഹൈദർ സാഹിബ്.

അമീറുൽ മുഅ്മിനീൻ ഈ നേരത്ത് വേദിയിലുണ്ടായിരുന്നു. നിക്കാഹുകളുടെ വിളംബരത്തിനു ശേഷം അമീറുൽ മുഅ്മിനീൻ ദുആ ചെയ്യിച്ചു. പിന്നീട് മഗ്‌രിബ് ഇശാ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരനിർവ്വഹണത്തിനുശേഷം അമീറുൽ മുഅ്മിനീൻ തന്റെ താമസസ്ഥലത്തേക്ക് പോയി.

**2017 ഏപ്രിൽ 23**

അമീറുൽ മുഅ്മിനീൻ രാവിലെ 5.15ന് വരികയും സുബ്ഹി നമസ്കാരം നിർവഹിക്കുകയും ചെയ്തു. നമസ്കാര നിർവഹണത്തിനുശേഷം അമീറുൽ മുഅ്മിനീൻ തന്റെ താമസസ്ഥലത്തേക്ക് പോയി. രാവിലെ ഓഫീസുപരമായ കാര്യങ്ങൾ നോക്കുന്നതിൽ വ്യാപൃതനായി.

അൽഅയ്ൻ മൊബൈൽ ഐ ക്ലിനിക്(Al-Ain Mobile Eye Clinic) ഉദ്ഘാടനം:- പ്രോഗ്രാമനുസരിച്ച് 10.25ന് അമീറുൽ മുഅ്മിനീൻ തന്റെ താമസസ്ഥലത്തുനിന്ന് വെളിയിൽ വരികയും അൽഅയ്ൻ മൊബൈൽ ഐ ക്ലിനിക് നോക്കിക്കാണുകയും ചെയ്തു. പിന്നീട് അതിന്റെ ഒരു ഭാഗത്ത് പതിപ്പിച്ചിരുന്ന ഫലകം അനാഛാദനം ചെയ്ത് അതിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ദുആ ചെയ്യിക്കുകയും ചെയ്തു.

അമീറുൽ മുഅ്മിനീൻ ഹ്യൂമാനിറ്റി ഫസ്റ്റ് ജർമനിക്ക് ഒരു മൊബൈൽ ഐ ക്ലിനിക് തയ്യാറാക്കുന്നതിന്റെ ജോലി ഏല്പിച്ചുകൊടുത്തു. ഹ്യൂമാനിറ്റിഫസ്റ്റ് ഒരു കാലിട്രെയ്ലർ 11,000 യൂറോക്ക് വാങ്ങിയിരുന്നു. അതിനുശേഷം ആ ട്രെയിലറിൽ അത്യാവശ്യമായ എല്ലാ മെഡിക്കൽ സാമഗ്രികളും സ്ഥാപിച്ചു. അതിന്റെ ഉദ്ഘാടനം 2016 ഡിസംബർ 20ന് ട്രക്ക് ട്രെയ്ലർ വാങ്ങിയതോടെ ചെയ്യപ്പെട്ടിരുന്നു. നാലു മാസത്തെ പരിശ്രമത്തിനുശേഷമാണ് ഈ ഐ ക്ലിനിക് പൂർണമായനിലയിൽ തയ്യാറാക്കപ്പെട്ടത്.

അമീറുൽ മുഅ്മിനീൻ ഈ മൊബൈൽ ക്ലിനിക്കിന് അൽഅയ്ൻ എന്ന് നാമകരണം ചെയ്തു. അല്ലാഹുവിന്റെ കൃപയാൽ 30 സന്നദ്ധസേവകർ ഈ സേവനത്തിൽ രാപകൽ ജോലിചെയ്താണ് അമീറുൽ മുഅ്മിനീൻ ഏല്പിച്ച ഈ ജോലി അതിന്റെ പൂർണതയിലെത്തിച്ചത്.

ഈ മൊബൈൽ ക്ലിനിക്കിൽ 4 മുറികളുണ്ട്. ഒരു മുറി പരിശോധനയ്ക്കായി ഉണ്ടാക്കിയിട്ടുള്ളതാണ്. അവിടെ കണ്ണ് സംബന്ധമായ ഏത് രോഗവും പരിശോധിച്ചറിയാൻ കഴിയും. ഒരു മുറി വർക്ക്ഷോപ്പാണ്. ഇവിടെ എല്ലാതരത്തിലുള്ള കണ്ണടകളും അതാത് അവസരത്തിൽ തയ്യാറാക്കാവുന്നതാണ്. ആവശ്യക്കാർക്ക് അത് അപ്പോൾതന്നെ നല്കുകയും ചെയ്യാം. ഈ ട്രെയ്ലറിന്റെ പ്രത്യേകമായ കാര്യം ഓപ്പറേഷൻ തിയ്യേറ്റർ ഉണ്ട് എന്നതാണ്. ഇവിടെ ഉന്നതവും വൃത്തിയുള്ളതുമായ അന്തരീക്ഷത്തിൽ കണ്ണിന്റെ ഓപ്പറേഷൻ നടത്താനുള്ള സൗകര്യമുണ്ട്. പ്രത്യേകിച്ചും തിമിരത്തിന്റെ ഓപ്പറേഷനുള്ള സൗകര്യവുമുണ്ട്. ഓപ്പറേഷന്റെ എല്ലാ സൗകര്യവും ജർമനിയിൽ ചെയ്യപ്പെടുന്ന ഓപ്പറേഷന്റെ നിലവാരമനുസരിച്ചുള്ളതാണ്. ഈ ഓപ്പറേഷൻ തിയ്യേറ്ററിനോടൊപ്പം മൾട്ടി ഫംക്ഷനൽ മുറിയുമുണ്ട്. അതിൽ വെള്ളം, സിങ്ക്, ലഭ്യമാണ്. രോഗിക്ക് ബെഡ് സൗകര്യവുമുണ്ട്. ഇവിടെ ഓപ്പറേഷൻ ചെയ്യുന്നതിനു മുമ്പേ രോഗിയെ അതിനുവേണ്ടി തയ്യാറാക്കുന്നു. ഉദാഹരണത്തിന് അനിസ്തേഷ്യ(anaesthesia) തുടങ്ങിയവ. ഇത് സ്റ്റാഫിനുവേണ്ടി ചെയ്ഞ്ചിംഗ് റൂം(changing) എന്ന നിലയിലും ഉപയോഗിക്കുന്നു. ഇവിടെ വെച്ച് സ്റ്റാഫ് അംഗങ്ങൾ ഓപ്പറേഷനുവേണ്ടുന്ന തയ്യാറെടുപ്പുകൾ നടത്തുന്നു. ഈ മുറി രോഗികൾക്ക് പ്രി-ഓപ്പറേറ്റീവായും പോസ്റ്റ് ഓപ്പറേറ്റീവ് കെയർ റൂം(post-operative, pre operative) എന്ന നിലയിലും ഉപയോഗിക്കുന്നതാണ്.

ഈ മൊബൈൽ ക്ലിനിക്കിൽ പൂർണമായ ഐ സൈറ്റ് ടെസ്റ്റിന്റെ സൗകര്യവുമുണ്ട്. ഈ ടെസ്റ്റ് മാനുവലായും(manually) ഓട്ടോമാറ്റിക്കായും നടത്താവുന്നതാണ്. അതിനുവേണ്ടി ഓട്ടോറിഫ്രാക്ടർ മീറ്ററും (auto refrector meter)സ്ഥാപിച്ചിട്ടുണ്ട്.

കോർണിയായുടെ ടെസ്റ്റിനുള്ള സൗകര്യവുമുണ്ട്. ഇതുകൂടാതെ തിമിരത്തിന്റെ പരിശോധന, ഓപ്പറേഷനും ഓപ്പറേഷനു ശേഷമുള്ള കെയറും(care) കണ്ണിന്റെ മുറിവിന്റെ ചികിത്സയും അതുപോലെ എല്ലാ തരത്തിലുള്ള കണ്ണടകളും തയ്യാറാക്കുന്നതിനുള്ള സൗകര്യവുമുണ്ട്.

ഈ മൊബൈൽ ക്ലിനിക്കിന്റെ തയ്യാറെടുപ്പിൽ 55,000 യൂറോ ചെലവായിട്ടുണ്ട്. ഈ മൊബൈൽ ക്ലിനിക് മനുഷ്യരുടെ സേവനത്തിനായി ആഫ്രിക്കൻ രാജ്യമായ ബെനിനിലേക്ക് അയക്കുന്നതാണ്.

അമീറുൽ മുഅ്മിനീൻ ഹ്യൂമാനിറ്റി ഫസ്റ്റ് ജർമനിയുടെ കൈയിൽ സ്വന്തമായ ബോറിംഗ് റിഗ്(boring rig)വേണമെന്നുള്ള ആഗ്രഹം പ്രകടിപ്പിച്ചിരുന്നു; ആഫ്രിക്കയിൽ ഹാന്റ് പമ്പുകളും നെല്ക്കകളും ഘടിപ്പിച്ചുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളിൽ കൂടുതൽ സൗകര്യമുണ്ടാകുന്നതിനുവേണ്ടി.

ഹ്യൂമാനിറ്റിഫസ്റ്റ് ജർമനിക്ക് മേഴ്സെഡസ് ബെൻസ് യൂണിമോഗ് ബോറിംഗ് റിഗ് (Mercedes Benz Unimog Boring Rig) വാങ്ങുന്നതിന് ഭാഗ്യം ലഭിച്ചിരിക്കുന്നു. ഈ മെഷീൻ സമ്പൂർണമായും ഹൈഡ്രോളിക്കാ(hydraulic)ണ്. 180 മീറ്റർ ആഴംവരെ ഡ്രില്ല്(drills)ചെയ്യാവുന്നതാണ്. ഇതിന്റെ മറ്റൊരു ഗുണം ഇത് ചെറുതുമല്ല എന്നാൽ വളരെ വലുതുമല്ല എന്നതാണ്. അതുകൊണ്ട് എവിടെ വേണമെങ്കിലും സുഖകരമായി അത് കൊണ്ടുപോകാവുന്നതാണ്. ഈ ബോറിംഗ് റിഗ്ഗിനോടൊപ്പം പ്രത്യേകമായ ഉപകരണങ്ങളുമുണ്ട്. ഉദാഹരണത്തിന് വിവിധതരത്തിലുള്ള പൈപ്പുകൾ അതിന്റെ നീളം മൊത്തം 150 മീറ്ററാണ്. ഇതിനു പുറമെ വിവിധ ട്രില്ലറുകളുണ്ട്. അത് വിവിധ സ്ഥലങ്ങളിൽ ഉപയോഗിക്കാവുന്നതാണ്. ഈ ബോറിംഗ് റിഗ് ഹ്യൂമാനിറ്റി ഫസ്റ്റ് ജർമനി 32000 യൂറോക്കാണ് വാങ്ങിയത്. അത് ആഫ്രിക്കൻ രാജ്യങ്ങളിൽ നെൽക്ക സ്ഥാപിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നതാണ്.

അമീറുൽ മുഅ്മിനീൻ അതും നോക്കികാണുകയുണ്ടായി. അതുപയോഗിക്കുന്നതിനെ സംബന്ധിച്ച് വിവിധ കാര്യങ്ങൾ അന്വേഷിച്ചറിഞ്ഞു. ഹ്യൂമാനിറ്റിഫസ്റ്റ് ജർമനിക്ക് രണ്ട് ആംബുലൻസ് വാങ്ങാനും തൗഫീഖ് കിട്ടി. അതിൽ ഒരു ആംബുലൻസ് ബാൻജൽ, ഗാംബിയയിലേക്ക് അയക്കുന്നതാണ്. രണ്ടാമത്തെ ആംബുലൻസ് ടോഗോ(Togo)യിലേക്കും അയക്കുന്നതായിരിക്കും. അമീറുൽ മുഅ്മിനീൻ അവ നോക്കിക്കാണുകയുമുണ്ടായി.

ഇന്ന് അമീറുൽ മുഅ്മിനീനുമായി വാഖ്ഫീനെ നൗ (ഖുദ്ദാം) വാഖ്ഫാത്തെനൗ (ലജ്ന) പ്രത്യേകം പ്രത്യേകം പരിപാടികൾ വെച്ചിരുന്നു. ആദ്യത്തെ പരിപാടി വാഖ്ഫീനെ നൗ ഖുദ്ദാമിന്റേതായിരുന്നു. അത് സംഘടിപ്പിച്ചിരുന്നത് മസ്ജിദിനോട് ചേർന്നുള്ള ഹാളിലായിരുന്നു.

**വാഖ്ഫീനെ നൗ ഖുദ്ദാമിന്റെ ക്ലാസ്:**

11.30ന് അമീറുൽ മുഅ്മിനീൻ ഹാളിലെത്തി. വാഖ്ഫീനെ നൗ ഖുദ്ദാമുമായുള്ള പരിപാടി തുടങ്ങി. പരിപാടിയുടെ തുടക്കം വിശുദ്ധഖുർആൻ പാരായണത്തോടെയായിരുന്നു. അത് നിർവഹിച്ചത് ഹമ്മാദ് അഹ്മദാണ്. അതിന്റെ ഉർദു തർജമ തൗഹീദ് അഹ്മദ് സുഹയ്ൽ കേൾപ്പിച്ചു.

അതിനുശേഷം സആദത്ത് അഹ്മദ്, നബി(സ) തിരുമേനിയുടെ പരിശുദ്ധമായ ഹദീഥുകൾ അറബിവാക്യത്തോടെ കേൾപ്പിച്ചു. അൻസർ അഫ്സൽ ആ ഹദീഥുകളുടെ ഉർദു തർജമ കേൾപ്പിക്കുകയുണ്ടായി.

ഹദീഥുന്നബി(സ): ഹദ്റത്ത് സഹൽ(റ) പറയുന്നു: ഒരാൾ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. എന്നിട്ട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, അല്ലാഹു എന്നെ സ്നേഹിക്കുന്നതിനു വേണ്ടി അങ്ങ് എനിക്ക് എന്തെങ്കിലും ഒരു ജോലി പറഞ്ഞുതരിക. മറ്റുള്ളവർ എന്നെ ഇഷ്ടപ്പെടുകയും വേണം. നബി(സ) തിരുമേനി പറഞ്ഞു: ഭൗതിക ലോകത്തോടു താൽപര്യമില്ലാത്തവനും അതിനോടു ഇഷ്ടമില്ലാത്തവനുമാകുക. അല്ലാഹു നിന്നെ സ്നേഹിക്കുന്നതായിരിക്കും. എന്തൊന്നാണോ ജനങ്ങളുടെ പക്കലുള്ളത് അത് ആഗ്രഹിക്കരുത്. ജനങ്ങൾ നിന്നെ സ്നേഹിക്കുന്നവരായിത്തീരും.' (ഇബ്നു മാജ, ബാബുസ്സുഹ്ദ് ഫിദ്ദുൻയ, ഹദീഥ് 803) അതിനുശേഷം ഇംറാൻ ദഹാ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ താഴെ കാണുന്ന ഉദ്ധരണികൾ സമർപ്പിച്ചു.

മൽഫൂദാത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ):

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹുവിന്റെ ദാസർ ആരാണ്? അല്ലാഹു തനിക്ക് നല്കിയിരിക്കുന്ന ജീവിതത്തെ അവന്റെ വഴിയിൽ ചെലവഴിക്കുന്നവനാണ് അല്ലാഹുവിന്റെ ദാസൻ. അല്ലാഹുവിന്റെ കൃപയും തന്റെ ഭാഗ്യവും മനസ്സിലാക്കി സ്വന്തം ജീവനെ അല്ലാഹുവിന്റെ വഴിയിൽ ബലിയർപിക്കുകയും സ്വന്തം ധനം അവന്റെ വഴിയിൽ ചെലവഴിക്കുകയും ചെയ്യുക. എന്നാൽ, ആരാണോ ഭൗതികമായ സ്വത്തുകളും സമ്പത്തുകളും തന്റെ ലക്ഷ്യമായി കാണുന്നത് അവൻ ഒരു ഭാവനാത്മകമായ ദൃഷ്ടികൊണ്ടാണ് മതത്തെ നോക്കുന്നത്. എന്നാൽ, യഥാർഥ വിശ്വാസിയുടേയും സത്യസന്ധനായ വിശ്വാസിയുടേയും ജോലി ഇതല്ല. സത്യമായ ഇസ്ലാം എന്നത് അല്ലാഹുവിന്റെ വഴിയിൽ തന്റെ എല്ലാ ശക്തികളും കഴിവുകളും ജീവിതാവസാനംവരെ വഖ്ഫെ ചെയ്യുക എന്നതാണ്. പരിശുദ്ധമായ ജീവിതത്തിന്റെ അനന്തരാവകാശിയാകുന്നതിന് അല്ലാഹു ഈ ദൈവികമായ ജീവിതാർപണത്തിലേക്ക് സൂചന നല്കിക്കൊണ്ട് പറയുന്നു: *മൻഅസ്‌ലമ വജ്ഹഹൂ ലില്ലാഹി വഹുവ മുഹ്സിനുൻ ഫലഹൂ അജ്റുഹു ഇൻതറബ്ബിഹീ വലാഖൗഫുൻ അലയ്ഹിം വലാഹും യഹ്സനൂൻ.* (2:113) ഇവിടെ അസ്ലമ വജ്ഹഹൂ ലില്ലാഹി എന്നതിന്റെ അർഥം വിനയത്തിന്റേയും എളിമയുടേയും വസ്ത്രമണിഞ്ഞ് ദൈവികസവിധത്തിൽ വീഴുക എന്നാണ്. തന്റെ ജീവനും ധനവും അഭിമാനവും ചുരുക്കത്തിൽ എന്തൊന്നാണോ അവന്റെ കൈയിലുള്ളത് അതെല്ലാം അല്ലാഹുവിനുവേണ്ടി അർപണം ചെയ്യുക. ദുൻയാവിനേയും തന്റെ എല്ലാ വസ്തുക്കളേയും സ്വന്തം സേവകരാക്കിമാറ്റുക. (മൽഫൂദാത്ത് വാല്യം 1, പേജ് 364)

തുടർന്ന് പറഞ്ഞു: 'സ്വഹാബാക്കളുടെ ജീവിതം നോക്കുക! അവർ ജീവിതത്തെ സ്നേഹിച്ചിരുന്നില്ല. എപ്പോഴും മരിക്കാൻ തയ്യാറായിരുന്നു. ബയ്അത്ത് എന്നതിന്റെ അർഥം തങ്ങളെ സ്വയം വിൽക്കുക എന്നതാണ്. മനുഷ്യൻ ജീവിതം അർപണം ചെയ്തുകഴിഞ്ഞാൽ പിന്നീട് എന്തിനാണ് ലോകത്തെക്കുറിച്ചുള്ള കാര്യം ഇടയ്ക്ക് കൊണ്ടുവരുന്നത്?' (മൽഫൂദാത്ത് വാല്യം 4, പേജ് 504)

വീണ്ടും പറഞ്ഞു: 'സ്വഹാബാക്കൾക്ക്(റ) ലോകവുമായും ബന്ധങ്ങളുണ്ടായിരുന്നു. സ്വത്തുവകകളുണ്ടായിരുന്നു. ധനമുണ്ടായിരുന്നു, ആഭരണമുണ്ടായിരുന്നു. എന്നാൽ, അവരുടെ ജീവിതത്തിൽ എത്തരത്തിലുള്ള വിപ്ലവമാണ് വന്നത്. ഉണ്ടായിരുന്നതെല്ലാം ഒരൊറ്റതവണകൊണ്ട് കൈയിൽനിന്ന് വിട്ടുപോയി. അവർ തീരുമാനിച്ചു. *ഖുൽ ഇന്ന സ്വലാത്തി വനുസുക്കീ വമഹ്‌യായ വ മമാത്തി ലില്ലാഹി റബ്ബിൽ ആലമീൻ.* ഞങ്ങൾക്കുള്ളതെല്ലാം അല്ലാഹുവിന്റേതാണ്. ഇത്തരത്തിലുള്ള ആളുകൾ ഉണ്ടാകുകയാണെങ്കിൽ ഏത് ദൈവികമായ അനുഗ്രഹമാണ് അതിനേക്കാളുപരിയായിട്ടുണ്ടാകുക.' (അൽഹകം, വാല്യം 7, പേജ് 24, 1903 ജൂൺ 30)

ഖലീഫത്തുൽ മസീഹ് ഥാലിഥി ന്റെ പദ്യം

അതിനുശേഷം ഹന്നാൻ അഹ്മദ് ബാജ്വ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമന്റെ താഴെ കൊടുത്തിരിക്കുന്ന പദ്യം ആലപിച്ചു.

*ദുൻയാകെ കാമ് ഭേശക് കർത്താരഹൂംഗാ മേ ഭീ*
*ലേകിൻ മേ ജാനോ ദിൽസെ ഉസ്‌യാർ കാ രഹൂംഗാ*
*ബർഖീ ഖയാൽ ദിൽമെ, സർമേ രഹേഗാ സൗദാ*

*ഉസ്‌യാർ കൊ മേ ഭൂലൂം, ഉത്നാ മഹ്‌വ് ഹൂംഗാ*
*ചംകൂംഗാ മേ ഫലക് പർ ജയ്‌സേ ഹൊ കോയി താരാ*
*ഭൂലൂംകൊ രഹ് പെ ലാവേ, ഐസി മെ ശമഅ ഹൂംഗാ*
*സൂരജ് കീ രോശ്നീ ഭീ മുദ്‌ഹം ഹൊ ജിസ് കെ ആഗേ*
*ഐസാ ഹി നൂർ ഹാസിൽ ഉസ് നൂർ സെ കരൂംഗാ*
*സാരേ ഉലൂംകാ ഹാ മമ്പഅ ഹെ, ദാത് ജിസ്‌കി*
*ഉസ് സെ മെ ഇൽമ് ലേക്കർ ദുൻയാകൊ ആഗേ ദൂംഗാ*
*ജോ കുഛ് കഹൂം സൂബാൻ സെ,*
*നാസ്വിർ വൊ കർ ദിഖാഊം*
*ഹോ രഹം ഏ! ഖുദായാ! താ തേരേ ഫള്ൽ പാഊം*

ഇതിനുശേഷം സയ്യിദ് ഹസ്നാത് അഹ്മദ് സാഹിബ് (വാഖ്ഫീനെനൗ ഖാദിം) സ്വദർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ജർമനി വാഖ്ഫീനെ നൗന്റെ ഉത്തരവാദിത്വങ്ങൾ എന്ന വിഷയത്തിൽ അമീറുൽ മുഅ്മിനീന്റെ നിർദ്ദേപ്രകാരം താഴെകാണുന്ന വിഷയം അവതരിപ്പിച്ചു.

**വാഖ്ഫീനെ നൗഇന്റെ ഉത്തരവാദിത്തങ്ങൾ:**

പ്രിയ ഹുദൂർ! ഇന്ന് ഈ ക്ലാസിൽ ഖിലാഫത്തിന്റെ ദാസരും വാഖ്ഫീനെ നൗഉം ഇരിക്കുകയാണ്. ഇവർ 15ാം വയസ്സിൽ വഖ്ഫ് പുതുക്കിയതിനു ശേഷം തങ്ങളുടെ വിദ്യാഭ്യാസത്തിന്റെ അവസാനഘട്ടത്തിൽ തങ്ങളെ വഖ്ഫിനുവേണ്ടി സമർപിച്ചുകൊണ്ട് വീണ്ടും വഖ്ഫ് പുതുക്കിയിരിക്കുന്നു. തങ്ങളെ കാലത്തിന്റെ ഖലീഫയുടെ കാലടികളിൽ സമർപിച്ചുകൊണ്ട് പ്രതിജ്ഞ ചെയ്യുന്നു. പ്രിയപ്പെട്ട ഹുദൂർ! എവിടെയൊക്കെ ഞങ്ങൾക്ക് സേവനത്തിനുള്ള അവസരം നല്കിയാലും ഞങ്ങൾ അതിനെ ഞങ്ങളുടെ ഭാഗ്യമായി മനസ്സിലാക്കുന്നതാണ്. പ്രിയ ഹുദൂറിനോട് ദുആക്ക് അപേക്ഷിക്കുന്നു. അല്ലാഹു ഞങ്ങളുടെ ത്യാഗത്തെ അവന്റെ കൃപയൊന്നുകൊണ്ടുമാത്രം സ്വീകരിക്കുമാറാകട്ടെ. ഞങ്ങൾക്ക് സ്വീകാര്യമായ മതസേവനം ചെയ്യാൻ സൗഭാഗ്യം നല്കിക്കൊണ്ടിരിക്കുമാറാകട്ടെ. ആമീൻ. പ്രിയപ്പെട്ട വാഖ്ഫീനെ നൗ സഹോദരന്മാരേ! നമ്മുടെ ഭാഗ്യമാണിത്. നമ്മുടെ മാതാപിതാക്കൾ വഖ്ഫെ നൗ ആഹ്വാനത്തിന്റെ തുടക്കത്തിൽത്തന്നെ നമ്മെ ഈ അനുഗൃഹീതമായ പദ്ധതിയിൽ സമർപിച്ചു. പിന്നീട് നമുക്ക് തർബിയത്ത് നൽകി. ഇന്ന് നമ്മൾ നമ്മെ വഖ്ഫിനു വേണ്ടി സമർപിച്ചുകഴിഞ്ഞിരിക്കുകയാണ്. നമ്മൾ എത്രത്തോളം ഭാഗ്യവാന്മാരാണ്. കാലത്തിന്റെ ഖലീഫമാർ നമ്മുടെ ഓരോ ചുവടിലും നമുക്ക് മാർഗദർശനം നൽകി. പ്രവർത്തനരംഗത്ത് നമ്മെ സജ്ജരാക്കി. സയ്യിദുനാ വ ഇമാമുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് ഒരുതവണ ഒരു സന്ദേശത്തിൽ പറഞ്ഞു:

'ഓരോ വഖ്ഫെ നൗവും കർമപരമായി വഖ്ഫിന്റെ ഒരു കൃത്യമായ വ്യവസ്ഥിതിയിൽ ഉൾപ്പെടുന്നവരാണോ അല്ലേ? അതായത് ജമാഅത്തിന്റെ സ്ഥിരമായ ഉദ്യോഗസ്ഥൻ എന്ന നിലയിൽ പ്രവർത്തിക്കുന്നു ണ്ടോ, ഇല്ലേ? വഖ്ഫെ സിന്ദഗി തന്റെ എല്ലാ വാക്കും പ്രവൃത്തിയും വഖ്ഫെസിന്ദഗിയുടെ ഉന്നതമായ നിലവാരമനുസരിച്ച് ആയിരിക്കേണ്ടതാണ്. അതിൽ ഏറ്റവും വലിയ കാര്യം തഖ്‌വയാണ്. അതിനെ എപ്പോഴും നിങ്ങളുടെ മുമ്പിൽ വെക്കുക. നമ്മൾ തഖ്‌വയിൽ നിലകൊള്ളേണ്ടതാണ്. എല്ലാ ജോലിയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ചെയ്യേണ്ടതാണ്.

............ പ്രത്യേകിച്ചും ഈ സമൂഹത്തിൽ. സ്വാതന്ത്ര്യത്തിന്റെ ഈ കാലഘട്ടത്തിൽ. അതിന്റെ പേരിൽ ധാർമികതയുടെ വഴിതെറ്റിയുള്ള പോക്കും എല്ലായിടത്തും നമ്മൾ കാണുന്നു. ഇതിൽ നാം നമ്മെ എല്ലാതരത്തിലും കാത്തുസൂക്ഷിച്ചുവെക്കേണ്ടതാണ്. ഒരു മാതൃക സ്ഥാപിക്കേണ്ടതാണ്. മറ്റു യുവാക്കളും കുട്ടികളും നമ്മളെ കണ്ട് നമ്മളിൽനിന്ന് മാതൃക സ്വീകരിക്കണം. ഇപ്രകാരംതന്നെ നമ്മൾ എല്ലാ അഹ്മദികളും കുട്ടികളും ചെറുപ്പക്കാരും ഒരു സൽമാതൃകയായിക്കൊണ്ട് അവരുടെ പരിഷ്കരണത്തിന് കാരണക്കാരാകേണ്ടതാണ്. ഇക്കാര്യം എപ്പോഴും ഓർമവെക്കണം. നമ്മൾ നമ്മുടെ ജീവിതം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളുടേയും നിർദ്ദേശങ്ങളുടേയും വെളിച്ചത്തിൽ യഥാർഥമായ ഇസ്‌ലാമിക മാതൃകയനുസരിച്ച് നയിക്കേണ്ടതാണ്. ഇത് സാധ്യമാകുന്നത് നമ്മൾ എപ്പോഴും ഖിലാഫത്തുമായി കൂറുപുലർത്തുമ്പോഴാണ്. ബന്ധം വെക്കുമ്പോഴാണ്. കാലത്തിന്റെ ഖലീഫയുടെ ഓരോ ഉപദേശങ്ങളുമനുസരിച്ച് പൂർണമായും പരിശ്രമിക്കുമ്പോഴാണ്. നിങ്ങൾ ഇങ്ങനെ ചെയ്യുകയാണെങ്കിൽ നിങ്ങൾ വഖ്ഫെനൗ എന്ന നിലയിൽ അല്ലാഹുവുമായി ചെയ്തിട്ടുള്ള അല്ലെങ്കിൽ നിങ്ങളുടെ മാതാപിതാക്കൾ നിങ്ങൾ ജനിക്കുന്നതിനു മുമ്പേ നിങ്ങളെ വഖ്ഫെ ചെയ്തുകൊണ്ടു ചെയ്തിട്ടുള്ള ആ പ്രതിജ്ഞ നിറവേറ്റുന്നവരാകും.' (ഇസ്മായീൽ ത്രൈമാസിക, നമ്പർ 1, 2012 ഏപ്രിൽ-ജൂൺ, പേജ് 5-6)

ഇപ്രകാരംതന്നെ അമീറുൽ മുഅ്മിനീൻ ഒരു പ്രഭാഷണത്തിൽ ഒരു വഖ്ഫെനൗഇന്റെ പ്രത്യേകതകൾ വിവരിച്ചുകൊണ്ട് നമ്മളോട് പറഞ്ഞു: ഓരോ വഖ്ഫെനൗവിനും തന്റേതായ ചില ഉത്തരവാദിത്തങ്ങൾ ഉണ്ട്. അവർ തങ്ങളുടെ നിത്യജീവിതത്തെ അല്ലാഹുവിന്റെ വഴിയിൽ വഖ്ഫ് ചെയ്തുകൊണ്ട് അന്തസ്സോടുകൂടി ജീവിതം വാർത്തെടുക്കേണ്ടതാണ്. അതിന് അത്യാവശ്യമായിട്ടുള്ളത് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുക എന്നതാണ്. കഴിഞ്ഞുപോകുന്ന ഓരോ ദിവസവും അവനിൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)ന്റെ സ്നേഹത്തിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടുപോകുന്നതാകണം. അതിനോടൊപ്പം സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള കൂറും ഖിലാഫത്തിനോടുള്ള അനുസരണവും നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമായിരിക്കണം. ജമാഅത്തിന്റെ വ്യവസ്ഥിതി നിങ്ങളുടെ ദൃഷ്ടിയിലും നിങ്ങളുടെ ജീവിതത്തിലും മറ്റെല്ലാ വസ്തുക്കളേക്കാളും പ്രിയങ്കരവും മുന്തിയതുമായിരിക്കേണ്ടതാണ്. അപ്പോൾ മാത്രമായിരിക്കും നിങ്ങളിൽ ആ പ്രത്യേകതകൾ ഉണ്ടായിരിക്കുന്നത്. അതുമുഖേന നിങ്ങൾ വഖ്ഫെ നൗഇന്റെ മഹത്തായ ഉത്തരവാദിത്തങ്ങളെ മനോഹരമായ നിലയിൽ പൂർത്തിയാക്കാൻ അർഹരായിത്തീരും. ഞാൻ മുമ്പേയും പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. നിങ്ങൾ നിങ്ങളുടെ ജീവിതത്തെ ഈ രീതിയിൽ വാർത്തെടുക്കേണ്ടതാണ്. ഇസ്‌ലാമിന്റെ യഥാർഥമായ അധ്യാപനം നമ്മളിൽനിന്ന് ഇത് ആവശ്യപ്പെടുന്നു. നിങ്ങൾ നില്ക്കുമ്പോൾ അല്ലെങ്കിൽ ഇരിക്കുമ്പോൾ അല്ലെങ്കിൽ ഏതെങ്കിലും സഭയിലായിരിക്കുമ്പോൾ അല്ലെങ്കിൽ എവിടെയെങ്കിലും ചുറ്റിക്കറങ്ങി നടക്കുന്നത് കാണുമ്പോൾ നിങ്ങളുടെ ജീവിതരീതി വ്യക്തമായ നിലയിൽ നല്ലതായിരിക്കണം. ഉത്തമമായ ഗുണങ്ങളുടെ പ്രതീകമായിരിക്കണം. ഇല്ലെങ്കിൽ നിങ്ങളുടെനേരെ ആളുകൾ കൈചൂണ്ടുന്നതായിരിക്കും. ഈ വഖ്ഫെനൗഇന്റെ സ്വഭാവങ്ങളും പെരുമാറ്റവും ഉന്നതനിലവാരത്തിലുള്ളതല്ലെന്ന് അവർ പറയും. (പ്രസംഗം, 2011 ഫെബ്രുവരി 26, വാഖ്ഫെനൗ ഇജ്തിമ, യു.കെ)

തുടർന്ന് പറഞ്ഞു: എപ്പോഴും നിങ്ങൾ നിങ്ങളുടെ വഖ്ഫെനൗവിന്റെ പ്രതിജ്ഞ ഓർമവെക്കേണ്ടതാണ്. ഈ പ്രതിജ്ഞ അദൃശ്യങ്ങൾ അറിയുന്നതായ അല്ലാഹുവിന്റെ മുമ്പിൽ ചെയ്തിട്ടുള്ളതാണെന്ന കാര്യം ഓർക്കുക. അവനിൽനിന്ന് ഒന്നും മറഞ്ഞിരിക്കുന്നില്ല. അവൻ നിങ്ങളുടെ എല്ലാ കർമങ്ങളും കണ്ടുകൊണ്ടിരിക്കുന്നു. അല്ലാഹു നിങ്ങളോട് ചോദിക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. നിങ്ങൾ ചെയ്ത വാഗ്ദാനത്തെ സംബന്ധിച്ച് നിങ്ങൾ ചോദിക്കപ്പെടുന്നതാണ്. അതുകൊണ്ട് വാഖ്ഫീനെ നൗഇന്റെമേൽ ഇടപ്പെട്ടിരിക്കുന്ന വളരെ വലിയ ഉത്തരവാദിത്തമാണിത്. അത് പൂർത്തിയാക്കുന്നതിനുവേണ്ടി നിങ്ങൾ അതിന്റെ പ്രാധാന്യവും അതിന്റെ ഉത്തരവാദിത്തവും മനസ്സിലാക്കേണ്ടതാണ്. നിങ്ങളിൽനിന്ന് ഒരുപാടാളുകൾ എത്രയും വേഗം കർമപരമായ ജീവിതത്തിൽ ചുവട് വെക്കുന്നതായിരിക്കും. അല്ലെങ്കിൽ വെച്ചുകഴിഞ്ഞിട്ടുള്ളവരായിരിക്കും. ജമാഅത്തിനുവേണ്ടി ജോലി തുടങ്ങിയിട്ടുള്ളവരായിരിക്കും. അല്ലെങ്കിൽ ആദ്യം മുതലേ തുടങ്ങിക്കഴിഞ്ഞിട്ടുള്ളവരായിരിക്കും. അതുകൊണ്ട് നിങ്ങൾ നിത്യവും ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടത് നിർബന്ധമാണ്. നിങ്ങൾ യഥാർഥത്തിൽ നിങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നുവോ എന്ന് നോക്കുക. നിങ്ങൾ അല്ലാഹുവിന്റെ അടുക്കൽ ആയിക്കൊണ്ടിരിക്കുകയാണോ? തഖ്‌വയുടെ വഴികളെ സ്വീകരിച്ചുകൊണ്ടിരിക്കുകയാണോ? ഈ ചോദ്യങ്ങളുടെ മറുപടി ഇല്ലായെന്നാണെങ്കിൽ പിന്നീട് ജമാഅത്തിന് നിങ്ങൾ വഖ്ഫെനൗ ആയതുകൊണ്ട് ഒരു ഫലവുമില്ല.' (പ്രസംഗം, 2012 മെയ് 6, വാഖ്ഫെനൗ ഇജ്തിമ, യു.കെ)

പ്രിയ സഹോദരന്മാരേ, നമ്മുടെ പ്രിയപ്പെട്ട ഇമാം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നമ്മുടെ ക്ലാസിൽ ഇന്ന് പങ്കെടുക്കുന്നുവെന്നത് നമുക്ക് കിട്ടിയ വലിയ ഭാഗ്യമാണ്. ഹദൂർ നമുക്ക് നിർദ്ദേശങ്ങൾ നല്കുന്നു. ഇതനുസരിച്ച് പ്രവർത്തിച്ച് നമ്മൾ നമ്മുടെ ഭാവിയിലെ കനപ്പെട്ട ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ കഴിവുള്ളവരാകേണ്ടതാണ്. അമീറുൽ മുഅമിനീൻ ഒരു പ്രഭാഷണത്തിൽ ഇത്തരം ഉപദേശങ്ങൾ നല്കിക്കൊണ്ട് പറഞ്ഞു: "ഇക്കാലത്ത് ഇസ്‌ലാമിന്റെമേൽ എല്ലാ ദിക്കുകളിൽനിന്നും ആക്രമണം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇസ്‌ലാമിന്നെതിരിൽ ധാരാളം പറയുകയും എഴുതുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇതേരീതിയിൽ നിങ്ങൾക്ക് ഇസ്‌ലാമിനെതിരിലുള്ളവരെ പ്രതിരോധിക്കുന്നതിനുവേണ്ടി എഴുന്നേറ്റുനില്ക്കേണ്ടതായി വരും. ഓരോ വ്യക്തിയും ഇസ്‌ലാമികാധ്യാപനങ്ങളെ സംരക്ഷിക്കുന്നതിൽ പൂർണമായ പങ്കുവഹിക്കേണ്ടതാണ്. എന്നാൽ, ഒരു വഖ്ഫെനൗഇന്റെ പങ്ക് മറ്റുള്ളവരേക്കാൾ വ്യക്തമായിരിക്കേണ്ടതാണ്. തങ്ങളുടെ മക്കളുടെ ജീവിതത്തിന്റെ ഓരോ നിമിഷവും ഇസ്‌ലാമിന്റെ സേവനത്തിന് വഖ്ഫായിരിക്കുമെന്ന് വഖ്ഫെനൗ കുട്ടികളുടെ മാതാപിതാക്കൾ പ്രതിജ്ഞ ചെയ്തിട്ടുള്ളതാണ് അതിനു കാരണം. പിന്നീട് 15 വയസ് എത്തിക്കഴിഞ്ഞതിനുശേഷം ഓരോ ദിവസവും ദീനീസേവനത്തിൽ കഴിച്ചുകൂട്ടുമെന്നുള്ള പ്രതിജ്ഞ നിങ്ങൾ പുതുക്കിയിരിക്കുകയാണ്. അതിനാൽ നിങ്ങളുടെ പ്രതിജ്ഞയെ പൂർത്തീകരിച്ചുകൊണ്ട് ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കുക. ഈ പാശ്ചാത്യ സമൂഹത്തിൽ -അതിലാണല്ലോ നിങ്ങൾ താമസിക്കുന്നത്- നിങ്ങൾ നിങ്ങളെ വെളിച്ചത്തിന്റെ ദീപമാക്കുക. അതിൽ ഭൗതികമായ അസൂയകളോ ഭൗതികമായ കളിതമാശകളുടെ എന്തെങ്കിലും അംശമോ ഉണ്ടാകാൻ പാടില്ല. മറിച്ച് യഥാർഥത്തിൽ നിങ്ങൾ നിങ്ങളുടെ ആത്മീയമായ പ്രകാശത്താൽ പ്രകാശപൂരിതമായിക്കൊണ്ട് നിങ്ങളുടെ കൈത്തിരിയാകേണ്ടതാണ്.

ഞാൻ ദുആ ചെയ്യുന്നു: ഈ പ്രകാശം നിങ്ങളുടെ എല്ലാവരുടേയും ജീവിതങ്ങളിൽ ഉണ്ടാകുമാറാകട്ടെ. നിങ്ങൾക്ക് ഇതിൽ വിജയം കരസ്ഥമാക്കിയാൽ ഇൻശാഅല്ലാഹ് എന്റേയും വരുന്ന ഖലീഫമാരുടെയും ആശങ്കകളെ അകറ്റുന്നവരായിത്തീരുന്നതാണ്. കാരണം ദീപത്തിൽനിന്നാണ് ദീപം ജ്വലിക്കുന്നത്. അതായത് മാതൃക കണ്ടുകൊണ്ട് മാതൃക സ്വീകരിക്കപ്പെടുന്നു. നിങ്ങളിൽ വലിയവരുണ്ടല്ലോ അവർ വാഖ്ഫീനെനൗ പദ്ധതിയുടെ ആദ്യത്തെ വിളയാണ്. അതുകൊണ്ട് നിങ്ങൾ മാതൃക കാണിക്കേണ്ടത് നിർബന്ധമാണ്. നിങ്ങൾ നല്ല ചായ്‌വുകളുടെ അടിത്തറയിടുന്നവരായി മാറുക. ഞാൻ നിങ്ങളോട് പറയുന്നു മുന്നോട്ടു ഗമിക്കുക. നല്ല നല്ല രീതികൾ അവലംബിക്കുന്നവരാകുക. നേതാക്കന്മാരാകുക. നിങ്ങൾ ഏത് മൈതാനത്ത് പ്രവർത്തിക്കുന്നവരായാലും മുറബ്ബിയാകട്ടെ, ഡോക്ടറാകട്ടെ, ടീച്ചറാകട്ടെ, ചരിത്രകാരനാകട്ടെ, കൃഷിയിൽ നൈപുണ്യമുള്ളവരാകട്ടെ, ശാസ്ത്രജ്ഞരാകട്ടെ ഏതു മൈതാനത്തിറങ്ങിയാലും നിങ്ങളുടെ ഉന്നതമായ പ്രവർത്തനത്തിന്റെ തിളക്കം കാണിക്കുക. നിങ്ങളുടെ നിലവിലുള്ള തലമുറ മാത്രമല്ല മറിച്ച് ഭാവിയിൽ വരുന്ന തലമുറകളും നിങ്ങൾക്കുവേണ്ടി ദുആ ചെയ്യുംവിധമുള്ള മാതൃക കാണിക്കുക. അല്ലാഹു നിങ്ങൾക്ക് ഈ ഉത്തരവാദിത്തങ്ങൾ നല്ലനിലയിൽ പൂർത്തീകരിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. (പ്രസംഗം, 2011 ഫെബ്രുവരി 26, വാഖ്ഫെനൗ ഇജ്തിമ, യു.കെ)

**ചോദ്യോത്തരം:**

അതിനുശേഷം അമീറുൽ മുഅ്മിനീൻ വഖ്ഫെനൗ ഖുദ്ദാമിന് ചോദ്യം ചോദിക്കാനുള്ള അനുവാദം ന

EDITOR
H.Shamsuddin
Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 14 September 2017 Issue-37

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 300/- (Per Issue : Rs. 6/-) (**WEIGHT** - 20-50 gms/issue)

ല്കി. ഒരു വഖ്ഫെനൗ ചോദിച്ചു. ഇസ്‌ലാമിന്റെ ആക്ഷേപകർ വിശുദ്ധഖുർആനിൽ യുദ്ധത്തെക്കുറിച്ച് പറഞ്ഞിട്ടുള്ള വചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് ആക്ഷേപിക്കാറുണ്ട്. ഞങ്ങൾ അതിന് ഈ മറുപടിയാണ് നല്കുന്നത്. മക്കയിലെ അവിശ്വാസികൾ മുസ്‌ലിംകളുടെമേൽ അക്രമം ചെയ്തപ്പോഴാണ് ഈ ആയത്ത് ഇറങ്ങിയത്. നബി(സ)തിരുമേനിയേയും മറ്റു മുസ്‌ലിംകളേയും മക്കയിൽനിന്ന് പുറത്താക്കി. പിന്നീട് മദീനയിലും അവർക്ക് സമാധാനം നല്കിയില്ല. അപ്പോഴാണ് അല്ലാഹു പ്രതിരോധത്തിന് അനുവാദം നല്കിക്കൊണ്ട് ഈ ആയത്തുകൾ ഇറക്കിയിട്ടുള്ളത്. ഞങ്ങൾ ഇങ്ങനെ പറയുമ്പോൾ ആക്ഷേപകർ പറയുന്നു, നിങ്ങളുടെ വാദം വിശുദ്ധ ഖുർആനിന്റെ അധ്യാപനം എന്നന്നേക്കുമുള്ളതാണെന്നാണ്. ഇന്നും ഖുർആനിക അധ്യാപനം നിത്യജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് മാർഗദർശനം നല്കുന്നു. ഈ അവസ്ഥയിൽ ഈ വചനങ്ങൾക്ക് ഇപ്പോഴുള്ള ജീവിതവുമായി എന്താണ് ബന്ധം?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇസ്‌ലാമിന്റെമേൽ ആക്ഷേപമുന്നയിക്കുന്നവരോട് പറയുക, വിശുദ്ധഖുർആനിൽ രണ്ടായിരത്തിലേറെ വചനങ്ങൾ ജിഹാദിനെക്കുറിച്ച് പറഞ്ഞതായിട്ട് കാണുന്നുണ്ട്. ഒന്നാമത്തേത് ജിഹാദും യുദ്ധവും തമ്മിൽ വ്യത്യാസമുണ്ട്. എല്ലാ ജിഹാദും യുദ്ധമല്ല. യഥാർഥ യുദ്ധം കൊലയാണ്. മറുഭാഗത്ത് ബൈബിളിൽ വിശുദ്ധഖുർആനെ അപേക്ഷിച്ച് ഏകദേശം മൂന്നിരട്ടി അതായത് അയ്യായിരത്തിലോ അതിലധികമോ വചനമുണ്ട്. അതിൽ ബലാൽക്കാരത്തേയും യുദ്ധത്തേയും കൊലയേയും കൊള്ളയേയും സംബന്ധിച്ച് കല്പന നല്കപ്പെട്ടിരിക്കുന്നു. പിന്നീട് ഇഞ്ചീലിനെ സംബന്ധിച്ച് പറയുന്നത് അതിന്റെ അധ്യാപനം ഒരു കരണത്തടിച്ചാൽ മറ്റേ കരണവും കാണിച്ചുകൊടുക്കുക എന്നതാണെന്ന്. അതിലും ഇരുന്നൂറ്റി തൊണ്ണൂറോ അല്ലെങ്കിൽ അതിലധികമോ വചനങ്ങൾ ഇത്തരം അധ്യാപനങ്ങളുടേതായിട്ടുണ്ട്. ഇത് പ്രത്യുത്തരപരമായ മറുപടിയാണ്. അമീറുൽ മുഅ്മിനീൻ പറഞ്ഞു: രണ്ടാമത്തെ കാര്യം 13 വർഷംവരെ നബി(സ)യുടെമേൽ അക്രമം ചെയ്തുകൊണ്ടിരുന്നു. പക്ഷേ, അല്ലാഹു യുദ്ധം ചെയ്യാൻ അനുവാദം നല്കിയിരുന്നില്ല. എന്നാൽ, അക്രമങ്ങൾ പാരമ്യതയിലെത്തിയപ്പോൾ നബി(സ) തിരുമേനി ഹിജ്റത്ത് ചെയ്തു. ഹിജ്റത്ത് ചെയ്തതിനു ഒന്നര വർഷം കഴിഞ്ഞ് മക്കയിലെ അവിശ്വാസികൾ അക്രമം അഴിച്ചുവിട്ടു. അപ്പോഴാണ് മുസ്‌ലിംകൾക്ക് പ്രതിരോധിക്കാനുള്ള അനുവാദം നല്കിക്കൊണ്ട് ആയത്തിറങ്ങിയത്. ഹജ്ജ് എന്ന അധ്യായത്തിലെ 40, 41 വചനങ്ങളിലാണ് യുദ്ധം ചെയ്യാനുള്ള കല്പനയുള്ളത്. മതത്തെ സംരക്ഷിക്കുന്നതിനുവേണ്ടി യുദ്ധം ചെയ്യുക. ഈ വചനങ്ങളിൽ എഴുതിയിട്ടുള്ളത് എതിരാളികൾ ആക്രമിക്കുമ്പോൾ ക്രിസ്ത്യൻ പള്ളിയോ ജൂതപള്ളിയോ അമ്പലമോ മറ്റേതെങ്കിലും മസ്ജിദോ അവശേഷിക്കുകയില്ലെന്നാണ്. അനുവാദം കിട്ടിയപ്പോൾ എല്ലാ മതങ്ങളേയും സംരക്ഷിക്കുന്നതിനുള്ള അനുവാദമാണ് കിട്ടിയത്. അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇതിൽനിന്ന് സ്ഥാപിതമാകുന്നത് യഥാർഥമായ ഇസ്‌ലാമിക ചരിത്രമാണ്. ചില ഓറിയന്റലിസ്റ്റുകൾ തങ്ങളുടെ ചരിത്രം രചിച്ചുകൊണ്ട് ഇസ്‌ലാം ആക്രമണം നടത്തി എന്ന് പറുന്നുണ്ട്. വാസ്തവത്തിൽ ഇസ്‌ലാം ഒരിക്കലും ആക്രമണം നടത്തിയിട്ടില്ല. ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി മുസ്‌ലിംകളുടെമേൽ എതിരാളികൾ അക്രമം നടത്തുന്നതുവരെ നബി(സ) തിരുമേനി മറുപടി നല്കിയില്ല. അതുകൊണ്ടാണ് ഇത്തരത്തിലുള്ള ഒരു യുദ്ധത്തിൽനിന്ന് തിരിച്ചുവരുമ്പോൾ നബി(സ) പറഞ്ഞത്, നമ്മൾ ഇപ്പോൾ ചെറിയ ജിഹാദിൽനിന്ന് വലിയ ജിഹാദിലേക്കാണ് വന്നുകൊണ്ടിരിക്കുന്നതെന്ന്. അത് വിശുദ്ധഖുർആനിന്റെ അധ്യാപനങ്ങളെ പ്രചരിപ്പിക്കുക എന്നതാണ്. പ്രബോധനം നടത്തുക എന്ന ജിഹാദാണ്. പിന്നീട് ഹുദയ്ബിയ സന്ധിക്കുശേഷം സമാധാനത്തോടും ശാന്തിയോടുമുള്ള കുറച്ചുകാലം കഴിഞ്ഞുപോയി. അതിനിടയിൽ ഇസ്‌ലാം യുദ്ധത്തിന്റെ കാലത്തെ അപേക്ഷിച്ച് ഒരുപാട് വ്യാപിച്ചു. അതുകൊണ്ട് യുദ്ധം കൊണ്ടോ അല്ലെങ്കിൽ ബലാൽക്കാരം കൊണ്ടോ ഇസ്‌ലാം പ്രചരിച്ചിട്ടില്ല.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇതിനുശേഷം ഹദ്റത്ത് ഉമർ (റ)ന്റെ ഖിലാഫത്ത് കാലത്ത് ഇറാൻ, ആക്രമണം നടത്തിയപ്പോൾ അവിടന്ന് അവരുടെ ആക്രമണങ്ങൾക്ക് മാത്രമല്ല മറുപടി നല്കിയത്. മുസ്‌ലിം സൈന്യം ഇറാന്റെ ബോർഡിൽ ചെന്നിരുന്നപ്പോൾ ആ നേരത്തും ഇറാൻ സൈന്യം ആക്രമണം നടത്തിക്കൊണ്ടിരുന്നു. ഹദ്റത്ത് ഉമർ(റ) തന്റെ സൈനികരോടും കമാന്റർമാരോടും പറഞ്ഞു, നിങ്ങൾ ഈ രീതിയിൽ അവരുടെ ഉള്ളിൽ കയറി അവരുടെമേൽ ആക്രമണം നടത്താതെ അവരെ പ്രതിരോധിക്കുക. പക്ഷേ, ആവർത്തിച്ചാവർത്തിച്ച് ഇറാനികളുടെ ആക്രമണം ഉണ്ടായപ്പോൾ ഹദ്റത്ത് ഉമർ(റ) ചോദിച്ചു എന്തുകൊണ്ടാണ് ആവർത്തിച്ചാവർത്തിച്ച് ആക്രമണം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ആ നേരത്ത് കമാന്റർ പറഞ്ഞു: അവരുടെമേൽ ആക്രമണം നടത്തരുതെന്ന് പറഞ്ഞ് അങ്ങ് ഞങ്ങളുടെ കൈകൾ തടയുകയാണ്. അതിനുശേഷം ഖാദ്സിയ യുദ്ധമുണ്ടായി. അത് മുസ്‌ലിംകളുടെമേൽ അക്രമം ചെയ്തതിന്റെ ഫലമായിരുന്നു. പിന്നീട് മുസ്‌ലിം സൈന്യം മുന്നോട്ടുനീങ്ങിക്കൊണ്ടേപോയി. അവിടേയും ബലാൽക്കാരമായിട്ട് ആരേയും മുസ്‌ലിംകളാക്കിയില്ല. അമീറുൽ മുഅ്മിനീൻ പറഞ്ഞു: വിശുദ്ധഖുർആന്റെ അധ്യാപനം എക്കാലത്തേക്കുമുള്ളതാണല്ലോ എന്ന ചോദ്യമാണ് അവശേഷിക്കുന്നത്. ഇത് തികച്ചും ശരിയാണ്. വിശുദ്ധഖുർആനിൽ എക്കാലത്തേക്കുമുള്ള അധ്യാപനമുണ്ട്. വിശുദ്ധഖുർആൻ ചെറുതിൽ ചെറുതായ സാധ്യതകൾ തുടങ്ങി വലുതിൽ വലുതായ സാധ്യതകൾവരെ കവർ ചെയ്യുന്നുണ്ട്. വലിയ സാധ്യതകളെ കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ചെറിയ സാധ്യതകൾക്ക് ഒരു ശിക്ഷയും കൊടുക്കേണ്ട എന്ന് എവിടേയും എഴുതിയിട്ടില്ല. അല്ലെങ്കിൽ വലിയ സാധ്യതകളുടെ അവസ്ഥ ഉണ്ടായില്ല ചെറിയ സാധ്യതകളുടെ അവസ്ഥയുമില്ല എന്നുമല്ല. ഇത് ഒരു സമ്പൂർണവും ഈിറ്റുലവലിശ്ലേവുമായിട്ടുള്ള ശരീഅത്താണ്.അത് എല്ലാ സാധ്യതകളേയും ഉൾക്കൊണ്ടിരിക്കുന്നു. വിശുദ്ധഖുർആനിൽ വന്നിരിക്കുന്നു, അത്തരം അവസ്ഥയുണ്ടായാൽ നിങ്ങൾ യുദ്ധം ചെയ്യേണ്ടതാണ്. വിശുദ്ധഖുർആൻ നബിതിരുമേനിയുടെമേൽ ഇറങ്ങിയതാണ്. ബുഖാരിയിലെ ഹദീഥിലുണ്ട്. നബി(സ) തിരുമേനി മസീഹും മഹ്ദിയും വരുന്നതിനെക്കുറിച്ചുള്ള പ്രവചനം ചെയ്തപ്പോൾ മസീഹ് യുദ്ധം നിറുത്തും എന്നും എഴുതിയിട്ടുണ്ട്. ഏതുതരത്തിലുള്ള യുദ്ധങ്ങളാണ് അവസാനിപ്പിക്കുന്നത്. മതയുദ്ധങ്ങളാണ് അവസാനിപ്പിക്കുന്നത്. അതിന്റെ ഉദ്ദേശ്യം അക്കാലത്ത് മതപരമായ യുദ്ധം ഉണ്ടാവുകയില്ല എന്നാണ്. ശത്രുവിന്റെ ഭാഗത്തുനിന്ന് ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി നബിതിരുമേനിയുടെ കാലത്ത് അവിശ്വാസികൾ ചെയ്തിരുന്നതുപോലെയുള്ള ആക്രമണങ്ങൾ ഉണ്ടാവുകയില്ല. അല്ലെങ്കിൽ ഇറാനികളോ മറ്റുള്ളവരോ ചെയ്തതുപോലുള്ള യുദ്ധമുണ്ടാവുകയില്ല. ക്രിസ്ത്യാനികളും മുസ്‌ലിംകളോട് യുദ്ധം ചെയ്തിരുന്നു. അതുകൊണ്ട് വിശുദ്ധഖുർആൻ എക്കാലത്തേക്കുമുള്ളതാണെന്ന് പറയുന്നത് തികച്ചും ശരിയാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി. ഈസാ മസീഹ് യുദ്ധങ്ങൾ അവസാനിപ്പിക്കുന്നതാണ്. ഒരിടത്ത് പറഞ്ഞു, ആരാണോ യുദ്ധത്തിന് പോകുന്നത് അവർ അവിശ്വാസികളിൽനിന്ന് കഠിനമായി അപമാനിക്കപ്പെടുന്നാതാണ്. കാരണം നബി(സ) തിരുമേനി മസീഹിനെ കുറിച്ച് പറഞ്ഞത് യളഉൽ ഹർബ് എന്നാണ്. അതുകൊണ്ട് ഇപ്പോൾ നിങ്ങൾ യുദ്ധത്തിനുവേണ്ടി പോവുകയാണെങ്കിൽ നിങ്ങൾക്ക് അവിശ്വാസികളിൽനിന്ന് നഷ്ടം വഹിക്കേണ്ടതായിവരും. കാരണം ഇസ്‌ലാമിനുമേലുള്ള ആക്രമണം മതപരമായ നിലയിൽ ഉണ്ടാകേണ്ടതുപോലെയല്ല ഉണ്ടാകുന്നത്. അല്ലാഹു യുദ്ധം ചെയ്യാൻ പറഞ്ഞതും ജിഹാദ് ചെയ്യാൻ പറഞ്ഞതുമായിടത്ത് അതിനോടൊപ്പം നിങ്ങൾ വിജയിക്കുമെന്നും പറഞ്ഞിട്ടുണ്ട്. ഈ സമയത്ത് ഏത് മുസ്‌ലിം രാജ്യമാണ് വിജയം വരിക്കുന്നത്. മുസ്‌ലിംകൾ ഏത് യുദ്ധം ചെയ്താണ് വിജയങ്ങൾ കരസ്ഥമാക്കുന്നത്. അതിന്റെ ഉദ്ദേശ്യം ഇത് ജിഹാദല്ല. ഈ യുദ്ധം അല്ലാഹുവിന്റെ പേരിലുമല്ല. യഥാർഥ കാര്യമെന്താണെന്നുവെച്ചാൽ മസീഹ് വരുമ്പോൾ സമാധാനവും സ്നേഹവും പ്രീതിയും പ്രചരിപ്പിക്കപ്പെടുന്നതാണ്. ഏതുപോലെ ആദ്യം വന്ന മസീഹ് പ്രചരിപ്പിച്ചുവോ! ആദ്യത്തെ മസീഹിന്റെ അധ്യാപനം പ്രീതിയും സ്നേഹവും സമാധാനവുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഞാനും തേ മസീഹിന്റെ കാലടികളിലൂടെയാണ് വന്നിട്ടുള്ളത്. അത് മസീഹെ മൂസവിയായിരുന്നു. ഞാൻ മസീഹെ മുഹമ്മദിയാണ്. ഞാനും സ്നേഹവും പ്രീതിയും പ്രകടിപ്പിക്കേണ്ടതുണ്ട്. അതുകൊണ്ട് ഈ യുദ്ധം അവസാനിച്ചിരിക്കുന്നു. ആ ഏതെങ്കിലും നേരത്ത് ഇസ്‌ലാമിന്റെമേൽ മതപരമായ നിലയിൽ ആക്രമണം ഉണ്ടാവുകയാണെങ്കിൽ ഇസ്‌ലാമിനെ നശിപ്പിക്കുന്നതിനുവേണ്ടി ശ്രമമുണ്ടായാൽ അപ്പോൾ ജിഹാദിനെ കുറിച്ച് പറഞ്ഞ വചനങ്ങൾ നടപ്പിൽ വരുന്നതായിരിക്കും. പക്ഷേ, ഇക്കാലത്ത് ആ പരിതസ്ഥിതിയില്ല. അതുകൊണ്ടാണ് ഈ ആയത്തുകൾ നടപ്പിലാക്കാത്തത്. നിയമമുണ്ടാക്കപ്പെടുക്കുകയും രാജ്യത്തിന് നിയമങ്ങളുണ്ടാകുകയും ചെയ്യുമ്പോൾ അതിന്റെ ഉദ്ദേശ്യം എല്ലാ പൗരനേയും പിടിച്ച് ശിക്ഷിക്കുക എന്നതല്ല. അല്ലെങ്കിൽ തൂക്കിലേറ്റുക എന്നതല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: യുദ്ധം മാറ്റിവെക്കപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടാണ് മാറ്റിവെക്കപ്പെട്ടത്. ഇസ്‌ലാമിന്റെമേൽ മതാക്രമണം ഇപ്പോഴുണ്ടാകുന്നില്ല. അതുണ്ടാകുമ്പോൾ വിശുദ്ധഖുർആനിന്റെ ആയത്തുകൾ നിങ്ങൾക്ക് ഇപ്പോൾ യുദ്ധം ചെയ്യാവുന്നതാണെന്ന കല്പന നമുക്ക് നല്കുന്നുണ്ട്. അതിന് അനുവാദം നല്കുന്നുണ്ട്. ഈ പരിതഃസ്ഥിതിയിൽ അല്ലാഹു വിജയവും നല്കുമെന്ന് വാഗ്ദാനം ചെയ്യുന്നു.(തുടരും)

(ബദ്ർ പത്രം 2017 ജൂൺ1,8)




Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin